# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



Vol. LXXV No. 10 October 2025

ഏലിയാ–സ്ലീവാ–മൂശെക്കാലങ്ങൾ

തൃശ്ശൂർ അതിരൂപതയുടെ
മുൻ അധ്യക്ഷന് മാതൃരൂപതയുടെ

# ആദരാഞ്ജലികൾ




മാർ ജേക്കബ് തൂങ്കുഴി പിതാവിന്
പാലാ രൂപതയുടെ ആദരാഞ്ജലികൾ


07.09.2025
സെന്റ് തോമസ് ചർച്ച്, പൂവത്തോട്




















01.09.2025









പാലാ രൂപത എപ്പാർക്കിയൽ യൂത്ത് അസംബ്ലിയിൽ സംബന്ധിച്ച്
യുവജനങ്ങളുമായി ചർച്ച നടത്തുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

11.09.2025









മുട്ടുചിറ ഹോളി ഗോസ്റ്റ് ഹോസ്പിറ്റലിലെ നവീകരിച്ച ചാപ്പലിന്റെ
വെഞ്ചരിപ്പുകർമ്മം നിർവഹിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്





10.09.2025



കടനാട് ഇടവകയിൽ നടന്ന
പാറേമ്മാക്കൽ മാർ തോമാ കത്തനാരുടെ 290-ാമത് ജന്മദിനാഘോഷത്തിൽ
പങ്കെടുക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

20.09.2025







അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന
SMRC വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്ത്
സന്ദേശം നൽകുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

18.09.2025








റൂബി ജൂബിലി ആഘോഷിക്കുന്ന കോട്ടയം SEERI യുടെ
(St. Ephrem Ecumenical Research Institute)
ആഘോഷപരിപാടിയിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്.

14.09.2025









കേരള കാർഡമം പ്ലാന്റേഴ്സ് അസോസിയേഷൻ വാർഷികസമ്മേളനത്തിൽ
അനുഗ്രഹപ്രഭാഷണം നടത്തുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**OCTOBER 2025**
**Vol. LXXV No. 10**

# CONTENTS


സർക്കുലർ ....................................................................679

സർക്കുലർ .................................................................... 685

സർക്കുലർ .................................................................... 695

സർക്കുലർ - 337 ........................................................ 699

സർക്കുലർ ..................................................................703

സർക്കുലർ ....................................................................704

സർക്കുലർ -338 ...........................................................705

സർക്കുലർ - 339 ..........................................................710

സർക്കുലർ - 336 ..........................................................713

അറിയിപ്പ് .....................................................................718

വാർത്തകൾ ....................................................................721

അഭിവന്ദ്യപിതാവിന്റെ ഡയറി ......................................... 758

Prot. No. 0711/2025

**സർക്കുലർ**

# സമുദായശക്തീകരണവർഷം 2026

**സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്**
**മാർ റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖ സഭയും ലോകവും തമ്മിലുള്ള ബന്ധം ഇങ്ങനെയാണ് അവതരിപ്പിക്കുന്നത്: സഭയും ലോകവും രണ്ടു വ്യത്യസ്തധ്രുവങ്ങളിൽ നില്ക്കുന്ന യാഥാർഥ്യങ്ങളല്ല. ലോകത്തിന്റെ മൂല്യക്രമമല്ല പിന്തുടരുന്നതെങ്കിലും സഭ ലോകത്തിലാണു നിലനില്ക്കുന്നത്. ലോകത്തെ ദൈവരാജ്യത്തിനായി തയ്യാറാക്കുകയാണ് സഭയുടെ ദൗത്യം. ആത്മീയശുശ്രൂഷകൾ പരികർമം ചെയ്യുന്നതിലൂടെ മാത്രം ഈ ദൗത്യം പൂർത്തിയാകുന്നില്ല. മനുഷ്യനന്മ കേന്ദ്രീകരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും സഭയുടെ ദൗത്യനിർവഹണത്തിന്റെ ഭാഗമാണ്. ദൈവികപദ്ധതിയനുസരിച്ചു മനുഷ്യസമൂഹത്തെ സത്യത്തിലും നീതിയിലും സ്നേഹത്തിലും ഉറപ്പിക്കാനുള്ള കടമയും അതിൽ ഉൾപ്പെടുന്നുണ്ട്. ദൈവജനത്തിന്റെ ഭൗതികാവശ്യങ്ങളിലും അനുദിന ജീവിതമേഖലകളിൽ അവർ നേരിടുന്ന വെല്ലുവിളികളിലും സഭയുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ ഉത്തരവാദിത്വനിർവഹണത്തിന്റെ ഭാഗമായി, സീറോമലബാർസഭാംഗങ്ങളുടെ സാമൂഹിക, സാംസ്കാരിക, സാമ്പത്തികപരിതഃസ്ഥിതിയെക്കുറിച്ചു യാഥാർഥ്യബോധ

ത്തോടെ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് 2025 ജനുവരിയിൽചേർന്ന സഭയുടെ മെത്രാൻസിനഡ് 2026 സമുദായശക്തീകരണവർഷമായി പ്രഖ്യാപിച്ചത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിയ നിയതമായ പഠനങ്ങൾക്കും ചർച്ചകൾക്കുംശേഷമാണു സീറോ മലബാർസഭയിൽ ഇപ്രകാരമൊരു വർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. സർക്കാർതലത്തിലും സഭാതലത്തിലും സമീപകാലങ്ങളിൽ നടത്തപ്പെട്ട സർവേകളും പഠനറിപ്പോർട്ടുകളും സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിശദമായി പഠിച്ചു. ക്രൈസ്തവർ സമകാലികസമൂഹത്തിൽ ശ്രദ്ധപതിപ്പിക്കേണ്ട വിവിധ മേഖലകളെയും ഒരു സമൂഹമെന്നനിലയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയുംകുറിച്ചുള്ള പഠനങ്ങൾ സിനഡുസമ്മേളനങ്ങളിലും 2024 ഓഗസ്റ്റ്മാസത്തിൽ പാലായിൽ നടത്തിയ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിലും അവതരിപ്പിച്ചു. നമ്മുടെ ജനസംഖ്യയുടെ വളർച്ച, കാർഷികമേഖലയിലെ വെല്ലുവിളികൾ, സാമ്പത്തിക, വ്യാപാര, തൊഴിൽ മേഖലകളിലും സർക്കാരുദ്യോഗതലങ്ങളിലുമുള്ള നമ്മുടെ പ്രാതിനിധ്യം, വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹിക, മാധ്യമരംഗങ്ങളിലുള്ള നമ്മുടെ സാന്നിധ്യം, സർക്കാർപദ്ധതികളിലും ആനുകൂല്യങ്ങളിലും നമുക്കു ന്യായമായി ലഭിക്കേണ്ട വിഹിതം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ ഉയർന്നുവന്ന നിർദേശപ്രകാരമാണസമുദായശക്തീകരണവർഷം ആചരിക്കുന്നത്.

സമുദായം എന്ന പദം എന്തിനാണ് ഉപയോഗിക്കുന്നത്, സഭയെന്നുതന്നെ പറഞ്ഞാൽ മതിയാകുമല്ലോ എന്നു ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നാൽ, ക്രിസ്തീയസമൂഹത്തിന്റെ സാമൂഹികതലങ്ങളെ പ്രത്യേകമായി എടുത്തുകാണിക്കുന്നതിനും ഭൗതികമേഖലകളിൽ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനും സമുദായം എന്ന വാക്കാണ് കൂടുതൽ ഫലപ്രദം. ഒരു സഭയെന്നതിനൊപ്പം ഒരു സമുദായമായിക്കൂടി നമ്മെ മനസ്സിലാക്കുമ്പോഴാണ് പൊതുസമൂ

ഹത്തിൽ ഈ കൂട്ടായ്മയുടെ ആഭ്യന്തര കെട്ടുറപ്പും ഐക്യവും കൂടുതൽ ദൃഢമാകുന്നതും പോരായ്മകൾ കണ്ടെത്തി പരിഹരിക്കാനും പുതിയ മുന്നേറ്റങ്ങൾക്കു തുടക്കംകുറിക്കാനും നമുക്കു സാധിക്കുന്നതും. ചുരുക്കിപ്പറഞ്ഞാൽ സഭ എന്ന പദം ഉപയോഗിക്കുമ്പോൾ നമ്മുടെ സ്വാഭാവികചിന്തയിലേക്കു വരാത്ത സാമൂഹ്യജീവിതസാഹചര്യങ്ങൾശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് സമുദായം എന്ന വാക്കു ബോധപൂർവം ഉപയോഗിക്കുന്നത്. ഒരു ഹൃദയവും ഒരാത്മാവുമായിരുന്ന ആദിമക്രൈസ്തവസമൂഹത്തെയും (അപ്പ. 4:32) വിശ്വാസത്താൽ ഒരേ കുടുംബത്തിലെ അംഗങ്ങളായവർക്കു നന്മ ചെയ്യാനുള്ള (ഗലാ 6:10) പൗലോസ്ശ്ലീഹായുടെ ആഹ്വാനത്തെയും ധ്യാനിക്കുമ്പോൾ, പരസ്പരം സ്നേഹിച്ചും പിന്തുണച്ചും ആത്മീയമായും ഭൗതികമായും സഹായിച്ചും ഉദാത്തമായ ക്രിസ്തീയസാഹോദര്യത്തിൽ വളരുന്ന ഒരു സമുദായമായി നമ്മൾ മാറണമെന്ന ബോധ്യം കൈവരുന്നു.

സമുദായശക്തീകരണവർഷാചരണം ഫലപ്രദമായി സംഘടിപ്പിക്കാനുള്ള ചുമതല സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷയൊണ് സിനഡ് ഏല്പിച്ചിരിക്കുന്നത്. നമ്മുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഈ ദൗത്യത്തിൽ കമ്മീഷന്റെ പ്രധാന സഹകാരിയാണ്. നമ്മുടെ സഭയിലെ മെത്രാൻമാർ, വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, പാസ്റ്ററൽ, ഫൊറോനാ, പാരിഷ് കൗൺസിലുകൾ, മാതൃവേദി, എസ്.എം.വൈ.എം., മിഷൻലീഗ്, ഡി. സി.എം.എസ് തുടങ്ങിയ സഭാതല അല്മായസംഘടനകൾ, ഇവയ്ക്കു പുറമെയുള്ള രൂപതാതല സംഘടനകൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സ്കൂൾ, കോളജ് അധ്യാപകർ, ഉദ്യോഗസ്ഥർ, റിട്ട. ഉദ്യോഗസ്ഥർ, അഭിഭാഷകർ, ആരോഗ്യപ്രവർത്തകർ, കർഷകർ, വ്യാപാരിവ്യവസായികൾ എന്നിങ്ങനെ എല്ലാ തലത്തിലുമുള്ളവരുടെയും പൂർണമായ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടിയാണ് ഈ വർഷാചരണം നടത്താൻ ആഗ്രഹിക്കുന്നത്. സഭയിലെ

അല്മായരും സമർപ്പിതരും പട്ടക്കാരും മേൽപ്പട്ടക്കാരുമെല്ലാം ഈ സമുദായത്തിന്റെ ഭാഗംതന്നെയാണല്ലോ.

ഈ വർഷാചരണത്തിന്റെ കർമപദ്ധതി പ്രാരംഭഘട്ടം, പ്രായോഗികഘട്ടം, അനുബന്ധഘട്ടം എന്നിങ്ങനെ മൂന്നുഘട്ടങ്ങളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രാരംഭഘട്ടം ഇന്ന് ഈ സർക്കുലർവായനയോടുകൂടി ആരംഭിക്കുകയാണ്. 2025 ഡിസംബർമാസാവസാനംവരെയാണ് പ്രാരംഭഘട്ടത്തിനായി നീക്കിവച്ചിരിക്കുന്ന സമയം. ഈ ഘട്ടത്തിൽ സമുദായവിഷയങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് നടത്തേണ്ടത്. അത് വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, അല്മായർ എന്നിങ്ങനെ സഭയിലെ എല്ലാ തലങ്ങളിലുമുള്ളവർക്കായി നടത്തപ്പെടണം. രൂപതകൾ, ഇടവകകൾ, സെമിനാരികൾ, സമർപ്പിതസമൂഹങ്ങൾ, കോർപ്പറേറ്റ് മാനേജ്മെന്റുകൾ, അൺ എയ്ഡഡ് സ്കൂളുകൾ, കോളജുകൾ, ഇതര വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ തങ്ങളുടേതായ തലങ്ങളിൽ ബോധവത്കരണപരിപാടികൾ ക്രമീകരിക്കണം. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കെ.സി.എസ്.എൽ, സി.എസ്.എം. തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ ഇതു നടപ്പിലാക്കാൻ സാധിക്കും.

സമുദായബോധവത്കരണത്തിനു സഹായകമാകത്തക്ക വിധത്തിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ മനോഹരമായ ഒരു കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സമുദായശക്തീകരണകർമപദ്ധതിയുടെ വിശദാംശങ്ങൾ ഇതിലുണ്ട്. രൂപതകളിൽ റിസോഴ്സ് ടീം രൂപീകരിച്ച് കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ബോധവത്കരണപ്രവർത്തനങ്ങൾ നടത്തണം. ദീപിക, ഷെക്കെയ്നാ, ശാലോം, ഗുഡ്നെസ് തുടങ്ങി സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മുഖ്യധാരാമാധ്യമങ്ങളും ഓൺലൈൻമാധ്യമങ്ങളും ഈ ബോധവത്കരണപ്രക്രിയയിൽ സജീവപങ്കാളികളാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. സമുദായം നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുകയും അവയ്ക്കുള്ള പരിഹാരം കണ്ടെത്തുകയുമാണ് ഈ വർഷം ആചരിക്കുന്നതിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.

രണ്ടാംഘട്ടം പ്രായോഗികഘട്ടമാണ്. ഇത് 2026 ജനുവരി 6, ദനഹാത്തിരുനാളിൽ ഉദ്ഘാടനം ചെയ്യപ്പെടും. കൈപ്പുസ്തകത്തിൽ നിർദേശിച്ചിട്ടുള്ള കർമപദ്ധതികൾ പരമാവധി എല്ലാത്തലങ്ങളിലും നടപ്പാക്കിയെടുക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. അവയിൽ ചില കാര്യങ്ങൾ നമുക്ക് 2026 ൽത്തന്നെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കും. അതേസമയം, ചില കാര്യങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടവയും സാവധാനം ലക്ഷ്യത്തിലെത്തുന്നവയുമാണ്. സമുദായശക്തീകരണപ്രവർത്തനങ്ങൾ ഈ ഒരുവർഷംകൊണ്ട് അവസാനിപ്പിക്കേണ്ടവയല്ല, നിരന്തരം തുടരേണ്ടവയാണ്. അതിനാൽ, തുടർവർഷങ്ങളെ അനുബന്ധഘട്ടമായാണ് കണക്കാക്കുന്നത്. 2026 ലെ വർഷാചരണം സമുദായശക്തീകരണത്തിന്റെ പ്രാരംഭനടപടിയും പ്രായോഗികപരിശീലനവും മാത്രമാണ്.

ഈ വർഷാചരണത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് എല്ലാ രൂപതകളിലും ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഒരു വികാരി ജനറാളിന് വർഷാചരണത്തിന്റെ പ്രത്യേക ചുമതലയുണ്ടാകണം. അദ്ദേഹത്തിന്റെ കീഴിൽ ഒരു വൈദികൻ വർഷാചരണപ്രവർത്തനങ്ങളുടെ ഡയറക്ടറായും ഒരു അല്മായൻ കൺവീനറായും പ്രവർത്തിക്കണം. പ്രസ്തുത വികാരി ജനറാൾ ചെയർമാനായി രൂപതാതല സമുദായശക്തീകരണകമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റിയിൽ വൈദികർ, സമർപ്പിതർ, സംഘടനകൾ, മതാധ്യാപകർ തുടങ്ങി രൂപതയുടെ എല്ലാത്തലങ്ങളിലുമുള്ളവരുടെ പ്രതിനിധികൾ ഉണ്ടാകണം. ഫൊറോനാ, ഇടവകതലങ്ങളിലും ഈ കമ്മിറ്റിക്കു കീഴ്ഘടകങ്ങൾ ഉണ്ടാകണം. ഈ സുപ്രധാന കമ്മിറ്റിയാണ് വർഷാചരണപ്രവർത്തനങ്ങൾക്ക് അതതു രൂപതകളിൽ നേതൃത്വംനല്കേണ്ടത്. ഈ കമ്മിറ്റിയുടെ ചുമതലയിൽ റിസോഴ്സ് ടീം രൂപീകരിക്കുകയും ബോധവത്കരണം ഊർജിതമായി നടത്തുകയും ചെയ്യണം.

സമുദായശക്തീകരണവർഷാചരണത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ അവരവരുടെ തലങ്ങളിൽ പ്രത്യേകമായി താത്പര്യ

മെടുത്തു പ്രവർത്തിക്കണമെന്ന് നമ്മുടെ സഭയിലെ എല്ലാവരോടും ഞാൻ അഭ്യർഥിക്കുന്നു. പ്രവാസജീവിതത്തിൽനിന്നു മടങ്ങിയെത്തിയ ഇസ്രായേൽജനത്തോടു നെഹെമിയാ നടത്തിയ ആഹ്വാനം നമുക്ക് ഓർക്കാം: 'വരുവിൻ, നമുക്കു ജറുസലേമിന്റെ മതിൽ പണിയാം' (2:17). നെഹെമിയായുടെ ആഹ്വാനം സ്വീകരിച്ച ഇസ്രായേലിലെ ഓരോരുത്തരും താന്താങ്ങളുടെ ഭാഗം പണിതു നഗരമതിലിന്റെ പുനരുദ്ധാരണം പൂർത്തിയാക്കി. ഇതുപോലെ സമുദായത്തിലെ ഓരോ അംഗവും ഓരോ വിഭാഗവും താന്താങ്ങളുടെ കർമശേഷി പൂർണമായും ഉപയോഗിച്ചുകൊണ്ട്, കുടുംബക്കൂട്ടായ്മകളിലും ഇടവകകളിലും ഫൊറോനകളിലും രൂപതകളിലും സമുദായത്തെ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കുമ്പോൾ നമ്മുടെ സമുദായം മുഴുവൻ ശക്തിപ്പെടും; സമുദായശക്തീകരണവർഷാചരണം നീണ്ടുനില്ക്കുന്ന ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും.

നമ്മുടെ എല്ലാ സംരംഭങ്ങളിലും നമ്മുടെ കർത്താവിന്റെ അനുഗ്രഹവും കാരുണ്യവും ഉണ്ടായിരിക്കട്ടെ! നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമാതാവും മാർത്തോമാശ്ലീഹായും നമ്മുടെ സഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ഏറെ പ്രത്യേകമായി കേരളത്തിന്റെ നവോത്ഥാനനായകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഭാരതത്തിലെ അല്മായരുടെ പ്രത്യേക മധ്യസ്ഥനായി പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ മാർപാപ്പ പ്രഖ്യാപിച്ച വിശുദ്ധ ദേവസഹായവും നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാമാണ്ട് സെപ്റ്റംബർമാസം 25-ാം തീയതി നല്കപ്പെട്ടത്.

**റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

NB : ഈ സർക്കുലർ 2025 ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

No.: 4135/K-5/KCBC/OL/DS 10.09.2025

## 2025 ലെ
# ആഗോള പ്രേഷിതദിനത്തോടനുബന്ധിച്ച്

(ഒക്ടോബർ 19, 2025)

### ഫ്രാൻസിസ് പാപ്പാ നല്കിയ സന്ദേശം

''സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ''

പ്രിയ സഹോദരീസഹോദരന്മാരേ,

ജൂബിലിവർഷമായ 2025 ലെ ആഗോള പ്രേഷിതദിനത്തിനായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം 'സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ' (*Spes Non Confundit* = 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന പ്രബോധനത്തിന്റെ ഖ. 1 കാണുക).

ഇതു വ്യക്തിപരമായി ഓരോ ക്രൈസ്തവനെയും, ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കൂട്ടായ്മയായ സഭ മുഴുവനെയും, ക്രിസ്തുവിന്റെ പാത പിൻതുടർന്ന് പ്രത്യാശയുടെ സന്ദേശവാഹകരും നിർമാതാക്കളുമാകാനുള്ള നമ്മുടെ അടിസ്ഥാന വിളിയെ അനുസ്മരിപ്പിക്കുന്നതാണ്.

ഉത്ഥിതനായ ക്രിസ്തുവിൽ നമുക്കു പുതുജന്മം നല്കിയ വിശ്വസ്തനായ ദൈവത്തോടൊപ്പം ഏവർക്കുമിത് 'സജീവ പ്രത്യാശയിലേക്കുള്ള' (1 പത്രോ 1: 3-4 കാണുക) കൃപയുടെ സമയമായിരിക്കുമെന്നു ഞാൻ കരുതുന്നു.

ഇവിടെ, നമ്മുടെ ക്രൈസ്തവപ്രേഷിതസ്വത്വത്തിന്റെ പ്രസക്തമായ ചില വശങ്ങളെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും സഭയിൽ ഒരു നവസുവിശേഷവത്കരണത്തിനായുള്ള പരിശുദ്ധതീക്ഷ്ണതയാൽ കത്തിജ്ജ്വലിക്കാനും നമുക്ക് ഇടവരട്ടെ! ഇരുണ്ട നിഴലുകൾ തങ്ങിനില്ക്കുന്ന ഒരു ലോകത്ത് പ്രത്യാശയെ പുനർജനിപ്പിക്കാൻ അയയ്ക്കപ്പെട്ടവളാണല്ലോ സഭ (*Fratelli Tutti* = 'എല്ലാവരും സഹോദരർ' ഖ. 9-55 കാണുക).

## 1. നമ്മുടെ പ്രത്യാശയായ ക്രിസ്തുവിനെ പിന്തുടർന്ന്

രണ്ടായിരാമാണ്ടിലെ വിശുദ്ധ വർഷത്തിനുശേഷം, മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യത്തെ സാധാരണ ജൂബിലി ആഘോഷിച്ചുകൊണ്ട് ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി 'ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെ ആയിരിക്കുന്ന' (ഹെബ്രാ 13:8) ക്രിസ്തുവിൽ നാം നമ്മുടെ ദൃഷ്ടി പതിപ്പിക്കുക. നസ്രത്തിലെ സിനഗോഗിൽവച്ച് യേശു പ്രഖ്യാപിച്ചത് ചരിത്രത്തിലെ തന്റെ സാന്നിധ്യത്തിന്റെ 'ഇന്ന്' എന്ന തിരുവെഴുത്ത് നിറവേറിയിരിക്കുന്നു എന്നാണ്. അപ്രകാരം, സകലജനത്തോടും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാനും കർത്താവിന്റെ കൃപയുടെ വത്സരത്തിനു നാന്ദികുറിക്കാനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ പിതാവിനാൽ അയയ്ക്കപ്പെട്ടവനാണു താനെന്ന് യേശു സ്വയം വെളിപ്പെടുത്തി (ലൂക്കാ 4:16-21 കാണുക).

ലോകാന്ത്യംവരെ നിലനില്ക്കുന്ന ആജ്ഞേയമായ 'ഇന്ന്' എന്ന കാലഘട്ടത്തിൽ, ക്രിസ്തു എല്ലാവർക്കും പ്രത്യേകിച്ച്, ദൈവം മാത്രം ഏകാശ്രയമായിട്ടുള്ളവർക്ക്, രക്ഷയുടെ പൂർണതയാകുന്നു.

യേശു തന്റെ പരസ്യജീവിതകാലത്ത്, 'തിന്മയിൽ നിന്നും ദുഷ്ടനിൽനിന്നും' എല്ലാവരെയും സുഖപ്പെടുത്തിക്കൊണ്ടും നന്മ പ്രവർത്തിച്ചുകൊണ്ടും ചുറ്റിസഞ്ചരിച്ചു (അപ്പ 10:38 കാണുക). ദരിദ്രർക്കും ജനത്തിനു മുഴുവനും ഇടയിൽ ദൈവത്തിലുള്ള പ്രത്യാശയെ അവൻ പുനഃപ്രതിഷ്ഠിച്ചു. പാപമൊഴികെയുള്ള എല്ലാ മാനുഷികബലഹീനതകളും അവൻ അനുഭവിച്ചു. പ്രത്യാശ നഷ്ടപ്പെട്ടേക്കാവുന്ന നിർണായക നിമിഷങ്ങളായ ഗത്സമനിയിലും കുരിശിലും അവൻ തളർന്നില്ല. മനുഷ്യകുലരക്ഷയ്ക്കായി പിതാവായ ദൈവമൊരുക്കിയ പദ്ധതിയോട് അനുസരണയോടെ വിശ്വാസമർപ്പിച്ചുകൊണ്ട്, പൂർണമായ പ്രത്യാശയുള്ള സമാധാനപദ്ധതിയുടെ ഭാവിക്കായി, യേശു, പിതാവിൽ എല്ലാം ഭരമേല്പിച്ചു (ജറെ 29:11 കാണുക). ഇപ്രകാരം, കടുത്ത പരീക്ഷണങ്ങൾക്കിടയിൽപ്പോലും പ്രത്യാശ

യുടെ ദിവ്യപ്രേഷിതനായി; അങ്ങനെ ദൈവം ഭരമേല്പിച്ച ദൗത്യം കാലാകാലങ്ങളോളം നിറവേറ്റുന്നവരുടെ ഉത്തമമാതൃകയായി യേശു മാറി.

എല്ലാ മനുഷ്യർക്കുമിടയിലേക്കു തന്റെ ശിഷ്യരെ അയച്ചുകൊണ്ടും ഒരു രഹസ്യസാന്നിധ്യമായി അവരോടൊപ്പം സഞ്ചരിച്ചുകൊണ്ടും, യേശു മനുഷ്യരാശിക്കായുള്ള പ്രത്യാശയുടെ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. ദരിദ്രർ, പീഡിതർ, നിരാശർ, അടിച്ചമർത്തപ്പെട്ടവർ എന്നിവരുടെയെല്ലാം പക്ഷം ചേർന്നുകൊണ്ട് 'അവരുടെ മുറിവുകളിൽ ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും' ('യേശു നല്ല സമറിയാക്കാരൻ', *ആമുഖഗീതി*) അവൻ ഒഴുക്കുന്നു. ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ സമൂഹമായ സഭയാകട്ടെ, തന്റെ കർത്താവും ഗുരുവുമായ അവനെ അനുസരിച്ചുകൊണ്ട്, അതേ ശുശ്രൂഷയുടെ അരൂപിയിൽ അവളുടെ ജീവിതം സകലജനതകൾക്കുമായി അർപ്പിച്ചുകൊണ്ട് ആ ദൗത്യം തുടരുന്നു. അനുദിനം നേരിടുന്ന പീഡനങ്ങൾക്കും വേദനകൾക്കും പ്രശ്നങ്ങൾക്കും നടുവിലും, കൂടാതെ, സഭാംഗങ്ങളുടെതന്നെ ദൗർബല്യങ്ങൾ മൂലമുള്ള അപൂർണതകൾക്കും പരാജയങ്ങൾക്കും മധ്യേയിലും അന്തിമവിമോചനത്തിനായി കാത്തിരിക്കുന്ന മനുഷ്യരാശിയുടെ മുറവിളിയും സൃഷ്ടജാലങ്ങളുടെ രോദനവും ഹൃദയത്തിൽ പേറിക്കൊണ്ടും, ക്രിസ്തുസ്നേഹത്താൽ പ്രേരിതയായി സഭ അവനോടൊപ്പം അവനിൽ തന്റെ പ്രേഷിതയാത്ര തുടരുന്നു. തന്റെ പാത പിന്തുടരാനായി കർത്താവ് എപ്പോഴും എല്ലാക്കാലത്തേക്കുമായി വിളിച്ചിരിക്കുന്ന സഭ, 'നിശ്ചലമായ സഭയല്ല, തന്റെ നാഥനോടൊപ്പം ലോകത്തിന്റെ തെരുവീഥികളിലൂടെ യാത്ര ചെയ്യുന്ന ഒരു പ്രേഷിതസഭയാണ്' *(2024 ഒക്ടോബർ 27 ന് മെത്രാന്മാരുടെ സിനഡിന്റെ ജനറൽ അസംബ്ലിയുടെ സമാപനദിവ്യപൂജയിലെ പ്രസംഗത്തിൽ നിന്ന്).*

കർത്താവായ യേശുവിന്റെ പാതപിന്തുടർന്ന്, ദൈവം നമ്മെ ജീവിക്കാൻ അനുവദിച്ചിട്ടുള്ള ഓരോസ്ഥലത്തും സാഹചര്യത്തിലും അവനോടുകൂടെ അവനിൽ ഏവർക്കും പ്രത്യാശയുടെ

അടയാളങ്ങളും സന്ദേശവാഹകരുമാകാൻ നമ്മളും പ്രചോദിതരാകട്ടെ! ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരെന്ന നിലയിൽ, ഭൂമിയുടെ എല്ലാ ഇടങ്ങളിലും അവന്റെ പ്രത്യാശയുടെ പ്രകാശം പ്രതിഫലിപ്പിക്കട്ടെ.

**2. ക്രൈസ്തവർ: എല്ലാ ജനതകൾക്കുമിടയിൽ പ്രത്യാശയുടെ സംവാഹകരും നിർമാതാക്കളും**

കർത്താവായ ക്രിസ്തുവിനെ പിന്തുടരുന്ന ക്രൈസ്തവർ, തങ്ങൾ കണ്ടുമുട്ടുന്നവരുടെ യഥാർഥ ജീവിതസാഹചര്യങ്ങളിൽ പങ്കുചേർന്നുകൊണ്ട് സുവിശേഷം കൈമാറാനും പ്രത്യാശയുടെ സംവാഹകരും നിർമാതാക്കളുമാകാനും വിളിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും, 'ഇന്നത്തെ മനുഷ്യരുടെ, പ്രത്യേകിച്ച്, ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും ക്രിസ്തുവിന്റെ ശിഷ്യരുടെ ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും തന്നെയാണ്. മാനുഷികമായി കാണപ്പെടുന്നവയിൽ ഒന്നും തന്നെ അവരുടെ ഹൃദയത്തിൽ പ്രതിധ്വനി ഉയർത്താത്തതായില്ല'' *(സഭ ആധുനികലോകത്തിൽ, 1).*

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രസിദ്ധമായ ഈ പ്രസ്താവന എല്ലാക്കാലത്തെയും ക്രൈസ്തവസമൂഹങ്ങളുടെ മനോഭാവത്തെയും ജീവിതശൈലിയെയും എടുത്തുകാട്ടുകയും സഭാംഗങ്ങളെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ട് ലോകത്തിലെ ഇതരസഹോദരങ്ങളോടൊപ്പം യാത്ര ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. ഇവിടെ ഞാൻ ജനതകൾക്കിടയിൽ (ad gentes) പ്രേഷിതപ്രവർത്തനം നടത്തുന്ന മിഷനറിമാരായ, നിങ്ങളെ പ്രത്യേകമായി അനുസ്മരിക്കുന്നു. കർത്താവിന്റെ വിളി സ്വീകരിച്ചുകൊണ്ട് നിങ്ങൾ ക്രിസ്തുവിലുള്ള ദൈവസ്നേഹം പങ്കുവയ്ക്കാൻ മറ്റു ജനതകൾക്കിടയിലേക്കും ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങൾക്കു ഹൃദയപൂർവം നന്ദിപറയുന്നു. എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ തന്റെ ശിഷ്യന്മാരെ അയച്ച ഉത്ഥിതനായ കർത്താവിന്റെ ആഹ്വാന

ത്തിനുള്ള (മത്താ 28:18-20 കാണുക) മറുപടിയാണ് നിങ്ങളുടെ ജീവിതം. അപ്രകാരം, നിങ്ങൾ പരിശുദ്ധാത്മശക്തിയാലും അനുദിനപരിശ്രമത്താലും സകലജനതകൾക്കുമിടയിൽ ക്രിസ്തുവിന്റെ പ്രേഷിതരും മഹത്തായ പ്രത്യാശയുടെ സാക്ഷികളുമാകാനുള്ള ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുടെയും വിളിയുടെ അടയാളങ്ങളായി നിലകൊള്ളുന്നു.

ഈ പ്രത്യാശയുടെ ചക്രവാളം ലോകത്തിലെ ക്ഷണികമായവയെല്ലാം അതിജീവിച്ച് നാം ഇപ്പോൾത്തന്നെ പങ്കുചേരുന്ന ദൈവികസത്യങ്ങളിലേക്കുള്ള വഴിതുറക്കുന്നു. വിശുദ്ധ പോൾ ആറാമൻ പാപ്പാ നിരീക്ഷിച്ചതുപോലെ, ദൈവകരുണയുടെ വരദാനമായി സഭ സകലർക്കുമായി പങ്കുവയ്ക്കുന്ന ക്രിസ്തുവിലുള്ള രക്ഷ, ''മനുഷ്യന്റെ ശാരീരികമോ, ആത്മീയമോ ആയ ഐഹിക ജീവിതത്തെമാത്രം സ്പർശിക്കുന്ന ഒന്നല്ല; കേവലം ഭൗതികങ്ങളായ അഭിലാഷങ്ങളെയും പ്രതീക്ഷകളെയും ജീവിതകൃത്യങ്ങളെയും പ്രതിസന്ധികളെയും മാത്രം ആസ്പദമാക്കി നിലകൊള്ളുന്നതുമല്ല; മറിച്ച്, ഏറ്റവും ദിവ്യമായ പരമസത്തയോടു മനുഷ്യവ്യക്തിയെ ഐക്യപ്പെടുത്തുന്നതിലാണ് അതിന്റെ പൂർത്തീകരണം സ്ഥിതിചെയ്യുന്നത്; ആ പരമസത്ത ദൈവമാണ്. അതിസ്വാഭാവികവും യുഗാന്ത്യപരവുമായ പ്രസ്തുത രക്ഷയുടെ പ്രാരംഭം ഈ ലോകജീവിതത്തിൽത്തന്നെ ഉണ്ടാവുകയും അനന്തതയിൽ സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും (*Evangelii Nuntiandi* ='സുവിശേഷ പ്രഘോഷണം', 27).

മഹത്തായ ഈ പ്രത്യാശയാൽ പ്രചോദിതരായി ക്രൈസ്തവസമൂഹങ്ങൾക്ക് ഒരു നവമാനവികതയുടെ സന്ദേശവാഹകരായിത്തീരാൻ കഴിയും. എന്തെന്നാൽ, 'അതിവികസിത' മേഖലകളിൽപ്പോലും മനുഷ്യരെ പ്രതിസന്ധിയിലാക്കുന്ന ഗുരുതരപ്രശ്നങ്ങൾ - അർഥശൂന്യത, ഏകാന്തത, മുതിർന്നവരുടെ ആവശ്യങ്ങളോടുള്ള അവഗണന, സഹായഹസ്തം ആവശ്യമുള്ള അയൽക്കാരനെ അവഗണിക്കുന്ന മനോഭാവം തുടങ്ങിയവ - വ്യാപകമായി കണ്ടുവരുന്നു. സാങ്കേതികമായി ഏറെ വളർന്ന രാജ്യങ്ങളിൽ 'സാമീപ്യം' (proximity) എന്നത്

അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മളെല്ലാവരും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു, എന്നാൽ, നാം ബന്ധപ്പെട്ടു ജീവിക്കുന്നില്ല. കാര്യക്ഷമതയോടു നമുക്കുള്ള അമിതാസക്തിയും ഭൗതികവസ്തുക്കളോടും അഭിലാഷങ്ങളോടുമുള്ള ബന്ധവും നമ്മെ സ്വാർഥരും സഹജീവികളെ പരിഗണിക്കാത്തവരുമാക്കുന്നു. എന്നാൽ, ഒരു സമൂഹത്തിൽ അനുഭവതലത്തിലെത്തുന്ന സുവിശേഷത്തിന് നമ്മെ സമഗ്രവും ഓജസ്സുള്ളതും വീണ്ടെടുക്കപ്പെട്ടതുമായ ഒരു മാനവികതയിലേക്കു തിരികെക്കൊണ്ടുവരാൻ കഴിയും.

അതിനാൽ, ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രബോധനത്തിൽ (ഖ. 7–15) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഏറെ പ്രത്യേകമായി, ദരിദ്രരെയും ദുർബലരെയും രോഗികളെയും മുതിർന്നവരെയും, ഭൗതികതയുടെയും ഉപഭോക്തൃസംസ്കാരത്തിന്റെയും പിടിയിലമർന്ന സമൂഹം അവഗണിച്ചു മാറ്റിനിർത്തിയിരിക്കുന്നവരെയും പ്രത്യേകം പരിഗണിക്കുന്ന കാര്യത്തിൽ, നാമെല്ലാവരും പ്രവൃത്തിതലത്തിൽ കൊണ്ടുവരണമെന്നു ഞാൻ വീണ്ടും ആഹ്വാനം ചെയ്യുന്നു. ഇവയെല്ലാം ദൈവത്തിന്റെ 'ശൈലി'യിൽ നാം നിവൃത്തിയാക്കണം. അതായത്, സാമിപ്യത്തോടും അനുകമ്പയോടും ആർദ്രതയോടും നമ്മുടെ സഹോദരങ്ങൾ ജീവിക്കുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, അവരുമായി വ്യക്തിപരമായ ബന്ധം പുലർത്തിക്കൊണ്ട് നാമതു നിർവഹിക്കണം (*Evangelii Gaudium* = 'സുവിശേഷത്തിന്റെ സന്തോഷം', 127–128 കാണുക). പലപ്പോഴും പ്രത്യാശയോടെ ജീവിക്കേണ്ടതെങ്ങനെയെന്ന് അവരാണ് നമ്മെ പഠിപ്പിക്കുന്നത്. അവരുമായുള്ള വ്യക്തിബന്ധത്തിലൂടെ കർത്താവിന്റെ അനുകമ്പാർദ്രഹൃദയത്തിന്റെ സ്നേഹം പകർന്നുകൊടുക്കാൻ നമുക്കു കഴിയും. 'സുവിശേഷ പ്രഘോഷണത്തിന്റെ ആരംഭത്തിന്റെ കാതൽ ക്രിസ്തുവിന്റെ ഹൃദയമാണ്' (*Dilexit Nos* 'അവൻ നമ്മെ സ്നേഹിച്ചു', 32) എന്ന് ഇതിലൂടെ നമുക്കു ബോധ്യമാകും. ഈ ഉറവിടത്തിൽനിന്നു ശേഖരിച്ചുകൊണ്ട്, ദൈവത്തിൽനിന്നു നാം സ്വീകരിച്ച പ്രത്യാശ

(1 പത്രോ 1:21 കാണുക) ലാളിത്യത്തോടെ പകർന്നുകൊടുക്കാൻ നമുക്കു സാധിക്കും; മാത്രമല്ല, ദൈവം നമ്മെ ആശ്വസിപ്പിച്ച അതേ ആശ്വാസം വഴി മറ്റുള്ളവരെ ആശ്വസിപ്പിക്കാനും നമുക്കു കഴിയും (2 കോറി 1:3-4 കാണുക). നമ്മെയെല്ലാം തന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്ന ദൈവം, യേശുവിന്റെ മാനുഷികവും ദൈവികവുമായ ഹൃദയത്തിലൂടെ സ്ത്രീപുരുഷന്മാരുടെ ഓരോരുത്തരുടെയും ഹൃദയത്തോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. ''ലോകം മുഴുവൻ ആശ്ലേഷിക്കുന്ന ക്രിസ്തുവിന്റെ ഹൃദയത്തിന്റെയും പിതാവിന്റെ സ്നേഹത്തിന്റെയും അടയാളങ്ങളായിത്തീരാനുള്ള ദൗത്യം തുടരാനായി നമ്മൾ അയയ്ക്കപ്പെട്ടിരിക്കുന്നു'' *(പൊന്തിഫിക്കൻ മിഷൻ സൊസൈറ്റിയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുത്തവരോടു നടത്തിയ പ്രസംഗത്തിൽനിന്ന്, ജൂൺ 3, 2023).*

**3. പ്രത്യാശയുടെ ദൗത്യം നവീകരിക്കൽ**

ഇന്ന് പ്രത്യാശയുടെ ദൗത്യത്തിന്റെ അടിയന്തരസ്വഭാവത്തെ നോക്കിക്കാണുന്ന ക്രിസ്തുശിഷ്യർ, പ്രധാനമായും വിളിക്കപ്പെട്ടിരിക്കുന്നത് പ്രത്യാശയുടെ 'ശില്പികൾ' ആകാനും മിക്കപ്പോഴും അലസരും അസംതൃപ്തരുമായ മനുഷ്യസമൂഹാംഗങ്ങളെ പുനരുദ്ധരിക്കാനുമാണ്.

ഈ ലക്ഷ്യപ്രാപ്തിക്കായി, ഉത്ഥാനത്തിന്റെ ആത്മീയത അനുഭവവേദ്യമാക്കുന്ന ഓരോ ദിവ്യപൂജാചരണത്തിലും ഏറെ പ്രത്യേകമായി, ആരാധനാവത്സരത്തിന്റെ കേന്ദ്രവും പൂർണതയുമായ ഈസ്റ്റർ ത്രിദിനജാഗരണത്തിലും (Easter Triduum) നമ്മൾ നവീകൃതരാകേണ്ടതുണ്ട്. നമ്മളെല്ലാവരും ക്രിസ്തുവിന്റെ രക്ഷാകരമായ മരണത്തിലേക്കും ഉത്ഥാനത്തിലേക്കും, ചരിത്രത്തിന്റെ നിത്യവസന്തം അടയാളപ്പെടുത്തുന്ന കർത്താവിന്റെ പെസഹാരഹസ്യത്തിലേക്കും സ്നാനം സ്വീകരിച്ചവരാണ്. അതുവഴി നമ്മൾ 'ഒരു വസന്തകാലജനമാകുന്നു'; എല്ലാവരോടും പങ്കുവയ്ക്കേണ്ട പ്രത്യാശയാൽ നിറഞ്ഞവരാണ് നാം. കാരണം, മനുഷ്യാസ്തിത്വത്തിന്മേൽ ഉച്ചരിക്കപ്പെടുന്ന 'മരണ

ത്തിന്റെയും വെറുപ്പിന്റെയും വാക്ക് അവസാനവാക്കല്ല എന്നു നാം ക്രിസ്തുവിൽ വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നു' (*2017 ഓഗസ്റ്റ് 23 ലെ പ്രബോധനം* [Catechesis] കാണുക). ആരാധനക്രമ ആഘോഷങ്ങളിലൂടെയും കൂദാശകളിലൂടെയും സന്നിഹിതമാകുന്ന പെസഹാരഹസ്യങ്ങളിൽനിന്ന്, ലോകമെമ്പാടും ആവേശത്തോടും നിശ്ചയദാർഢ്യത്തോടും സഹിഷ്ണുതയോടുംകൂടെ സുവിശേഷപ്രഘോഷണപ്രവൃത്തി ചെയ്യാൻ പരിശുദ്ധാത്മശക്തി നിരന്തരം നാം സ്വീകരിക്കുന്നു. ''ഉത്ഥിതനും മഹത്ത്വീകൃതനുമായ ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. അവൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യനിർവഹണത്തിനാവശ്യമായ സഹായം നമുക്കൊരിക്കലും അവൻ കുറയ്ക്കുകയില്ല'' (*Evangelii Gaudium* = 'സുവിശേഷത്തിന്റെ സന്തോഷം', 275). ദൈവത്തിന്റെ ദാനവും ക്രൈസ്തവരുടെ സാധനയുമായ ആ വിശുദ്ധ പ്രത്യാശ, ക്രിസ്തുവിൽ നാം ജീവിക്കുകയും അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു (*Hope is A Light in The Night,* Vatican City, 2024, 7).

പ്രാർഥിക്കുന്ന സ്ത്രീപുരുഷന്മാർ പ്രത്യാശയുടെ പ്രേഷിതരാണ്. 'പ്രത്യാശിക്കുന്നയാൾ പ്രാർഥിക്കുന്നയാളാണ്' എന്ന് ധന്യനായ കർദിനാൾ ഫ്രാൻസിസ് സേവ്യർ വാൻതുവാൻ പറയുകയുണ്ടായി. ദീർഘകാലം ജയിലിൽ കഴിഞ്ഞപ്പോൾ വിശ്വസ്തമായ പ്രാർഥനയാലും ദിവ്യപൂജയുടെ ശക്തിയാലുമാണ് അദ്ദേഹം പ്രത്യാശാപൂർവം ഉറച്ചുനിന്നത് (*The Road of Hope,* Boston, 2001, 963 കാണുക). നമ്മുടെ പ്രഥമപ്രേഷിതപ്രവർത്തനം പ്രാർഥനയാണെന്നും അതേസമയംതന്നെ 'പ്രത്യാശയുടെ ആദ്യശക്തി' പ്രാർഥനയാണെന്നും നാം മറന്നുകൂടാ (*2020 മേയ് 20 ലെ പ്രബോധനം* [Catechesis]).

അതിനാൽ നമുക്കു പ്രാർഥിച്ചുകൊണ്ട് പ്രത്യാശയുടെ നവീകരണദൗത്യം ആരംഭിക്കാം. അതു ദൈവവചനത്തിൽ അധിഷ്ഠിതമായ, ഏറെ പ്രത്യേകിച്ച്, പരിശുദ്ധാത്മാവ് രചയിതാവായുള്ള സങ്കീർത്തനങ്ങൾ എന്ന പ്രാർഥനാശ്രുതിമേളം വഴി നമുക്ക് ആരംഭിക്കാം (*2024 ജൂൺ 19-ലെ പ്രബോധനം*

[Catechesis]). കഷ്ടതകൾ നിറഞ്ഞ കാലത്തിലും നമ്മൾ പ്രത്യാശ വെടിയാതിരിക്കാനും നമുക്കുചുറ്റുമുള്ള പ്രത്യാശയുടെ അടയാളങ്ങളെ എപ്പോഴും തിരിച്ചറിയാനും ദൈവം എല്ലാ ജനതകളിലും മഹത്ത്വപ്പെടണം എന്ന നിരന്തരമായ പ്രേഷിതതാത്പര്യത്തിൽ മുന്നോട്ടു യാത്രചെയ്യാനും സങ്കീർത്തനങ്ങൾ നമ്മെ പരിശീലിപ്പിക്കുന്നു (സങ്കീ 41:12; 67:4 കാണുക). ദൈവം നമ്മിൽ തെളിച്ച പ്രത്യാശയുടെ ദീപം പ്രാർഥനയിലൂടെ സജീവമാക്കി നിറുത്തുന്നു. അങ്ങനെ അത് അഗ്നിയായി പടരുകയും അതുവഴി നമുക്കു ചുറ്റുമുള്ള എല്ലാവരെയും പ്രകാശിപ്പിക്കുകയും ചൂടുപിടിപ്പിക്കുകയും ചെയ്യും; മാത്രമല്ല, അതു പ്രാർഥന നമ്മിൽ പ്രചോദിപ്പിക്കുന്ന പുണ്യപ്രവൃത്തികളും സത്കർമങ്ങളും ചെയ്യുന്നതുവഴിയും ആയിരിക്കും.

അവസാനമായി, സുവിശേഷപ്രഘോഷണം എപ്പോഴും എക്കാലത്തിലും, ക്രിസ്തീയപ്രത്യാശപോലെതന്നെ, സാമൂഹികമായ ഒരു പ്രക്രിയയാണ് (Benedict XVI, *Spe Salvi* = 'പ്രത്യാശയിൽ രക്ഷ', 41). ഈ പ്രക്രിയ സുവിശേഷത്തിന്റെ പ്രാരംഭപ്രഘോഷണത്തിലോ, ജ്ഞാനസ്നാനത്തിലോ മാത്രം അവസാനിക്കുന്നില്ല; മറിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച ഓരോരുത്തരെയും സുവിശേഷത്തിന്റെ പാതയിലൂടെ അനുഗമനം ചെയ്തുകൊണ്ട് ക്രൈസ്തവസമൂഹങ്ങൾ പണിതുയർത്തുന്നതിലൂടെ തുടരുന്നു. ആധുനികസമൂഹത്തിൽ, സഭയിൽ അംഗമായിരിക്കുക എന്നത് ഒറ്റയടിക്കു നേടിയെടുക്കുന്ന ഒന്നല്ല; അതിനാലാണ് ക്രിസ്തുവിലുള്ള വിശ്വാസം കൈമാറുന്നതും അതു പക്വമായി രൂപപ്പെടുത്തുന്നതുമായ പ്രേഷിതദൗത്യം 'സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാതൃക ആയിരിക്കുന്നത്' (*Evangelii Gaudium* = 'സുവിശേഷത്തിന്റെ സന്തോഷം', 15). പ്രസ്തുത പ്രവർത്തനം പ്രാർഥനയുടെ കൂട്ടായ്മയും പ്രവൃത്തിയും ആവശ്യപ്പെടുന്നു. ഇവിടെ ഞാൻ വീണ്ടും ഒരിക്കൽകൂടെ, സഭയുടെ പ്രേഷിതാത്മക സിനഡാത്മകതയുടെ പ്രാധാന്യം ഊന്നിപറയുന്നു; അതോടൊപ്പം ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരുടെ പ്രേഷിത ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിലും

പ്രാദേശികസഭകളെ സഹായിക്കുന്നതിലും ഉള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്യുന്ന സേവനവും ഞാൻ എടുത്തുപറയുന്നു. നിങ്ങളുടെ ജീവിതസാക്ഷ്യവും പ്രാർഥനയും ത്യാഗപ്രവൃത്തികളും ഉദാരമനസ്കതയുംവഴി സഭയുടെ പൊതുവായ സുവിശേഷവത്കരണദൗത്യത്തിൽ നിങ്ങളെല്ലാവരും, കുട്ടികളും യുവാക്കളും മുതിർന്നവരും വാർധകൃത്തിലെത്തിയവരും, പങ്കുചേരാൻ ഞാൻ അഭ്യർഥിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു!

പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ മാതാവായ മറിയത്തിലേക്കു നമുക്കു തിരിയാം. ഈ ജൂബിലിവർഷാചരണത്തിലും വരാനിരിക്കുന്ന വർഷങ്ങളിലുമുള്ള നമ്മുടെ പ്രാർഥനകൾ നാം അവളെ ഭരമേല്പിക്കുന്നു. 'എല്ലാ മനുഷ്യരെയും അഭിസംബോധന ചെയ്യുന്ന വിധത്തിലുള്ള ദൈവസ്നേഹത്തിന്റെ സന്ദേശമായ ക്രൈസ്തപ്രത്യാശ എല്ലാ സ്ത്രീപുരുഷന്മാരെയും പ്രകാശിപ്പിക്കട്ടെ. പ്രത്യാശയുടെ ഈ സന്ദേശത്തിന് സഭ ലോകമെമ്പാടും വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കാൻ ഇടവരട്ടെ!' *(Spes Non Confundit* = 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' 6).

**ഫ്രാൻസിസ് പാപ്പാ**

വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ മാനസാന്തരത്തിരുനാളിൽ, 2025 ജനുവരി 25-ാം തീയതി, വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ചു നല്കപ്പെട്ടത്.

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

പി.ഒ.സി., കൊച്ചി - 682 025

No.: 4136/K-5/KCBC/OL/DS 13.09.2025

# 2025 മഹാജൂബിലി സമാപനസമ്മേളനത്തോടനുബന്ധിച്ച്

## കെസിബിസി പുറപ്പെടുവിക്കുന്ന ഇടയലേഖനം

**ഡിസംബർ 13, 2025**

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമ 5:5): വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ഈ വാക്കുകൾ, ക്രൈസ്തവജീവിതത്തിലെ കൃപയുടെ സാന്നിധ്യത്തെ ഓർമ്മിപ്പിക്കുന്നു. പ്രത്യാശയുടെ ഈ സന്ദേശമാണ് 2025 ലെ സാധാരണജൂബിലിയുടെ ആപ്തവാക്യമായി ഫ്രാൻസിസ് പാപ്പാ നമുക്കു നൽകിയതും.

*Spes non confundit* ('പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല') എന്ന പാപ്പായുടെ ജൂബിലി സ്ഥാപകലേഖനത്തിലൂടെ, ഈ ജൂബിലിവർഷം ഓരോ വ്യക്തിക്കും കർത്താവായ യേശുക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമാകണമെന്ന് ഫ്രാൻസിസ് പാപ്പാ ആഗ്രഹിച്ചു. 'നമ്മുടെ പ്രത്യാശ' (1 തിമോ 1:1) ആയ ക്രിസ്തുവിനെ എല്ലാക്കാലത്തും, എല്ലായിടത്തും, എല്ലാവരോടും പ്രഘോഷിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വങ്ങൾക്കിടയിൽ പ്രതീക്ഷയും ആനന്ദവും വെറും മിഥ്യയാണെന്നുള്ള കാഴ്ചപ്പാടുകൾ വളരുകയും, നിസ്സംഗതയും ആകുലതയും ക്രമരഹിതമായി വ്യാപിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പ്രത്യാശ വീണ്ടെടുക്കാനുള്ള അവസരമാണ് ജൂബിലി നല്കുന്നത്. യേശു ക്രിസ്തുവിലുള്ള വിശ്വാസമാണ് നമുക്കു പ്രത്യാശ പകരുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ വെല്ലുവിളികളോടു പ്രത്യാശയോടെ പ്രതികരിക്കാൻ വിശ്വാസം നമുക്ക് ഊർജം

പകരുന്നു. ജീവിതത്തിന്റെ മാന്യതയും ജീവന്റെ മാഹാത്മ്യവും 'ഭീതികരമായ രീതിയിൽ അവഗണിക്കപ്പെടുന്ന യുദ്ധങ്ങൾ, വംശീയകലാപങ്ങൾ, അധിനിവേശശ്രമങ്ങൾ, ദാരിദ്ര്യം, ചൂഷണം തുടങ്ങിയ യാഥാർഥ്യങ്ങളോടു മുഖംതിരിഞ്ഞുനില്ക്കാൻ സഭയ്ക്കാവില്ല. അതുകൊണ്ടുതന്നെ, ഈ ജൂബിലിവർഷത്തിന്റെ അവസാനദിനങ്ങളിൽ' ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഒരിക്കൽക്കൂടി വിചിന്തനവിധേയമാക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു.

യുദ്ധദുരിതങ്ങളിൽ മുങ്ങിയിരിക്കുന്ന ഈ ലോകത്ത് സമാധാനസ്ഥാപനത്തിനായുള്ള നമ്മുടെ ആഗ്രഹം പ്രത്യാശയുടെ ആദ്യ അടയാളമായിരിക്കണം. സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്രരെന്ന് വിളിക്കപ്പെടുമെന്ന് യേശുവിന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു (മത്താ 5:9). സമാധാനസ്ഥാപനത്തിനായി ലോകനേതാക്കൾ മേശയ്ക്കരികിൽ സംവാദത്തിനു തയ്യാറാകണം; നമ്മുടെ കാഴ്ചപ്പാടുകളും ആഭിമുഖ്യങ്ങളും അതിനായി ക്രമപ്പെടുത്തണം; അതിനായി തീക്ഷ്ണമായി പ്രാർഥിക്കുകയും വേണം.

പ്രത്യാശയോടെ 'ഭാവിയെ ഉറ്റുനോക്കുന്നത് ജീവനോടുള്ള ആദരവിനെയും അതു പങ്കുവയ്ക്കാനുള്ള സന്നദ്ധതയെയും സൂചിപ്പിക്കുന്നു. അമ്മയുടെ ഉദരത്തിൽ തുടങ്ങി സാധാരണ അന്ത്യംവരെയുള്ള ജീവന്റെ മാഹാത്മ്യം അംഗീകരിക്കപ്പെടണം. യുവതലമുറയുടെ സ്വപ്നങ്ങളെ പിന്തുണയ്ക്കുന്ന ഒരു സാമൂഹികക്രമത്തിന് ക്രിസ്തീയസമൂഹം എന്നും മുന്നിൽ നിൽക്കണം. തടവുകാർ ഉൾപ്പെടെയുള്ളവർക്കു പ്രത്യാശ പകരുന്നതിനു നമുക്കു കടമയുണ്ട്. ഉദാരതയുടെയല്ല, മറിച്ച് നീതിയുടെ കാര്യമെന്ന നിലയിൽത്തന്നെ ദാരിദ്ര്യം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളിലേക്കു സമൂഹത്തെയും ലോകരാഷ്ട്രങ്ങളെയും നയിക്കാൻ പ്രത്യാശയുടെ തീർത്ഥാടകർ എന്ന നിലയിൽ ക്രൈസ്തവസാന്നിധ്യത്തിനു കഴിയണം. ആയുധങ്ങൾക്കായി ചെലവഴിക്കുന്ന പണം ദാരിദ്ര്യം അവസാനിപ്പിക്കാനും ദരിദ്രരാജ്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കാനും

ഉപയോഗിക്കണമെന്ന് ആവശ്യപ്പെടാൻ നമുക്കു കഴിയണം. ദരിദ്രർ, രോഗികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, കുടിയേറ്റക്കാർ, അഭയാർഥികൾ എന്നിങ്ങനെ പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാവരുടെയും മുന്നിൽ പ്രത്യാശയുടെ അടയാളങ്ങളാകാൻ ജൂബിലി നമ്മെ ക്ഷണിക്കുന്നു.

പ്രത്യാശയും ക്ഷമയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിഖ്യാസൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ ജൂബിലിയവസരം, എല്ലാ സഭകൾക്കും കൂട്ടായ്മകൾക്കും ഐക്യത്തിലേക്കുള്ള യാത്രയിൽ മുന്നോട്ടു പോകാനുള്ള ഒരു ആഹ്വാനംകൂടിയാണ്. 'നമ്മുടെ ആത്മാവിന്റെ ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു നങ്കൂര'മായി (ഹെബ്രാ 6:19) പ്രത്യാശയെ മുറുകെപ്പിടിക്കാൻ നാം തയ്യാറാകണം.

പരിശുദ്ധപിതാവ് ലെയോ 14-ാമൻ പാപ്പ 2025 ഓഗസ്റ്റ് 3 നു റോമിൽ നടന്ന യുവജനജൂബിലിക്കു നല്കിയ വചനസന്ദേശത്തിൽ ഈ ആശയങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നുണ്ട്. 'നമ്മുടെ പ്രത്യാശ' (1 തിമോ 1:1) ആയ ക്രിസ്തുവിനോട് ഐക്യപ്പെടുമ്പോൾ നാം ഓരോരുത്തരും അനുകമ്പയിലും ഉപവിയിലും ദയയിലും എളിമയിലും ക്ഷമയിലും സമാധാനത്തിലും വളരേണ്ടതായിട്ടുണ്ട്. കാരണം, പ്രത്യാശ പ്രകടമാക്കുന്നത് ദൈവസ്നേഹമാണ്. അതുകൊണ്ടാണ് പ്രത്യാശ നമ്മെ നിരാശപ്പെടുത്താത്തത്.

**ജൂബിലിസമാപനസമ്മേളനം**

'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമാ 5:5) എന്ന സന്ദേശം ഒരിക്കൽക്കൂടി പങ്കുവയ്ക്കുന്നതിനായി ജൂബിലിവർഷാചരണത്തിന്റെ സമാപനസമ്മേളനം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഈ സമ്മേളനം 2025 ഡിസംബർ 13, ശനിയാഴ്ച, കേരളസഭയിലെ എല്ലാ മെത്രാന്മാരുടെയും സാന്നിധ്യത്തിൽ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽവച്ചു നടക്കും. എല്ലാ രൂപതകളിൽനിന്നും സന്ന്യാസസമൂഹങ്ങളിൽനിന്നും

സഭാസംഘടനകളിൽനിന്നുമുള്ള നിശ്ചയിക്കപ്പെട്ട പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

രാവിലെ പത്തുമണിക്ക് ആരംഭിക്കുന്ന പൊതുസമ്മേളനത്തെത്തുടർന്ന് വൈദികർ, സന്യസ്തർ, അല്മായർ, യുവജനങ്ങൾ, വൈദികവിദ്യാർത്ഥികൾ എന്നിങ്ങനെ വിവിധവിഭാഗങ്ങളായി തിരിഞ്ഞുള്ള പഠനവും ചർച്ചയും ഉണ്ടാകും. സമൂഹദിവ്യബലിയും തുടർന്നുള്ള സമാപനസമ്മേളനവും ഉൾപ്പെടെയുള്ള ജൂബിലിസമ്മേളനത്തിന്റെ കാര്യപരിപാടികൾ വൈകിട്ട് നാലുമണിയോടുകൂടി സമാപിക്കുന്നതാണ്.

സന്ന്യാസസമൂഹങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഇടവകകളിൽനിന്നും മറ്റുമുള്ള പ്രതിനിധികളെ രൂപതാടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ച്, രൂപതാ കാര്യാലയങ്ങളിൽനിന്നും 2025 ഒക്ടോബർ 31-നുള്ളിൽ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി) ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ജൂബിലിസമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണവും പ്രാർഥനയും അഭ്യർഥിക്കുന്നു. പ്രത്യാശയുടെ സുവർണതാരകമായ പരിശുദ്ധകന്യകാമറിയത്തിന്റെ മാധ്യസ്ഥ്യവും നമുക്ക് അപേക്ഷിക്കാം. ഈ ജൂബിലിയാഘോഷം എല്ലാവരുടെയും ജീവിതത്തിൽ പ്രത്യാശയുടെ പുതുവഴി തുറക്കട്ടെ. സർവശക്തനായ ദൈവത്തിന്റെ സംരക്ഷണം ഏവർക്കും ലഭിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

**സർക്കുലർ - 337**

# 14-ാം പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

പ്രിയ ബഹു. സഹോദരീസഹോദരന്മാരേ, സന്ന്യാസിനീ സന്ന്യാസികളേ, അച്ചന്മാരേ,

രൂപതയിലെ അജപാലനപ്രവർത്തനം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു പഠിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രായോഗികനിഗമനങ്ങൾ സമർപ്പിക്കുന്നതിനുമുള്ള ആലോചനാസമിതിയാണ് (Consultative body) പാസ്റ്ററൽ കൗൺസിൽ (CCEO 272-275). ഇതിനായി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദേശങ്ങളും സഭയുടെ പാരമ്പര്യങ്ങളും അടിസ്ഥാനമാക്കി രൂപതയിലെ വൈദികർ, സന്ന്യാസിനീസന്ന്യാസികൾ, അല്മായർ എന്നിവരുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും സാമൂഹികസേവനസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, പ്രേഷിതസംഘടനകൾ തുടങ്ങിയവയുടെയും ഇതരസേവനരംഗങ്ങളിലെ പ്രവർത്തകരുടെയും പ്രതിനിധികളെയും ഉൾപ്പെടുത്തി സംഘടിപ്പിച്ചിരിക്കുന്ന ഒരു സ്ഥിരം സമിതിയാണ് നമ്മുടെ രൂപതാ പാസ്റ്ററൽ കൗൺസിൽ. ഒരു കൗൺസിലിന്റെ കാലാവധി നാലുവർഷമാണ്.

1967 ലാണ് നമ്മുടെ രൂപതയിൽ ആദ്യമായി പാസ്റ്ററൽ കൗൺസിൽ നിലവിൽവന്നത്. 2021 ൽ നിലവിൽ വന്ന പതിമ്മൂന്നാം പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി പൂർത്തിയാവുകയാണ്. പുതിയ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പുനടപടികൾക്കായി രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് തടത്തിൽ, രൂപത അസി. ഫിനാൻസ് ഓഫീസർ വെരി റവ. ഫാ. കുര്യൻ മുക്കാംകുഴിയിൽ, എസ്.എം.എസ്. സാന്തോം പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി. ഡോ. കാർമ്മൽ ജിയോ എസ്.എം.എസ്, പാലാ സെന്റ് തോമസ് കോളജ്

അധ്യാപകൻ ഡോ. ടെജിൽ തോമസ് വടക്കേക്കുറ്റ് എന്നിവരട ങ്ങുന്ന ഒരു കമ്മിഷനെ നിയമിക്കുന്നു. പെരിയ ബഹു. ജോസഫ് തടത്തിലച്ചൻ ഈ കമ്മിഷന്റെ ചെയർമാൻ ആയിരിക്കും. ഈ കമ്മിഷൻ നിർദേശങ്ങൾ സ്വീകരിച്ച് തിരഞ്ഞെടുപ്പുനടപടികൾ കഴിയുന്നതും വേഗം പൂർത്തിയാക്കാൻ എല്ലാവരും സഹകരി ക്കണമെന്നു താത്പര്യപ്പെടുന്നു.

മാതൃകാപരമായ കത്തോലിക്കാജീവിതം നയിക്കുന്നവരും സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ താത്പര്യം പ്രകടിപ്പിക്കു ന്നവരും തങ്ങളുടെ അഭിപ്രായങ്ങൾ പക്വതയോടെയും വിവേ കത്തോടെയും പ്രകടിപ്പിക്കുകയും മറ്റുള്ളവരുടെ അഭിപ്രായ ങ്ങൾ ആദരിക്കുകയും ചെയ്യുന്നതിന് കഴിവും സന്നദ്ധതയും ഉള്ളവരുമായ നേതാക്കളെ തിരഞ്ഞെടുക്കുന്നതിൽ ഏവരും ശ്രദ്ധിക്കേണ്ടതാണ്. വിഭാഗീയചിന്തകൾക്കോ കക്ഷിതാത്പര്യ ങ്ങൾക്കോ അവസരം നൽകാതെ പൊതുനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരെയാണ് തിരഞ്ഞെടുക്കേ ണ്ടത്. കത്തോലിക്കാസഭയുടെ വിശ്വാസവും ധാർമ്മികപ്രബോ ധനങ്ങളും പാലിക്കുന്നവരും പഠിപ്പിക്കുന്നവരുമായിരിക്കണം ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വരപ്രത്യയശാസ് ത്രങ്ങൾ വച്ചുപുലർത്തുന്നവരും അവയോടു ബന്ധം പുലർത്തു ന്നവരും. വിശ്വാസവിരുദ്ധഗ്രൂപ്പുകളിൽ പ്രവർത്തിക്കുന്നവരും മദ്യാസക്തിക്ക് അടിമപ്പെട്ടിരിക്കുന്നവരും ഈ ആലോചനാസ മിതിയിൽ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകജാഗ്രതയും വിവേ കവും പുലർത്തേണ്ടതാണ്.

പാസ്റ്ററൽ കൗൺസിലിലേക്ക് ഓരോ ഫൊറോനയിൽ നിന്നും ആറ് അല്മായപ്രതിനിധികളെയാണു തിരഞ്ഞെടുക്കേണ്ടത്. അവരെ തിരഞ്ഞെടുക്കുവാൻ ഓരോ ഇടവകയിൽനിന്നും നാലു പ്രതിനിധികളെവീതം പ്രതിനിധിയോഗംകൂടി തിരഞ്ഞെടുക്കു കയും അവരുടെ പേരുവിവരം 2025 ഒക്ടോബർ 18-ാം തീയതി ശനിയാഴ്ചയ്ക്കകം പെ. ബഹു. ഫൊറോനാവികാരിയെ അറി

യിക്കുകയും ചെയ്യണം. ഇപ്രകാരം ഇടവകയിൽനിന്നു തിര ഞ്ഞെടുക്കപ്പെടുന്നവർ യോഗപ്രതിനിധികളിൽപ്പെട്ടവർതന്നെ ആയിരിക്കണമെന്നില്ല. യോഗവും ആണ്ടുതിരട്ടുമുള്ള കുരി ശുപള്ളികൾക്കും ഇടവകപ്രാതിനിധ്യംതന്നെ ഉണ്ടായിരിക്കു ന്നതാണ്.

ഇടവകയിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവരിൽ 1) 40 വയസ്സിനുമുകളിലുള്ള ഒരാൾ, 2) 40 വയസ്സിനു താഴെയുള്ള ഒരാൾ, 3) ഒരു വനിതാപ്രതിനിധി, 4) ദളിത്കത്തോലിക്കാ ഡി.സി.എം.എസ്. - പ്രതിനിധി (25 കുടുംബങ്ങളിൽ കൂടു തൽ ദളിത് കത്തോലിക്കർ ഉള്ളതും രൂപത ഡി.സി.എം.എസ്. സംഘടനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഇടവകയാണെ ങ്കിൽ മാത്രം) എന്നിവർ നിർബന്ധമായും ഉണ്ടായിരിക്കണം.

ഇടവകയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഫൊറോനവികാരി നിശ്ചയിക്കുന്ന തീയതിയിലും സമയത്തും ഫൊറോനകേന്ദ്രത്തിൽ ബഹു. വികാരിയച്ചന്റെ അധ്യക്ഷത യിൽക്കൂടി ഫൊറോനയിൽനിന്നുള്ള പ്രതിനിധികളെ തിരഞ്ഞെ ടുക്കണം. ഇടവകയിൽനിന്നുള്ള പ്രതിനിധികൾക്കു ഫൊറോന തിരഞ്ഞെടുപ്പ് സംബന്ധിച്ച സ്ഥലവും സമയവും തിയതിയും തിരഞ്ഞെടുപ്പിന് 5 ദിവസംമുമ്പെങ്കിലും നേരിട്ടോ ഇടവകവി കാരി മുഖേനയോ അറിയിപ്പ് ലഭിച്ചിരിക്കണം. ഇടവകയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടുവരുന്ന പ്രതിനിധികൾക്കുമാത്രമേ രൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കു തിരഞ്ഞെടുക്കപ്പെടു വാൻ അർഹതയുള്ളൂ. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരിൽ ഒരാൾ ദളിത്കത്തോലിക്കാവിഭാഗത്തിൽപ്പെട്ടയാളും ഒരാൾ വനിതയും ഒരാൾ 40 വയസ്സിൽ താഴെയുള്ളയാളുമായിരിക്ക ണം. മറ്റുള്ളവർ ജനറൽ വിഭാഗത്തിൽപ്പെടുന്നവരുമായിരിക്ക ണം. രഹസ്യവോട്ടിലൂടെയാണ് പ്രതിനിധികളെ തിരഞ്ഞെടു ക്കേണ്ടത്. ഏതെങ്കിലും ഒരു പ്രതിനിധിയുടെ തിരഞ്ഞെടുപ്പ് അസാധുവായി തെളിഞ്ഞാൽ, ആ ഗണത്തിൽ കൂടുതൽ വോ

ട്ടുകിട്ടിയ അടുത്തയാൾ തിരഞ്ഞെടുക്കപ്പെട്ടതായി പരിഗണിക്കും. ബഹു. ഫൊറോനവികാരിമാർ തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരും വിലാസവും മൊബൈൽ നമ്പറും വാട്സാപ്പ് നമ്പറും ഇ-മെയിൽ വിലാസവും പാസ്പോർട്ട് സൈസ് ഫോട്ടോയും റിപ്പോർട്ടും 2025 നവംബർ 3-ാം തിയതി തിയതി തിങ്കളാഴ്ചയ്ക്കകം ഇലക്ഷൻ കമ്മിഷൻ, പാസ്റ്ററൽ കൗൺസിൽ, ബിഷപ്സ് ഹൗസ്, പാലാ 686 575 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. ഫൊറോനയിൽനിന്നുള്ള വൈദികപ്രതിനിധി ഫൊറോന വികാരിയായിരിക്കും.

ഈ അവസരത്തിൽ പതിമ്മൂന്നാം കൗൺസിലിലെ എല്ലാ അംഗങ്ങളെയും, പ്രത്യേകിച്ച് ചെയർമാൻ ഡോ.കെ.കെ. ജോസ് കണിച്ചുകാട്ട്, സെക്രട്ടറി ശ്രീ സിജു സെബാസ്റ്റ്യൻ കൈമനാൽ എന്നിവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. പതിന്നാലാം പാസ്റ്ററൽ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് വിജയകരമായി പൂർത്തിയാക്കുവാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

കാരുണ്യവാനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 20.09.2025

NB: ഈ സർക്കുലർ 2025 സെപ്റ്റംബർ 28-ാം തീയതി വായിക്കാൻ നല്കപ്പെട്ടത്.

Prot. No. 378-2025 20.09.2025

# Declaration of Election and Constitution of Election Committee to the XIV Eparchial Pastoral Council, Eparchy of Palai

Pastoral Council is a consultative body consisting of the representatives of all the faithful: lay, religious and priests in the Eparchy aiming to investigate, ponder, evaluate and propose practical conclusions with regard to the pastoral works in the Eparchy (CCEO 272-275). I wish to inform you that the XIII Eparchial Pastoral Council will be rightly completed its term of office on 01 November 2025.

To conduct the election to the XIV eparchial Pastoral Council, I am very happy to constitute a Committee with **Very Rev. Fr Joseph Thadathil** (Protosyncellus, Eparchy of Palai) as its Chairman and Very **Rev. Fr Kurian Mukkamkuzhiyil** (Asst. Finance Officer, Eparchy of Palai), **Rev. Sr. Carmel Geo SMS** (Provincial Superior, St. Thomas Province, Snehagiri Missionary Sisters, Palai) and **Dr. Tejil Thomas Vadakkekutt** (Asst. Professor, St. Thomas College, Palai) as its members. This election will be conducted according to the statutes of the eparchial pastoral council.

Yours in Christ our Lord,

+ Jos Kallarangatt

**Bishop Joseph Kallarangatt**
Bishop, Eparchy of Palai

**Fr. Joseph Kuttiankal**
Chancellor

Prot. No. 377-2025 20.09.2025

# Declaration of Election & Constitution of Election Commission to XIV Eparchial Presbyteral Council, Eparchy of Palai

Dear Very Rev / Rev. Fathers,

The Code of Canons of the Eastern Churches states 'A Presbyteral Council must be established in the eparchy, that is a body of priests representing the presbyterate, and which, in accord with the norm of the law, assists the eparchial bishop by its advice in those things that regard the needs of pastoral activity and the good of the eparchy' (Can. 264). I am pleased to inform you that the *XIII Eparchial Presbyteral Council* will be rightly completed its term of office on 01 November 2025 and election to the XIV Presbyteral Council is hereby declared.

A Committee is constituted with **Very Rev. Fr Joseph Thadathil** (Protosyncellus, Eparchy of Palai) as its Chairman and **Very Rev. Fr Joseph Kaduppil** (Director, Institute of Eastern Canon Law, Vadavathoor), **Very Rev. Fr Kurian Mukkamkuzhiyil** (Asst. Finance Officer, Eparchy of Palai) and **Rev. Fr Mathew Alappattumedayil** (Asst. Professor, St. Thomas College, Arunapuram, Pala) as its members to conduct the election to the new Presbyteral Council. Election will be conducted according to the Statutes of the Eparchial Presbyteral Council. I solicit your cooperation and request your earnest participation in the election.

Yours in Christ our Lord,

+ Jos Kallarangatt

**Bishop Joseph Kallarangatt**
Bishop, Eparchy of Palai

**Fr. Joseph Kuttiankal**
Chancellor

സർക്കുലർ 338

# കുടുംബക്കൂട്ടായ്മ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

'സഹോദരർ ഏകമനസ്സായി ഒരുമിച്ചുവസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്' (സങ്കീ. 133:1). മാനുഷിക ഗുണങ്ങളുടെ സംശുദ്ധമായ പരിചരണത്തിലൂടെ സമൂഹനിർമ്മിതിയുടെ അടിസ്ഥാനഘടകമായി ദൈവത്താൽ പ്രത്യേകമായ വിധം സ്ഥാപിതമായ സുന്ദരമായ സംവിധാനമാണ് കുടുംബം. ദൈവസ്നേഹത്തിന്റെ കലർപ്പില്ലാത്ത കൈമാറ്റം സുഗമമാക്കാൻ ദൈവം കണ്ടെത്തിയ മാർഗമാണ് കുടുംബബന്ധങ്ങൾ. ദൈവം സൃഷ്ടിച്ച ഈ മനോഹരപ്രപഞ്ചത്തിൽ മനുഷ്യന്റെ ആരോഗ്യപരമായ ജീവിതത്തിനും വളർച്ചയ്ക്കും അടിസ്ഥാനപരമായി നിലകൊള്ളുന്നത് സ്നേഹത്തിലധിഷ്ഠിതമായ കുടുംബജീവിതങ്ങളാണ്. കൂടുമ്പോൾ ഇമ്പമുള്ള ഈ കുടുംബസ്വഭാവം ദൈവത്തിന്റെ സ്വഭാവമാണ്, പരിശുദ്ധത്രിത്വത്തിന്റെ പ്രതിബിംബവുമാണ്.

ഈ കുടുംബത്തിന്റെ മഹത്ത്വം ഒരിക്കൽകൂടി ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ കാലഘട്ടത്തിൽ നിരവധി ദമ്പതിമാരെ വിശുദ്ധരായും വാഴ്ത്തപ്പെട്ടവരായും സഭ പ്രഖ്യാപിച്ചു. വിശുദ്ധ കൊച്ചുത്രേസ്യാപ്പുണ്യവതിയുടെ മാതാപിതാക്കളായ ലൂയി മാർട്ടിനും സെലിഗ്വരിനും റോമിലെ ദമ്പതികളായ ലൂയിജിയും മരിയ ബെൽട്രീക്വട്രോചിയും അവരിൽ ചിലർ മാത്രം. ഇവർ ലോകത്തിനുമുമ്പിൽ സഭ പ്രതിഷ്ഠിക്കുന്ന പ്രതീക്ഷയുടെ അടയാളങ്ങളാണ്. ഇവരുടെ വിശുദ്ധപദവിപ്രഖ്യാപനത്തിലൂടെ പ്രത്യാശ തേടാനും പ്രത്യാശയുടെ അടയാളങ്ങളാകാനും തിരുസ്സഭ ഓരോ കുടുംബങ്ങളെയും സ്നേഹത്തോടെ ക്ഷണിക്കുകയാണ്. വിവാഹജീവിതത്തിന്റെ ഉദാത്തമാതൃകകളായി അവരെ പരിഗണിക്കുന്ന സഭ ദൈവസ്നേഹത്തെ അറിയാനുംഅംഗീകരിക്കാനും കുടുംബങ്ങൾക്കുള്ള ഉത്തരവാദിത്വവും വിളിയും എത്രമാത്രം ശ്രേഷ്ഠമാണെന്നു നമ്മെ ഓർമിപ്പിക്കുന്നു. ബന്ധ

ങ്ങളെയും സമൂഹങ്ങളെയും തകർക്കുന്ന ശക്തികളെ പരാജയപ്പെടുത്തി സമാധാനം സംസ്ഥാപിക്കാൻ ആധുനികലോകത്തിൽ കുടുംബങ്ങളും കുടുംബബന്ധങ്ങളും എത്രമാത്രം അനിവാര്യമാണെന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാവണം. 2025 ജൂൺ ഒന്നാം തീയതി കുടുംബങ്ങളുടെ ജൂബിലിയാഘോഷങ്ങളോടനുബന്ധിച്ചുനൽകിയ സന്ദേശത്തിൽ ദൈവം തന്റെ രക്ഷാകരപദ്ധതിയിലുൾപ്പെടുത്തിയ കുടുംബം എന്ന സുന്ദരസംവിധാനത്തെക്കുറിച്ചു ലെയോ പതിന്നാലാമൻ മാർപാപ്പ ഇപ്രകാരം ഓർമിപ്പിക്കുന്നു: ''നന്ദിയും പ്രത്യാശയും നിറഞ്ഞ ഹൃദയത്തോടെ വിവാഹിതരായ എല്ലാ ദമ്പതികളെയും ഞാൻ ഓർമിപ്പിക്കുന്നു: വിവാഹം ഒരു ആദർശമല്ല; മറിച്ച്, ഒരു സ്ത്രീയും പുരുഷനുംതമ്മിലുള്ള യഥാർത്ഥസ്നേഹത്തിന്റെ അളവുകോലാണ്. ഇതു സമ്പൂർണവും വിശ്വസ്തവും ഫലപ്രദവുമായ ഒരു സ്നേഹമാണ്. ഈ സ്നേഹം നിങ്ങളെ ഏകശരീരമാക്കുകയും ദൈവത്തിന്റെ സ്ഥാനത്തുനിന്നു ജീവന്റെ ദാനം നല്കാൻ നിങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.'' മാനവരാശിയുടെ ഭാവി നിശ്ചയിക്കുന്നഈറ്റില്ലമാണ് കുടുംബങ്ങൾ എന്നതു മറക്കരുതെന്ന് മാർപാപ്പ ഓർമിപ്പിക്കുകയാണ്.

ഇന്ന് മാനവസമൂഹം അനിതരസാധാരണമായ പ്രതിസന്ധികളിലൂടെ കടന്നുപോകുകയാണ്. സമൂഹത്തിൽ പലതരത്തിലുള്ള നിലവിളികൾ ഉയരുകയാണ്. ശൂന്യതാബോധവും തീവ്രമായ മാനസികവ്യഥയും നിരർത്ഥകമായ സുഖങ്ങൾക്കുവേണ്ടിയുള്ള പരക്കം പാച്ചിലുകളും മനുഷ്യജീവിതത്തിന്റെ താളം തെറ്റിക്കുന്നു. ഉൽക്കണ്ഠകളും ആകുലതകളും മനുഷ്യന്റെ സന്തതസഹചാരികളായിരിക്കുന്നു. ആരോപണങ്ങളും അസ്വാരസ്യങ്ങളും തെറ്റായ വാർത്തകളുംകൊണ്ട് ക്രൈസ്തവലോകത്തിന് അതിന്റെ ഉന്മേഷം നഷ്ടമായിരിക്കുന്നു. വെറുപ്പും വിദ്വേഷവും കുടുംബങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. സഹോദരങ്ങൾക്കു തമ്മിലുള്ള ഹൃദയൈക്യം നഷ്ടപ്പെട്ടു. പരസ്പരം സ്നേഹിക്കുന്നവർ എന്ന നിലയിൽനിന്നും പരസ്പരം കടിച്ചുകീറുന്നവർ

എന്ന നിലയിലേക്കു നാം എത്തിയപ്പോൾ നമ്മുടെ നിലനില്പു തന്നെ അപകടത്തിലാകുന്നു. ഈ സത്യം തിരിച്ചറിയാതെ, നമുക്കു ചുറ്റും അപകടകരമായരീതിയിൽ പെരുകുന്ന കെണികളെ മനസ്സിലാക്കാനാവാതെ വെറുപ്പ് നമ്മെ അന്ധരാക്കിയിരിക്കുന്നു. മലിനമായ കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ ഒരു വിളക്കിച്ചേർക്കലിനും തിരിഞ്ഞുനോട്ടത്തിനും സമയമായിരിക്കുന്നു. പടിയിറങ്ങിപ്പോയ മൂല്യങ്ങളുടെ പുനഃസ്ഥാപനത്തിനു കാലവിളംബം വരുത്തുംതോറും തിരിച്ചുവരാനാവാത്തവിധം മനുഷ്യർ തമ്മിലുള്ള അകലങ്ങൾ വർദ്ധിക്കും. സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പുനഃപ്രതിഷ്ഠ, നഷ്ടപ്പെട്ടുപോയ സ്നേഹസംസ്കാരത്തിലേക്കുള്ള തിരിച്ചുവരവാണ്. നമുക്കൊരുമിക്കേണ്ട സമയമായിരിക്കുന്നു. നമുക്കു നമ്മുടെ ഉന്മേഷം വീണ്ടെടുക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

ഇവിടെയാണ് കുടുംബക്കൂട്ടായ്മകളുടെ പ്രസക്തി. ദൈവം സ്ഥാപിച്ച കുടുംബമെന്ന സുന്ദരസംവിധാനത്തിന്റെ അജപാലനപരമായ കൂടിച്ചേരലാണല്ലോ കുടുംബക്കൂട്ടായ്മകൾ. ഇടവകസമൂഹങ്ങളെ ആദിമക്രൈസ്തവസമൂഹത്തിന്റെ വിശ്വാസചൈതന്യത്തിലേക്കും ജീവിതശൈലിയിലേക്കും കൂട്ടായ്മയിലേക്കും തിരികെയെത്തിക്കാൻ സഭ കണ്ടെത്തിയ മാർഗമാണ് നമ്മുടെ ഈ കൂട്ടായ്മകൾ. പ്രതിസന്ധികളുടെ മധ്യേ നമുക്കുള്ള ഉണർത്തുപാട്ടാണ് നമ്മുടെ കുടുംബക്കൂട്ടായ്മകൾ. നമുക്കുചുറ്റും നടക്കുന്നതിനെ തിരിച്ചറിഞ്ഞ് ഉണർവുള്ളവരായി, പരസ്പരം അറിയുന്നവരായി, പരസ്പരം കൈത്താങ്ങായി മഹത്തായ നമ്മുടെ വിശ്വാസപാരമ്പര്യത്തെ തുടരാനും അടുത്തനുഗമിക്കാനും നമുക്കായി സഭ ഒരുക്കുന്ന കരുതലിന്റെ നിമിഷമാണ് കുടുംബക്കൂട്ടായ്മകൾ. 'ഒരുമിച്ചുനമുക്ക് കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും' (സഭാ 4:9) എന്ന സഭാപ്രസംഗകന്റെ ഉദ്ബോധനത്തെ നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. കാലത്തിന്റെ അടയാളങ്ങൾ നമുക്ക് ഒന്നിച്ചു വായിക്കാം. ഉചിതമായ തീരുമാനങ്ങൾ എടുത്ത് നമ്മുടെ

അടിത്തറ നമുക്കു ബലപ്പെടുത്താം. അതിനായി നമ്മുടെ എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ സജീവമാകുന്നുണ്ടെന്ന് ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ഉറപ്പാക്കണം. മാതാപിതാക്കളും യുവതീയുവാക്കന്മാരും കുട്ടികളും കൂട്ടായ്മയിൽ പങ്കെടുക്കണം. രൂപതയിൽനിന്നു നൽകുന്ന നിർദേശങ്ങളോടുചേർന്ന് കൂട്ടായ്മകൾ ക്രമീകരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. മാസത്തിലൊരിക്കൽ നടത്തുന്ന ഈ കൂട്ടായ്മകൾ ഒരുമിച്ചുപ്രാർത്ഥിക്കുന്നതിനും പരിചയങ്ങൾ പുതുക്കുന്നതിനും സ്നേഹം പങ്കുവയ്ക്കുന്നതിനുമുള്ള മനോഹരമായ വേദികളാണ്. ആനുകാലികസംഭവങ്ങളുടെ വിലയിരുത്തലും പ്രതിസന്ധികൾക്കുള്ള പരിഹാരം കണ്ടെത്തലും ഈ കൂട്ടായ്മകളുടെ ശൈലിയായി മാറുമ്പോൾ ആർക്കും വിട്ടുനിൽക്കാനാവാത്തവിധം നമ്മുടെ കൂട്ടായ്മകൾ ശക്തിപ്പെടും. ഇതു കാലഘട്ടത്തിന്റെ ആവശ്യമാണെന്നു ബോധ്യപ്പെടും.

നമ്മുടെ കുടുംബക്കൂട്ടായ്മകളെ കൂടുതൽ സജീവമാക്കുക എന്ന ഉദ്ദേശ്യത്തോടെ കുടുംബക്കൂട്ടായ്മകൾവഴി 'ജീവമന്ന' എന്ന പേരിൽ ഒരു വചനപഠനപരമ്പര നമ്മുടെ രൂപതയിൽ ആരംഭിക്കുകയാണ്. പുറപ്പാട്‌യാത്രയിൽ ഇസ്രായേൽജനതയ്ക്കു തങ്ങളുടെ ജീവനു കരുത്തും, കാവലുമേകിയ ദൈവസാന്നിധ്യത്തിന്റെ അടയാളമായിരുന്നല്ലോ മന്നാ. ദൈവകല്പനകൾ പാലിച്ച് അനുഗമിച്ചവരെല്ലാരും ഈ മന്നാഭക്ഷിച്ചു തങ്ങളുടെ മുന്നോട്ടുള്ള ജീവിതത്തിന് ഊർജമേകി.

വി. ഗ്രന്ഥത്തിൽ ജെറെമിയായുടെ പുസ്തകം 15:16 തിരുവചനത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു: അങ്ങയുടെ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാനവ ഭക്ഷിച്ചു. അവ എനിക്ക് ആനന്ദാമൃതമായി; എന്റെ ഹൃദയത്തിനു സന്തോഷവും. നമ്മൾ അർപ്പിക്കുന്ന പരി. കുർബാനയിൽ, യാമപ്രാർത്ഥനകളിൽ, വിശ്വാസപരിശീലനപുസ്തകങ്ങളിൽ, സഭാപ്രബോധനങ്ങളിൽ എല്ലാം നിറഞ്ഞുനിൽക്കുന്നത്, നമ്മൾ കണ്ടെത്തുന്നത് ഈ വചനമാണ്. അവ ഭക്ഷിച്ചു ജീവിതത്തിനു കരുത്തേകാൻ നമുക്കു

സാധിക്കണം. വചനവായനയും വചനപഠനവും നമ്മുടെ കുടുംബത്തിൽ പിൻതുടരേണ്ട ഒരു നല്ലശീലമായി നമ്മൾ കരുതേണ്ടിയിരിക്കുന്നു. സഭാപിതാവായ വി. ജെറോം പറയുന്നു: 'വി. ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത മിശിഹായെക്കുറിച്ചുള്ള അജ്ഞതതന്നെയാണ്. സഭയെ സ്നേഹിക്കുകയും വചനത്തെ വിലമതിക്കാതിരിക്കുകയും ചെയ്യുന്നത് ഒരർത്ഥത്തിൽ കാപട്യം തന്നെയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു: ''നമ്മുടെ കർത്താവിന്റെ തിരുശ്ശരീരത്തെ വണങ്ങുന്നതുപോലെയാണ് സഭ എന്നും വി. ഗ്രന്ഥത്തെ വണങ്ങുന്നത്.''

രൂപതാ കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ വാർഡ്, ഇടവക, ഫൊറോന, രൂപതാതലത്തിൽ നടത്തപ്പെടുന്ന 'ജീവമന്ന' വചനപഠനമൽസരത്തിൽ നമ്മുടെ  കുടുംബങ്ങളിൽനിന്നു പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.വിവിധ കാറ്റഗറികളിലായി നടത്തപ്പെടുന്ന ഈ മത്സരത്തിൽ വിജയിക്കുന്നവർക്ക് ആകർഷകമായ സമ്മാനങ്ങളും, ക്യാഷ് അവാർഡുകളും രൂപതയിൽനിന്നു നൽകുന്നതായിരിക്കും. ഈ വചനപഠനപരമ്പരയിൽ  മാതാപിതാക്കരോടൊപ്പം കുഞ്ഞുങ്ങളും യുവജനങ്ങളും പങ്കെടുക്കണം. ലോകത്തെ ഭയപ്പെടാതെ സുവിശേഷത്തിന്റെ പ്രത്യാശ നമുക്കു കുടുംബങ്ങളിൽ നിക്ഷേപിക്കാം. അങ്ങനെ നമ്മുടെ കൂട്ടായ്മകൾ നമുക്കു സജീവമാക്കാം.

ഈശോയിൽ സ്നേഹപൂർവം

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 20.09.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപതാമെത്രാൻ

NB: ഈ സർക്കുലർ 2025 ഒക്ടോബർ 5-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധകുർബാനയർപ്പണമുള്ള എല്ലാ സ്ഥാപനങ്ങളിലും വിശുദ്ധകുർബാനമധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ–339

**ബഹു. വികാരിയച്ചന്മാരുടെയും സന്ന്യാസസമൂഹങ്ങളുടെ സുപ്പീരിയേഴ്സിന്റെയും ശ്രദ്ധയ്ക്ക്**

## പരിശുദ്ധകുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ അസാധാരണശുശ്രൂഷകർക്ക് പ്രത്യേകകോഴ്സ്

നമ്മുടെ സഭയിൽ വി. കുർബാനമധ്യേ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുക്കുവാൻ അസാധാരണശുശ്രൂഷകർക്ക് (Extra Ordinary Ministers) നിബന്ധനകളോടെ സഭയുടെ പ്രത്യേകനിയമം അനുവാദം നൽകുന്നുണ്ടല്ലോ. വൈദികർക്കും മ്ശംശാനമാർക്കും പുറമേ കറോയപട്ടം എങ്കിലും സ്വീകരിച്ചവർ, നിത്യവ്രതവാഗ്ദാനം കഴിഞ്ഞ സന്ന്യാസസഹോദരന്മാർ, നിത്യവ്രതവാഗ്ദാനം കഴിഞ്ഞ സന്ന്യാസിനികൾ, സ്വഭാവഗുണമുള്ളവരും ഏവർക്കും സുസമ്മതരുമായ അല്മായർ എന്നിവരാണ് പ്രത്യേക നിയമംവഴി അനുവാദം നൽകപ്പെടാവുന്നവരുടെ പരിധിയിൽ വരുന്നത് (Code of Particular Law of the Syro-Malabar Church, Art. 144 & രൂപതാ നിയമാവലി അധ്യായം 10: 10.15 Nos. 628-637 പേജ് 238–240).

ഇടവകവികാരിയുടെ നിർദേശാനുസരണം ആവശ്യമുള്ള അവസരങ്ങളിൽ മാത്രമാണ് ഇപ്രകാരം നിയോഗിക്കപ്പെടുന്നവർ തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുന്നത്. രോഗികൾക്കു ഭവനങ്ങളിൽ പരിശുദ്ധകുർബാന എഴുന്നള്ളിച്ചുകൊടുക്കാൻ വൈദികർക്കു മാത്രമേ അനുവാദമുള്ളൂ. ഇപ്രകാരം പ്രത്യേക അനുവാദം ലഭിക്കുന്ന ബഹു. സിസ്റ്റഴ്സിന് അവരുടെ മഠത്തിനുള്ളിൽ രോഗികളായോ ഇടവകപ്പള്ളിയിൽ പോകുവാൻ കഴിയാത്തവരായോ ഉള്ള ബഹു. സിസ്റ്റേഴ്സിന് വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കാവുന്നതാണ്. ഇത് ബഹു. വൈദികരുടെ ശുശ്രൂഷയ്ക്കു പകരമാകരുത്.

നമ്മുടെ ഇടവകകളുടെ അജപാലന ആവശ്യങ്ങൾ പരിഗണിച്ച് നമ്മുടെ രൂപതയിൽ ഇടവകദൈവാലയത്തിൽ വി.

കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ മുൻവർഷങ്ങളിൽ രൂപതാകേന്ദ്രം ബഹു. സിസ്റ്റേഴ്സിന് പ്രത്യേക പരിശീലനക്ലാസ്സുകളും അതേത്തുടർന്ന് അനുമതിപത്രവും (സർട്ടിഫിക്കറ്റ്) നൽകിയിരുന്നു.

പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ ബഹു. സിസ്റ്റേഴ്സിനുള്ള അനുമതി കാലാവധി അവസാനിച്ചിരിക്കുന്നതിനാൽ ഈ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്നവരെ സജ്ജരാക്കുവാൻവേണ്ടി ഒരു ഓറിയന്റേഷൻ കോഴ്സ് പാലാ രൂപതാകേന്ദ്രത്തിൽവച്ച് ഒക്ടോബർ 25 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്കു ക്രമീകരിക്കുകയാണ്.

ഈ കോഴ്സിൽ പങ്കെടുത്തു പുതുതായി സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് ബഹു. വികാരിയുടെ നിർദേശമനുസരിച്ച് ഇടവകദേവാലയത്തിൽ വിശ്വാസികൾക്കു വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ അനുവാദമുണ്ടായിരിക്കും.

മുൻവർഷങ്ങളിൽ കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കേറ്റ് നേടിയവർ ഈ കോഴ്സിൽ പങ്കെടുക്കേണ്ടതില്ല. അവരുടെ ശുശ്രൂഷ ഇടവകയിൽ തുടർന്നും ആവശ്യമുണ്ടെങ്കിൽ സർട്ടിഫിക്കേറ്റ് പുതുക്കിയാൽ മതിയാവുന്നതാണ്.

പുതുതായി കോഴ്സിൽ പങ്കെടുക്കുന്നവരുടെയും മുമ്പു പങ്കെടുത്തവർ ശുശ്രൂഷ തുടരുന്നുണ്ടെങ്കിൽ അവരുടെയും പേരുവിവരം (പേര്, ഇടവക, കോൺഗ്രിഗേഷൻ, അനുമതി പുതുക്കാൻ/പുതുതായി ലഭിക്കാൻ) കൃത്യമായി എഴുതി ബഹു. വികാരിയച്ചന്റെ ശിപാർശയോടെ ഒക്ടോബർ 18 നു മുമ്പായി രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്. പുതുക്കുന്നവരുടെ സർട്ടിഫിക്കേറ്റുകളും അതോടൊപ്പം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

ഓരോ ഇടവകയുടെയും ആവശ്യമനുസരിച്ച് ബഹു. മദർ സുപ്പീരിയർ ഉൾപ്പെടെ നിത്യവ്രതവാഗ്ദാനം നടത്തിയ അനുയോജ്യരും ആരോഗ്യമുള്ളവരുമായ സിസ്റ്റേഴ്സിനെയാണ് ഈ കോഴ്സിൽ പങ്കെടുപ്പിക്കേണ്ടത്. നമ്മുടെ ഇടവകകളിൽ ഈ ശുശ്രൂഷ നിർവഹിക്കുവാൻ സിസ്റ്റേഴ്സിനെ സജ്ജരാക്കുവാൻ ബഹു. വികാരിയച്ചന്മാർ താത്പര്യപ്പെടുമല്ലോ.

വി. കുർബാന എഴുന്നള്ളിച്ചു കൊടുക്കുവാൻ നിയോഗിക്കപ്പെടുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു:

1. ബഹു. സിസ്റ്റേഴ്സ് വി. കുർബാന എഴുള്ളിച്ചുകൊടുക്കുവാൻ നിർദിഷ്ടവസ്ത്രങ്ങൾ അണിയേണ്ടതാണ്. വേദകുസ്തായുടെ മാതൃകയിൽ ഏതാണ്ട് രണ്ടുമീറ്റർ നീളവും 45 സെ. മീ. വീതിയും അതിന്റെ നാലുവശത്തും ലേസും കുറിയ വശങ്ങളിൽ അലുക്കും നടുവിൽ മാർത്തോമ്മാസ്ലീവായും ഉള്ള ക്രീം നിറത്തിലുള്ള പോളിസ്റ്റർ ഷാൾ ആയിരിക്കണം അണിയേണ്ടത്.

2. കുർബാനസ്വീകരണത്തിനു തൊട്ടുമുമ്പുള്ള ആശീർവാദത്തിനുശേഷം ബഹു. വൈദികർ വി. കുർബാന ഉൾക്കൊള്ളുന്ന കുസ്തോദി മദ്ബഹായുടെ കവാടത്തിൽ എത്തിച്ച് ബഹു. സിസ്റ്റേഴ്സിന് വി. കുർബാന എഴുന്നള്ളിച്ചുകൊടുത്തശേഷം കുസ്തോദി അവരെ ഏല്പിക്കുന്നു. ബഹു. സിസ്റ്റേഴ്സ് കുസ്തോദി സ്വീകരിച്ച് വിശ്വാസികൾക്ക് വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുന്നു. വി. കുർബാന കൊടുത്തുകഴിയുമ്പോൾ മദ്ബഹായുടെ കവാടത്തിൽവച്ച് കുസ്തോദി വൈദികരെ ഏല്പിക്കുന്നു. തുടർന്ന് സങ്കീർത്തിയിൽ വച്ച് കൈകൾ കഴുകി തുടച്ചശേഷം സ്വസ്ഥാനങ്ങളിലേക്കു പോകുന്നു.

പരിശുദ്ധകുർബാന ഇരുസാദൃശ്യങ്ങളിൽ നൽകുന്നതിന് അസാധാരണശുശ്രൂഷകർക്ക് അനുവാദമുണ്ട്. വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ അസാധാരണശുശ്രൂഷകരായി (Extra Ordinary Ministers) നിയോഗിക്കപ്പെട്ടിരുന്നവരുടെ ശ്രേഷ്ഠമായ സേവനത്തെ ഏറെ ആദരവോടെ നന്ദിപൂർവം സ്മരിക്കുകയും പുതുതായി നിയോഗിക്കപ്പെടുന്നവർക്ക് ഈ ശുശ്രൂഷ യഥാവിധി നിർവഹിക്കുവാൻ സാധിക്കട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 30.09.2025

സർക്കുലർ- 336

# ചേർപ്പുങ്കൽ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്റർ വെഞ്ചരിപ്പും ഉദ്ഘാടനവും

സാന്ത്വനവും രോഗീപരിചരണവും മുഖമുദ്രയാക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ സേവനത്തിന്റെ ഏഴാം വർഷത്തിലേക്കു പ്രവേശിക്കുകയാണ്. 648 കിടക്കകളുള്ള ആശുപത്രിയുടെ വളർച്ചയ്ക്കു സഹായകരമായ നിരവധി പദ്ധതികൾ നടപ്പിലാക്കാനും അവ സാധാരണക്കാരായ ജനങ്ങളിലേക്കെത്തിക്കുവാനും നമുക്കു സാധിച്ചു. വൈദ്യശാസ്ത്രരംഗത്തു മികവിന്റെ കേന്ദ്രമാകുവാൻ വളരെ ചെറിയ ഒരു കാലംകൊണ്ടു സാധിച്ചുവെന്നതിൽ നമുക്കഭിമാനിക്കാം.

ആരോഗ്യമേഖലയുടെ വളർച്ചയിൽ നിർണ്ണായകമായ മാറ്റങ്ങൾ വന്ന കാലഘട്ടമായിരുന്നു കഴിഞ്ഞുപോയത്. കേരളത്തിലെ സമർത്ഥരായ ഡോക്ടർമാരുടെ ഒരു നിരതന്നെ മാർ സ്ലീവാ മെഡിസിറ്റിയിലുണ്ട്. ഡോക്ടർമാരുടെ മികവും രോഗീപരിചരണത്തിൽ പുലർത്തുന്ന ആത്മാർത്ഥമായ സമീപനവും ആശുപത്രിയെ എല്ലാ അർത്ഥത്തിലും സൗഖ്യദായകകേന്ദ്രമെന്ന പദവിയിലേക്കുയർത്തുന്നു.

ആശുപത്രിയിൽ ഇതിനോടകം മൂന്നു ലക്ഷത്തി അമ്പതിനായിരം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒ.പി. (ഔട്ട് പേഷ്യന്റ്) വിഭാഗത്തിൽ ഇതിനോടകം ഇരുപതു ലക്ഷത്തിലധികം തവണ ഡോക്ടർമാർ രോഗികളുമായി രോഗവിവരം ആരായുകയും പ്രതിവിധികൾ നിർദേശിക്കുകയും ചെയ്തു. ഐ.പി. (ഇൻ പേഷ്യന്റ്) വിഭാഗത്തിൽ ആറു വർഷംകൊണ്ട് ഒരു ലക്ഷത്തി ഇരുപത്തിമൂവായിരം പേരാണ് ചികിത്സ തേടിയെത്തിയത്. അമ്പതിനായിരത്തിലധികം ശസ്ത്രക്രിയകളും ഇവിടെ നടത്തുകയുണ്ടായി. ദേശീയതലത്തിൽ ശ്രദ്ധേയമായ അംഗീകാരങ്ങൾ

നേടുവാൻ ചുരുങ്ങിയ നാളുകൾക്കുള്ളിൽ ആശുപത്രിക്കു കഴിഞ്ഞു. എൻ.എ.ബി.എച്ച്. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ഹോസ്പിറ്റൽസ്) അംഗീകാരവും നഴ്സിങ് എക്സലൻസ് സർട്ടിഫിക്കറ്റും ആശുപത്രി കരസ്ഥമാക്കി. ആശുപത്രിയുടെ ഓർത്തോപീഡിക്സ്, കാർഡിയാക് സയൻസസ്, ന്യൂറോ സയൻസ്, ഗ്യാസ്ട്രോ സയൻസ് വിഭാഗങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞു. പതിനഞ്ച് ഡിപ്പാർട്ടുമെന്റുകളിൽ ഡിപ്ലോമേറ്റ് ഓഫ് നാഷണൽ ബോർഡിന്റെ മെഡിക്കൽ പി.ജി. പഠനസൗകര്യം ലഭ്യമായി. അതിനു പുറമേ പത്ത് ടെക്നിക്കൽ ബി.എസ്സി. ബിരുദ കോഴ്സുകളും നടന്നുവരുന്നു. കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ മാത്രം നൂറോടടുത്തു കഴിഞ്ഞു. കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുവാനുള്ള അനുമതിയും ഉടനെ ലഭ്യമാകുന്നതാണ്.

വളർച്ചയുടെ പാതയിൽ സഞ്ചരിക്കുമ്പോഴും കൂടുതൽ പേർക്ക് ആശ്വാസം പകരുവാനുള്ള ശ്രമങ്ങൾ നാം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. മേൽത്തരം ചികിത്സകൾ സാധാരണക്കാർക്കു മിതമായ നിരക്കിൽ ലഭ്യമാകുവാനുള്ള നമ്മുടെ പരിശ്രമങ്ങളുടെ ഭാഗമാണ് സെപ്റ്റംബർ 14 ന് ഉദ്ഘാടനം ചെയ്യുന്ന സമ്പൂർണ്ണ കാൻസർ സെന്ററായ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്റർ.

നിയന്ത്രണാതീതമായി വർദ്ധിച്ചുവരുന്ന കാൻസർരോഗത്തിനെതിരേ പൊരുതുന്നതിനും രോഗത്തെ തുടക്കത്തിൽത്തന്നെ തിരിച്ചറിഞ്ഞു ചികിത്സിക്കുന്നതിനുമുള്ള പരിശ്രമങ്ങളുടെ ഭാഗമാണ് പുതുതായി ആരംഭിക്കുന്ന സമ്പൂർണ്ണ കാൻസർ ചികിത്സാലയം. നിരവധിയാളുകൾ നേരിട്ടും കത്തുമുഖേനയും, ഞാൻ ഇടവകസന്ദർശനത്തിനെത്തിയപ്പോഴും നമ്മുടെ ആശുപത്രിയോടനുബന്ധിച്ച് സമ്പൂർണ്ണകാൻസർ ചികിത്സയ്ക്കായി സൗകര്യമൊരുക്കുവാൻ അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെയെല്ലാം തുടർച്ചയെന്നവിധത്തിലാണ് കാൻസർചികിത്സയ്ക്കായി നില

വിലുണ്ടായിരുന്ന ഓങ്കോളജിവിഭാഗം വികസിപ്പിച്ച് മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്റർ ആശുപത്രിയുടെ ഭാഗമായി ആരംഭിക്കുന്നത്. ആശുപത്രിയുടെ പ്രധാന കെട്ടിട ത്തോടുചേർന്നുതന്നെ മൂന്നു നിലകളിലായി പണി തീർത്തി രിക്കുന്ന ഈ കാൻസർ സെന്ററിന് ഒരു ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുണ്ട്. പൂർണ്ണമായും എയർ കണ്ടീഷൻ ചെയ്ത കെട്ടിടം തികച്ചും രോഗീസൗഹൃദാന്തരീക്ഷം പുലർത്തുന്ന താണ്.

അന്തർദേശീയമായ തത്ത്വങ്ങൾക്കനുസരിച്ചുള്ള ചികിത്സാമാ നദണ്ഡങ്ങൾ പാലിച്ചുകൊണ്ടും വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഡോക്ടർമാരുടെ ഏകോപനം വഴിയും വ്യക്ത്യധിഷ്ഠിതവും രോഗിയുടെ ജനിതകപ്രത്യേകതകൾ വിലയിരുത്തി നടത്തു ന്നതും മിതമായ നിരക്കിലുള്ളതും ഇൻഷ്വറൻസ് സൗകര്യ ങ്ങൾ ഉപയോഗിക്കാവുന്നതുമായ ഒരു സമ്പൂർണ്ണ കാൻസർ ചികിത്സാസെന്ററാണ് ആരംഭിക്കുന്നത്.

ഇവിടെ മുതിർന്നവരുടെയും കുട്ടികളുടെയും കാൻസർ ചികിത്സ ഉറപ്പാക്കുന്ന മെഡിക്കൽ ഓങ്കോളജി, ഹെമറ്റോ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, ന്യൂക്ലിയർ മെഡിസിൻ, സ്റ്റെം സെൽ ട്രാൻസ്പ്ലാന്റ്, കാർ-ടി സെൽ തെറാപ്പി യൂണിറ്റ് എന്നിവയ്ക്കുപുറമേ പാലിയേറ്റീവ് ഓങ്കോളജി ആൻഡ് പെയ്ൻ ക്ലിനിക്, പ്രിവന്റീവ് ആൻഡ് കമ്മ്യൂണിറ്റി ഓങ്കോളജി, സൈക്കോ-ഓങ്കോളജി, ഓങ്കോ ന്യൂട്രീ ഷ്യൻ, റീഹാബിലിറ്റേറ്റീവ് ഓങ്കോളജി, ക്യാൻസർ രോഗഗവേ ഷണപരിപാടികൾ, മൾട്ടിഡിസിപ്ലിനറി ക്യാൻസർ ക്ലിനിക് എന്നിവയുടെയും പ്രവർത്തനം തുടങ്ങുകയാണ്.

മേൽത്തരം ചികിത്സ ഉറപ്പാക്കുന്നതിനായി വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത റേഡിയേഷൻചികിത്സയ്ക്കുള്ള ലിനാക്, പെറ്റ് സി.റ്റി.- സ്കാൻ, ഗാമാക്യാമറ അഥവാ സ്പെക്ട് സ്കാൻ, മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള അഫെ

റേസിസ് മെഷീൻ ആൻഡ് ക്രയോ പ്രിസർവേഷൻ യൂണിറ്റ് എന്നിവയും പ്രവർത്തനസജ്ജമാകുകയാണ്. ശരീരത്തിൽ എവിടെയുമുണ്ടാകാവുന്ന കാൻസർകോശങ്ങളെ കണ്ടെത്തി ചികിത്സിക്കുവാൻ കഴിയുന്ന ആശുപത്രിയായി മാർ സ്ലീവാ ഇതോടെ മാറുകയാണ്. ശ്വാസകോശാർബുദം, സ്തനാർബുദം, പ്രോസ്റ്റേറ്റ് കാൻസർ, ആമാശയ കാൻസർ, ബ്ലഡ് കാൻസർ എന്നിങ്ങനെയുള്ള എല്ലാവിധ അർബുദരോഗങ്ങളുടെയും ചികിത്സയ്ക്കായി നമ്മുടെ ആശുപത്രി സജ്ജമായിക്കഴിഞ്ഞു.

മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ ഔപചാരികമായ ഉദ്ഘാടനം സംബന്ധിച്ച കാര്യങ്ങൾ കൂടി നിങ്ങളെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. മാർ സ്ലീവാ മെഡിസിറ്റിയുടെ വാർഷികദിനംകൂടിയായ സെപ്റ്റംബർ 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ആശുപത്രിയുടെ ചാപ്പലിൽ നടക്കുന്ന പരിശുദ്ധകുർബാനയോടെയാണ് ചടങ്ങുകൾ ആരംഭിക്കുന്നത്. വൈകുന്നേരം 4.30 ന് സി.ബി.സി.ഐ. പ്രസിഡന്റും തൃശൂർ അതിരൂപത മെത്രാപ്പോലീത്തായുമായ മാർ ആൻഡ്രൂസ് താഴത്തുപിതാവിന്റെ കാർമ്മികത്വത്തിൽ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ വെഞ്ചരിപ്പ് നടക്കും. തുടർന്ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിക്കും. പ്രസ്തുത സമ്മേളനത്തിൽ പിതാക്കന്മാർ, മന്ത്രിമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

സെപ്റ്റംബർ 14 ന് ഉദ്ഘാടനം ചെയ്യപ്പെടുന്ന മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്റർ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 15 തിങ്കളാഴ്ച മുതൽ 21 ഞായറാഴ്ചവരെ എല്ലാ ദിവസവും വൈകുന്നേരം 3 മുതൽ 7വരെ പൊതുജനങ്ങൾക്കു കാൻസർ സെന്റർ സന്ദർശിക്കുവാനും പ്രവർത്തനങ്ങളെക്കുറിച്ചു വിശദീകരണം

സഹിതം മനസ്സിലാക്കാനുമുള്ള അവസരം ക്രമീകരിച്ചിട്ടുണ്ട്. ഒക്ടോബർ ഒന്നു മുതൽ പെറ്റ് – സി.റ്റി., സ്പെക്ട് എന്നീ മെഷീനുകൾ ഉപയോഗിച്ചുള്ള ചികിത്സകൾ ആരംഭിക്കും. കീമോതെറാപ്പി ചികിത്സയും പുതിയ കെട്ടിടത്തിലേക്ക് അന്നുമുതൽ മാറും. ബോൺ മാരോ ട്രാൻസ്പ്ലാന്റ് യൂണിറ്റിന്റെ പ്രവർത്തനം നവംബർ ഒന്നിനാണ് തുടങ്ങുന്നത്. റേഡിയേഷൻ ഓങ്കോളജി ചികിത്സകൾ 2026 ജനുവരി ഒന്നുമുതലും പ്രവർത്തനമാരംഭിക്കും. അതോടെ കാൻസർരോഗത്തിനുള്ള സമ്പൂർണ്ണചികിത്സാകേന്ദ്രമായി നമ്മുടെ ആശുപത്രി മാറും.

മിശിഹായിൽ സ്നേഹപൂർവം

+Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 14.09.2025

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

NB: 2025 സെപ്റ്റംബർ 14-ാം തീയതി വായിക്കാൻ നല്കപ്പെട്ടത്.

## അറിയിപ്പ്

പ്രിയമുള്ളവരേ,

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള തീർഥാടനപദയാത്ര 2025 ഒക്ടോബർ 16 വ്യാഴാഴ്ച നടക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഒക്ടോബർ 1 ന് നടക്കുന്ന അടിയന്തര രൂപതാ കൗൺസിൽ & സോണൽ മീറ്റിങ്ങിൽ നൽകുന്നതാണ്.

## മിഷൻ സൺഡേ

ഒക്ടോബർ 19-ാം തീയതി മിഷൻഞായർ ആണല്ലോ. അന്നേദിവസം വിശുദ്ധകുർബാനമധ്യേ മിഷൻ ഞായർ പിരിവുനടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക നവംബർ 16-ാം തീയതിക്കുമുമ്പായി ബഹു. രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കുകയും ചെയ്യുമല്ലോ.

### പാലാ രൂപത

## നസ്രാണി കലണ്ടർ

2026 വർഷത്തെ കലണ്ടർ മംഗളവാർത്തക്കാലം (2025 ഡിസംബർ) മുതൽ ഉപയോഗം തുടങ്ങാവുന്ന വിധത്തിൽ തയ്യാറാക്കുന്നു.

വീടുകളിൽ നൽകാൻ ആഗ്രഹം ഉള്ളവർ ഇടവകകളിൽ ആവശ്യമുള്ള എണ്ണം ഒക്ടോബർ 31 നു മുമ്പ് ഓർഡർ ചെയ്യുക. വില 30 രൂപയാണ്. ഉചിതമായ പരസ്യങ്ങൾ സ്വീകരിക്കുന്നതാണ്.

(വിവരങ്ങൾക്ക് ബന്ധപ്പെടുക : 9496542361

**ഫാ. സിറിൽ തോമസ് തയ്യിൽ**

# പാലാ ഹോം പ്രോജക്ട്

| സാമ്പത്തികസഹായം ലഭിച്ചവർ | Amount From Centre | Amount From Parish / Congregation |
|---|---|---|
| ജെസി മാത്യു, ഇടമറ്റം | 30177 | |
| സോണി ജോസഫ്, മുട്ടുചിറ | 50000 | |
| മെൽബിൻ, വേഴങ്ങാനം | 22952 | |
| സാബു ജോസഫ്, മംഗളാരാം | 18000 | |
| ജെയിംസ് വി.സി., മരങ്ങോലി | 27601 | |
| ജോയി, സേവ്യർപുരം | 19853 | |
| മുരളീധരൻ, ഇടമറ്റം | 18071 | |
| ലൂസി ബേബി, മൂന്നാനി | 15000 | |
| മേരിക്കുട്ടി, ഉള്ളനാട് | 22633 | |
| മേരി വർക്കി, മണിയംകുളം | 22221 | |
| ചിന്നമ്മ മാത്യു, രാമപുരം | 18804 | |
| മാണിക്കുട്ടി സെബാസ്റ്റ്യൻ, അന്തീനാട് | 23411 | |
| മേരിക്കുട്ടി സെബാസ്റ്റ്യൻ, കുടക്കച്ചിറ | 21094 | |
| ബെന്നി, കോതനല്ലൂർ | | 1055700 |
| അപ്പച്ചൻ, കോതനല്ലൂർ | | 132650 |
| തങ്കമ്മ, കോതനല്ലൂർ | | 121500 |
| മറിയം, കോതനല്ലൂർ | | 149125 |
| ബിന്ദു, കോതനല്ലൂർ | | 270295 |
| മാത്യു, കത്തീഡ്രൽ | | 36125 |
| ലിസ്സി, കത്തീഡ്രൽ | | 195830 |
| മേരി, കത്തീഡ്രൽ | | 69345 |
| ഷൈമോൾ, കത്തീഡ്രൽ | | 208100 |
| മധു, കത്തീഡ്രൽ | | 14774 |

| | | |
|---|---|---|
| അച്ചാമ്മ, കത്തീഡ്രൽ | | 122975 |
| സോമൻ, കത്തീഡ്രൽ | | 36700 |
| കുഞ്ഞുമോൻ, കത്തീഡ്രൽ | | 66590 |
| പ്രഭാകരൻ, കത്തീഡ്രൽ | | 68840 |
| ലീലാമ്മ, കത്തീഡ്രൽ | | 58600 |
| പോൾ, കത്തീഡ്രൽ | | 23500 |
| തോമ്മാച്ചൻ, കത്തീഡ്രൽ | | 13600 |
| സന്തോഷ്, കത്തീഡ്രൽ | | 150065 |
| റോജി, കത്തീഡ്രൽ | | 51300 |
| ജോസഫ്, കത്തീഡ്രൽ | | 45000 |
| സിബി, കയ്യൂർ | 22065 | |
| സജി, കയ്യൂർ | 19851 | |
| ലാലി തോമസ് മറ്റത്തിപ്പാറ | 18768 | |
| തങ്കമ്മ, മുത്തോലി | 18572 | |

**കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താൽപര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയുടെ ആറാം വാർഷികവും മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ ആറാം വാർഷികവും ആശുപത്രിയോടനുബന്ധിച്ച് ഒരുലക്ഷത്തിൽപരം ചതുരശ്രഅടിയിൽ നിർമ്മിച്ച മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നടത്തി. സിബിസിഐ പ്രസിഡന്റും തൃശൂർ അതിരൂപത അധ്യക്ഷനുമായ മാർ ആൻഡ്രൂസ് താഴത്ത് വെഞ്ചരിപ്പിനു മുഖ്യകാർമികത്വം വഹിച്ചു. ബിഷപ് എമിരറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. ബഹു.സഹകരണ, തുറുമുഖ, ദേവസ്വം വകുപ്പ് മന്ത്രി വി.എൻ.വാസവൻ, ബഹു. ജലവിഭവവകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ എന്നി

വർ ചേർന്ന് സെന്റർ നാടിനായി സമർപ്പിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ എപ്പിസ്കോപ്പൽ ജൂബിലിയുടെ 50–ാം വാർഷികത്തെ അനുസ്മരിച്ച് കാൻസർ സെന്ററിന്റെ പേര് മാർ പള്ളിക്കാപറമ്പിൽ എപ്പിസ്കോപ്പൽ ഗോൾഡൻ ജൂബിലി മെമ്മോറിയൽ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്റർ എന്നു നാമകരണം ചെയ്യുന്നതായി ബിഷപ് പ്രഖ്യാപിച്ചു. ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. പുതിയ സെന്ററിന്റെ പ്രൊജക്ട്, സൗകര്യങ്ങൾ എന്നിവ ആശുപത്രി പ്രൊജക്ട്സ്, ഐ.ടി, ലീഗൽ ആൻഡ് ലെയ്സൺ ഡയറക്ടർ റവ.ഫാ.ജോസ് കീരഞ്ചിറ അവതരിപ്പിച്ചു. ഓങ്കോളജിവകുപ്പിന്റെ സേവനങ്ങളെക്കുറിച്ച് മെഡിക്കൽ ഓങ്കോളജിവിഭാഗം മേധാവി ഡോ.റോണി ബെൻസൺ സംസാരിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ, ഫ്രാൻസിസ് ജോർജ് എം.പി, ജോസ്.കെ.മാണി എം.പി, ആന്റോ ആന്റണി എം.പി, ഡീൻ കുര്യാക്കോസ് എം.പി, മാണി സി.കാപ്പൻ എം.എൽ.എ, മോൻസ് ജോസഫ് എം.എൽ.എ, ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനചർച്ച് വികാരി റവ.ഫാ.മാത്യു തെക്കേൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ.പൗളിൻ ബാബു എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ദി റീ കണക്ട് ക്ലിനിക്ക് പ്രവർത്തനം തുടങ്ങി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഡിമൻഷ്യരോഗത്തെ പ്രതിരോധിക്കുന്നതിനായി ദി റീ കണക്ട് എന്ന പേരിൽ പുതിയ ക്ലിനിക്കിനു തുടക്കമായി. കോട്ടയം ജില്ലാ കളക്ടർ ചേതൻകുമാർ മീണ ഉദ്ഘാടനം നിർവഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ക്ലിനിക്കിന്റെ ഭാഗമായുള്ള വി.ആർ. ടൂൾ ആൻഡ് ന്യൂറോബ്ലും, എൽഡേഴ്സ് മെമ്മറി വർക്ക് ബുക്ക് എന്നിവയുടെ പ്രകാശനവും മുഖ്യപ്രഭാഷണവും പാലാ നഗരസഭ ചെയർമാൻ തോമസ് പീറ്റർ നിർവഹിച്ചു. റീ കണക്ട് ക്ലിനിക്കിനെക്കുറിച്ച് ന്യൂറോളജിവിഭാഗം കൺസൾട്ടന്റ് ഡോ.ജോസി ജെ.വള്ളിപ്പാലം വിശദീകരിച്ചു. ന്യൂറോളജിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.അരുൺ ജോർജ് തറയാനിൽ, ഈസ്ഡിമൻഷ്യ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് സി.ഇ.ഒ പൈനാടത്ത് ജോസ് ജോളി, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ.പൗളിൻ ബാബു എന്നിവർ പ്രസംഗിച്ചു.

**സൈക്കോളജിവിദ്യാർത്ഥികളുടെ പ്രായോഗികപരിശീലനത്തിന്റെ ഉദ്ഘാടനവും ശില്പശാലയും മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിലെ ക്ലിനിക്കൽ സൈക്കോളജിവിഭാഗത്തിന്റെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോളജിലെ സൈക്കോളജിവിഭാഗവുമായി സഹകരിച്ച് വിദ്യാർത്ഥികളുടെ പ്രായോഗികപരിശീലനത്തിന്റെ ഔപചാരികമായ ഉദ്ഘാടനവും ശില്പശാലയും നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. ആയുഷ്വിഭാഗം ഡയറക്ടറും ക്ലിനിക്കൽ സൈക്കോളജി വിഭാഗം കോഓർഡിനേറ്ററുമായ റവ.ഫാ. മാത്യു ചേന്നാട്ട്, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ.പൗളിൻ ബാബു, സെന്റ് തോമസ് കോളജ് സെൽഫ് ഫിനാൻസിങ് വിഭാഗം കോ ഓർഡിനേറ്റർ റവ.ഫാ.റോഷൻ എണ്ണയ്ക്കാപ്പള്ളിൽ, സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.ഏയ്ഞ്ചൽ തോമസ് എന്നിവർ പ്രസംഗിച്ചു. ആയുഷ് ഡയറക്ടർ റവ.ഫാ.മാത്യു ചേന്നാട്ട്, ആശുപത്രി ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ.ഗോപിനാഥ് എം., സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ഏയ്ഞ്ചൽ തോമസ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത്, സൈക്യാട്രിവിഭാഗം കൺസൾട്ടന്റ് ഡോ. ടിജോ ഐവാൻ ജോൺ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ കാൻസർ ബോധവൽക്കരണ ക്ലാസ്സ് നടത്തി**

മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ നേതൃത്വത്തിൽ ചേർപ്പുങ്കൽ ബി.വി.എം കോളജ് എൻ.എസ്.എസ് യൂണിറ്റുമായി സഹകരിച്ച് മാർ സ്ലീവാ മെഡിസിറ്റിയിൽവച്ച് കാൻസർ ബോധവൽക്കരണ പ്രോഗ്രാം നടത്തി. ആശുപത്രി ഹ്യൂമൻ റിസോഴ്സസ് ആൻഡ് നഴ്സിങ് വിഭാഗം ഡയറക്ടർ റവ.ഡോ.ജോസഫ് കരികുളം ഉദ്ഘാടനം ചെയ്തു. ഓങ്കോളജിവിഭാഗം മേധാവി ഡോ.റോണി ബെൻസൺ ബോധവൽക്കരണക്ലാസ്സിനു നേതൃത്വം നൽകി. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്റർ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു. പ്രിൻസിപ്പൽ റവ.ഡോ.ബേബി സെബാസ്റ്റ്യൻ തോണിക്കുഴി, ബർസാർ റവ.ഫാ.മാർട്ടിൻ കല്ലറയ്ക്കൽ, എൻ.എസ്.എസ്.പ്രോഗ്രാം ഓഫിസർമാരായ ജിബിൻ അലക്സ്, ഷെറിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ**
**വേൾഡ് പേഷ്യന്റ് സേഫ്റ്റി ദിനാചരണം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ വേൾഡ് പേഷ്യന്റ് സേഫ്റ്റി ദിനാചരണം നടത്തി. സി.ഇ.ഒ. റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ അധ്യക്ഷത

വഹിച്ചു. പീഡിയാട്രീഷനും കൺസൾട്ടന്റ് ഇൻ മെഡിക്കൽ ലോയുമായ റവ. ഡോ. ജോർജ് എഫ്. മൂലയിൽ ഉദ്ഘാടനം ചെയ്തു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പൗളിൻ ബാബു, ചീഫ് നഴ്സിങ് ഓഫിസർ ലഫ്.കേണൽ മജല്ല മാത്യു, ഇൻഫെക്ഷൻ കൺട്രോൾ മാനേജർ കുട്ടിയമ്മ ജോസഫ്, ചീഫ് ഓപ്പറേറ്റിങ് ഓഫിസർ ഡോ.ഗോപിനാഥ് എം, സേഫ്റ്റി ഓഫിസർ കെ.ആർ.ഷാജിമോൻ എന്നിവർ പ്രസംഗിച്ചു. പേഷ്യന്റ് സേഫ്റ്റിയുമായി ബന്ധപ്പെട്ട ബെസ്റ്റ് പ്രാക്ടീസസ് പുരസ്കാരങ്ങൾ ഒ.പി.വിഭാഗത്തിൽ ഓങ്കോളജി ഡേ കെയറും, ഐ.പി വിഭാഗത്തിൽ പി.ഐ.സി.യുവും കരസ്ഥമാക്കി. തുടർന്നുനടന്ന പാനൽ ചർച്ചയിൽ ഗൈനക്കോളജിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ടി.ഗീത, പീഡിയാട്രിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ.അനിറ്റ ആൻ സൈമൺ, അസോ.കൺസൾട്ടന്റ് ഡോ.അഞ്ജു മേരി ജോസ്, ക്ലിനിക്കൽ മൈക്രോ ബയോളജിസ്റ്റ് ഡോ.ജീന ജോർജ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സിസ്റ്റർ ജൂലി എലിസബത്ത്, ക്ലിനിക്കൽ ഫാർമസിസ്റ്റ് ബീന ജോൺസൺ, ചീഫ് ക്ലിനിക്കൽ ഡയറ്റീഷ്യൻ ജിജിനു.ജെ, ക്ലിനിക്കൽ സേഫ്റ്റി ഓഫിസർ ബിനു ലക്ഷ്മണൻ എന്നിവർ പങ്കെടുത്തു. ഡോ.ലക്ഷ്മി പണിക്കർ മോഡറേറ്ററായി. വേൾഡ് പേഷ്യന്റ് ദിനാചരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ആശുപത്രിയിൽ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പേഷ്യന്റ് സേഫ്റ്റി രീതികളുടെ പ്രദർശനവും ബോധവൽക്കരണവും സംഘടിപ്പിച്ചു.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – റബർ ബോർഡ്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ റബർ ബോർഡ് റിസർച്ച് സെന്ററിലെ ഉദ്യോഗസ്ഥർക്കായി സൗജന്യ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ന്യൂറോസർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.സരീഷ് കുമാർ എം. കെ. ക്ലാസ്സ് ന**യിച്ചു.**

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – ചൂണ്ടച്ചേരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ആരോഗ്യബോധവൽക്കരണക്ലാസ്സ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – കാണക്കാരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാണക്കാരി കൃപ ചാരിറ്റബിൾ സൊസൈറ്റിയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ

ക്യാമ്പ് നടത്തി. കാണക്കാരി പഞ്ചായത്ത് പ്രസിഡന്റ് അംബിക സുകുമാരൻ ഉദ്ഘാടനം ചെയ്തു. വിദഗ്ധഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സും ബി.എൽ.എസ്. പരിശീലനവും – അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് കോളജിൽ അധ്യാപകർക്കും അനധ്യാപകർക്കുമായി ആരോഗ്യ ബോധവൽക്കരണക്ലാസ്സും, ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനവും നൽകി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി. ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനത്തിന് ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് നേതൃത്വം നൽകി.

**സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിങ് ക്യാമ്പുകൾ നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോട് അനുബന്ധിച്ച് സാമൂഹിക പദ്ധതികളുടെ ഭാഗമായി അറക്കുളം സെന്റ് മേരീസ് പള്ളിയിൽ സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിങ് ക്യാമ്പുകൾ നടത്തി. പൾമണറി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. മിഥുൻ ജെ നേതൃത്വം നൽകി.

**സൗജന്യ ഇ.എൻ.റ്റി പരിശോധനക്യാമ്പ് – കൊച്ചിടപ്പാടി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൊച്ചിടപ്പാടി സ്നേഹാരം സ്പെഷ്യൽ സ്കൂളിൽ വച്ച് സൗജന്യ ഇ.എൻ.റ്റി പരിശോധനാ ക്യാമ്പ് നടത്തി.അസോസിയേറ്റ് കൺസൾട്ടന്റ് ഡോ.മാനസ കൃഷ്ണ നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോളജിൽ അധ്യാപകർക്കും അനധ്യാപകർക്കുമായി സൗജന്യ ആരോഗ്യ ബോധവൽക്കരണക്ലാസ്സ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ഇ.എൻ.റ്റി പരിശോധനക്യാമ്പ് – പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സെന്റ് തോമസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മാർ സ്ലീവാ സർവീസ് സെന്ററിൽ വച്ച് ഇ.എൻ.റ്റി പരിശോധനക്യാമ്പ് നടത്തി. വിദഗ്ധഡോക്ടർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യബോധവൽക്കരണക്ലാസ്സ് – കൊഴുവനാൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കൊഴുവനാൽ പഞ്ചായത്തിലെ തൊഴിലുറപ്പു പ്രവർത്തകർക്കായി സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – മണ്ണയ്ക്കനാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മണ്ണയ്ക്കനാട് ഒ.എൽ.സി സ്പെഷ്യൽസ്കൂളിലെ മാതാപിതാക്കൾക്കായി സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സിസ്റ്റർ ജൂലി എലിസബത്ത് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറഫലയൺസ് ക്ലബ്ബു സഹകരിച്ച് അരുവിത്തുറ സെന്റ് ജോർജ് കോളജിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണക്ലാസ്സും നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെലീറ്റ ജോർജ്, ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് എന്നിവർ നേതൃത്വം നൽകി.

**സൗജന്യ വൈദ്യസഹായം നൽകി – രാജകുമാരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി രൂപത മരിയൻ തീർത്ഥാടനകേന്ദ്രമായ രാജകുമാരി ദേവമാതാപള്ളിയിൽ നടന്ന എട്ടുനോമ്പ് പെരുന്നാളിനും മരിയൻ തീർത്ഥാടനത്തിനും സൗജന്യ വൈദ്യസഹായം ക്രമീകരിച്ചു നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – തീക്കോയി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ തീക്കോയി ദീപ്തി ഡി.സി.എം.ആർ സ്പെഷ്യൽ സ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽക്യാമ്പ് – ഇടുക്കി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി രൂപതയുടെ കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയായ ടീച്ചേഴ്സ് ഗിൽഡുമായി സഹകരിച്ച് അധ്യാപകർക്കായി സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ഏയ്ഞ്ചൽ തോമസ് ക്ലാസ്സിന് നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് -ചിങ്ങവനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചിങ്ങവനം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലെ (എഫ്.സി.ഐ) ജീവനക്കാർക്ക് വേണ്ടി സൗജന്യ മെഡിക്കൽക്യാമ്പ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽക്യാമ്പ് - അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിൽ വച്ച് സൗജന്യ ഗൈനക്കോളജി മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽക്യാമ്പ് - പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ അൽഫോൻസാ കോളജിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ജനറൽ മെഡിസിൻ, ഇ.എൻ.റ്റി, ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - വഴിത്തല**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വഴിത്തല എസ്. എസ്. ഹയർ സെക്കൻഡറി സ്കൂളിൽ സൗജന്യ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ രക്തദാനക്യാമ്പ് - പൂഞ്ഞാർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന ചർച്ചുമായി സഹകരിച്ച് സൗജന്യരക്തദാനക്യാമ്പ് നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - കണമല**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കണമല സർവീസ് സഹകരണബാങ്കുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കാർഡിയോളജി, ന്യൂറോളജി, ജനറൽ മെഡിസിൻ, പൾമനോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

**ബ്രിഗേഡിയർ (ഡോ) എം. ജെ. ജേക്കബ് ചുമതലയേറ്റു**

മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിൽ ന്യൂക്ലിയർ മെഡിസൻ വിഭാഗത്തിൽ സീനിയർ കൾസൾട്ടന്റായി ബ്രിഗേഡിയർ (ഡോ) എം.ജെ. ജേക്കബ് ചുമതലയേറ്റു.

**ഡോ. വിഷ്ണു രഘു ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഓങ്കോളജിവിഭാഗത്തിൽ റേഡിയേഷൻ ഓങ്കോളജിവിഭാഗം അസോസിയേറ്റ് കൺസൾട്ടന്റായി ഡോ. വിഷ്ണു രഘു ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

* മാർ ജേക്കബ് അങ്ങാടിയത്ത് (ബിഷപ് എമിരിറ്റസ്, ചിക്കാഗോ)
* ശ്രീ റോഷി അഗസ്റ്റിൻ (ജലസേചനവകുപ്പുമന്ത്രി)

**ഇതര സംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനക്കാരായ ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി 2025 സെപ്റ്റംബർ 7 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് കുമ്പസാരവും വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്. വി. ഡി.ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**രാത്രി ആരാധന**

2025 സെപ്റ്റംബർ 27 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ രാത്രി ആരാധന നടത്തപ്പെട്ടു. വൈകിട്ട് 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ശുശ്രൂഷകൾ രാവിലെ 4 മണിക്കുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. ഫാ.ജോസ് വേലശ്ശേരി OFM Cap. (അസ്സീസി ആശ്രമം, ഭരണങ്ങാനം) ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**NCC കേഡറ്റുകളുടെ സന്ദർശനം**

NCC നാഷണൽ ക്യാമ്പിൽ പങ്കെടുക്കാൻ കേരളത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽനിന്നെത്തിയ 600 ലധികം NCC കേഡറ്റുകൾ സെപ്റ്റംബർ മാസം 3-ാം തീയതി വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**CTP കോഴ്സ് 2025–2026**

2025–2026 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ക്ലാസ്സുകൾ സെപ്റ്റംബർ 4, 6, 13 തീയതികളിൽ നടന്നു. റവ. ഡോ. ജോസഫ് മുത്തനാട്ട്, റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, റവ. ഡോ. തോമസ് വടക്കേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഒക്ടോബർമാസത്തിലെ ക്ലാസ്സുകൾ :**

ഒക്ടോബർ 1 – Moral Theology - Rev. Dr. Dominic Vechoor
ഒക്ടോബർ 2 – Church History I - Rev. Dr. James Puliurumpil
ഒക്ടോബർ 20 – Moral Theology - Rev. Dr. Dominic Vechoor

**സാഹിത്യമത്സരങ്ങൾ 2025– 2026**

ഈ വർഷത്തെ രൂപതാതല സാഹിത്യമത്സരങ്ങൾ 2025 ഓഗസ്റ്റ് 31 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു.

**സാഹിത്യമത്സരങ്ങളുടെ റിസൾട്ട്**

2025 ഓഗസ്റ്റ് 31 ഞായറാഴ്ച നടത്തിയ രൂപതാതല സാഹിത്യമത്സരങ്ങളുടെ ഫലം സെപ്റ്റംബർ 12 വെള്ളിയാഴ്ച പ്രസിദ്ധീകരിച്ചു. പങ്കെടുത്ത എല്ലാവർക്കും പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും അനുമോദനങ്ങൾ, വിജയികളായവക്ക് പ്രത്യേകം അഭിനന്ദനങ്ങൾ!

**സംസ്ഥാന സാഹിത്യമത്സരം**

സംസ്ഥാന CML സാഹിത്യമത്സരങ്ങൾ സെപ്റ്റംബർ 21, ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു.

**സ്കൂൾ മതബോധന–സന്മാർഗ്ഗപരിശീലനരംഗം**

സ്കൂൾതലത്തിലുള്ള മതബോധനത്തിന്റെയും സന്മാർഗപരിശീലനത്തിന്റെയും ഒന്നാം ടേം പരീക്ഷ 2025 സെപ്റ്റംബർ 9 –ാം തീയതി നടത്തപ്പെട്ടു.

**അധ്യാപകസംഗമം**

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2025 സെപ്റ്റംബർ 20–ാം തീയതി സ്കൂളുകളിൽ ഒൻപതാംക്ലാസിൽ കാറ്റക്കിസം പഠിപ്പിക്കുന്ന അധ്യാപകർക്കായി പ്രത്യേകസംഗമം നടത്തി. പാഠപുസ്തകത്തെ സംബന്ധിച്ചുള്ള ഉൾക്കാഴ്ചകളും നിർദേശങ്ങളും ഈ സംഗമത്തിൽ പങ്കുവച്ചു. ഡയറക്ടറച്ചന്റെ

നേതൃത്വത്തിൽ നടത്തപ്പെട്ട ഈ സംഗമത്തിൽ റവ. ഡോ. തോമസ് മണ്ണൂർ ക്ലാസ്സ് നയിച്ചു.

**പാലാ രൂപത കലോത്സവം**

ഈ വർഷത്തെ രൂപതാതല വിശ്വാസ-പ്രേഷിതപരിശീലനകലോത്സവം 2025 ഒക്ടോബർ 11-ാം തീയതി ശനിയാഴ്ച രാവിലെ 8.15 മുതൽ പാലാ സെന്റ് തോമസ് സ്കൂളിൽ വച്ചു നടത്തപ്പെടുന്നതാണ്. രൂപതാകലോത്സവത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയവരുടെ ലിസ്റ്റ് രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട അവസാനതീയതി ഒക്ടോബർ 6 ആണ്.

**ഒന്നാം ടേം പരീക്ഷയുടെ ചോദ്യക്കടലാസ്വിതരണവും ഒന്നാം ടേം പരീക്ഷയും**

2025-2026 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷയുടെ ചോദ്യപ്പേപ്പറുകൾ 2025 ഒക്ടോബർ 25 ശനിയാഴ്ച് രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു വിതരണം ചെയ്യുന്നതാണ്.2025-2026 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ 2025 ഒക്ടോബർ 26-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്. പരീക്ഷയുടെ സമയക്രമം ചുവടെ ചേർക്കുന്നു.

Std I-VII 11.00 am-01.00 pm

Std VIII-XII: 02.00 pm-04.00 pm

**അൽഫോൻസാതീർത്ഥാടനം**

പാലാ രൂപതാ മിഷൻലീഗിന്റെ നേതൃത്വത്തിൽ ഈ വർഷം അൽഫോൻസാതീർത്ഥാടനം നടത്തപ്പെടുന്നു. അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ച ഒക്ടോബർ 12 ഞായറാഴ്ചയാണ് ഈ വർഷത്തെ തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ വർഷം തീർത്ഥാടനത്തിൽ പങ്കെടുപ്പിക്കേണ്ടത്. മേഖലകളുടെ നേതൃത്വത്തിലാണ് ഓരോ ഇടവകകളിൽനിന്നും കുട്ടികൾ വന്നു പങ്കെടുക്കേണ്ടത്. പാലാഭാഗത്തുനിന്നു വരുന്നവർ മേരിഗിരി ആശുപത്രിയുടെ സമീപത്തുനിന്നും അരുവിത്തുറഭാഗത്തുനിന്നു വരുന്നവർ വട്ടോളിക്കടവിൽനിന്നും റാലിയായി ആരംഭിച്ച് കബറിടത്തിൽ എത്തിയാൽ മതിയാകും. റാലി ആരംഭിക്കുന്ന സ്ഥലങ്ങളിൽ എത്തിച്ചേരുന്നവർക്ക് വരുന്ന മുറയ്ക്ക് അൽഫോൻസാമ്മയുടെ കബറിടത്തിലേക്കു പോകാവുന്നതാണ്. മറ്റു യൂണിറ്റുകളെ നോക്കിനിൽക്കേണ്ട കാര്യമില്ല.

റാലിയായി ആരംഭിച്ച് കബറടത്തിങ്കൽ വന്നു പ്രാർഥിച്ചതിനു ശേഷം ഇടവകപ്പള്ളിയായ സെന്റ് മേരീസ് ഫൊറോനാദേവാലയത്തിൽ

വന്ന് പരി. കുർബാനയിൽ പങ്കെടുത്തു തിരിച്ചുപോകുന്ന രീതിയിലാണ് ക്രമീകരണം ചെയ്തിരിക്കുന്നത്.

മേഖലകളുടെ നേതൃത്വത്തിൽ കുട്ടികൾ റാലി ആരംഭിച്ച് കബ റിടപ്പള്ളിയിൽ എത്തിച്ചേരേണ്ട സമയക്രമം ചുവടെ ചേർക്കുന്നു.

**1st Batch**

കടനാട്, പ്രവിത്താനം – (വട്ടോളിക്കടവിൽനിന്നും)

പാലാ കത്തീഡ്രൽ, ചേർപ്പുങ്കൽ – (മേരിഗിരി ജങ്ഷനിൽനിന്നും)

വട്ടോളിക്കടവ്, മേരിഗിരി ആശുപത്രി ജങ്ഷൻ എന്നിവിടങ്ങളിൽ എത്തിച്ചേരേണ്ട സമയം – 9:00 AM

St. Mary-'s ഇടവകപള്ളിയിൽ പരി. കുർബാനയ്ക്കായി എത്തിച്ചേരേണ്ട സമയം – 10:00 AM

**2nd Batch**

തീക്കോയി, മൂലമറ്റം, അരുവിത്തുറ, കൂട്ടിക്കൽ – (വട്ടോളിക്കടവിൽനിന്നും).

കോതനല്ലൂർ, കൂത്താട്ടുകുളം – (മേരിഗിരി ജങ്ഷനിൽ നിന്നും)

വട്ടോളികടവ്, മേരിഗിരി ആശുപത്രി ജങ്ഷൻ എന്നിവിടങ്ങളിൽ എത്തിച്ചേരേണ്ട സമയം –10:45 AM

സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ പരി. കുർബാനയ്ക്കായി എത്തിച്ചേരേണ്ട സമയം –11:45 AM

**3rd Batch**

തുടങ്ങനാട് (വട്ടോളിക്കടവിൽനിന്നും).

ഇലഞ്ഞി, കടപ്ലാമറ്റം, കടുത്തുരുത്തി, കൊഴുവനാൽ, മുട്ടുചിറ – (മേരിഗിരി ജങ്ഷനിൽ നിന്നും)

വട്ടോളികടവ്, മേരിഗിരി ആശുപത്രി ജങ്ഷൻ എന്നിവിടങ്ങളിൽ എത്തിച്ചേരേണ്ട സമയം –12:30 PM

സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ പരി.കുർബാനയ്ക്കായി എത്തിച്ചേരേണ്ട സമയം –1:30 PM

**4th Batch**

ഭരണങ്ങാനം, പൂഞ്ഞാർ (വട്ടോളികടവിൽനിന്നും).

രാമപുരം, കുറവിലങ്ങാട് (മേരിഗിരി ജങ്ഷനിൽനിന്നും)

വട്ടോളികടവ്, മേരിഗിരി ആശുപത്രി ജങ്ഷൻ എന്നിവിടങ്ങളിൽ എത്തിച്ചേരേണ്ട സമയം –2:00 PM

സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ പരി.കുർബാനയ്ക്കായി എത്തിച്ചേരേണ്ട സമയം - 3:00 PM

**മിഷൻ ക്വസ്റ്റ്**

ആഗോളതലത്തിൽ വിവിധ ഭാഷകളിലായി നടത്തപ്പെടുന്ന Mission Quest എന്ന ഓൺലൈൻ Quiz competition അഞ്ചാം പതിപ്പ് ഈ വർഷം നവംബർ 08 ന് ഇന്ത്യൻസമയം വൈകുന്നേരം 6 മണിക്കാണു നടത്തപ്പെടുന്നത്.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**രൂപത എക്സിക്യൂട്ടീവും മാനേജിങ് കമ്മിറ്റിയും**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ എക്സിക്യൂട്ടീവ് യോഗം സെപ്റ്റംബർ മാസം 7-ാം തീയതിയും രണ്ടാമത് മാനേജിങ് കമ്മിറ്റി യോഗം സെപ്റ്റംബർ മാസം 20-ാം തീയതിയും നടന്നു.

**രൂപത സീനിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ 2025-2026 പ്രവർത്തനവർഷത്തിലെ രൂപത സീനിയേഴ്സ് ക്യാമ്പ് സെപ്റ്റംബർ മാസം 1, 2 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപതയിലെ വിവിധ ശാഖകളിൽനിന്നായി 133 കുട്ടികൾ പങ്കെടുത്തു.

**സംസ്ഥാന മാനേജിങ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ ആർപ്പൂക്കര ചെറുപുഷ്പദേവാലയത്തിൽവച്ചു നടന്ന സംസ്ഥാന മാനേജിങ് കമ്മിറ്റിയോഗത്തിലും റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണത്തിലും രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ, റവ. ഫാ. അബ്രഹാം ഈറ്റയ്ക്കക്കുന്നേൽ അനുസ്മരണങ്ങൾ**

റവ.ഫാ.ജോസഫ് മാലിപ്പറമ്പിൽ റവ.ഫാ.അബ്രഹാം ഈറ്റയ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണം ഭരണങ്ങാനം മാതൃഭവനിൽ വച്ച് സെപ്റ്റംബർമാസം 20-ാം തീയതി നടന്നു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിങ്**

സെപ്റ്റംബർ 11 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3. 30 മുതൽ 5.00 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ജോർജ് പുല്ലുകാലായിലച്ചന്റെയും അസി. ഡയറക്ടർ ആൽബിനച്ചന്റെയും നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. പ്രസിഡന്റ് ജിജോ മാത്യു സ്വാഗതം ആശംസിച്ചു. സെപ്റ്റംബർ 13 ന് നടക്കുന്ന കെ.സി.എസ്.എൽ രൂപതാ സാഹിത്യോത്സവത്തിനുവേണ്ടി ചെയ്യേണ്ട ക്രമീകരണങ്ങളെക്കുറിച്ചു ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു.

**രൂപതാ സാഹിത്യോത്സവം**

ഈ വർഷത്തെ കെ.സി.എസ്.എൽ രൂപതാ സാഹിത്യോത്സവം സെപ്റ്റംബർ 13 ശനിയാഴ്ച പാലാ കാർമ്മൽ പബ്ലിക് സ്കൂളിൽ വച്ച് രാവിലെ 10.00 മണിമുതൽ ഉച്ചയ്ക്ക് 1.00 മണിവരെ നടത്തപ്പെട്ടു. കഥ, കവിത, ഉപന്യാസം, ചിത്രരചന, ബൈബിൾ ക്വിസ്, കെ.സി.എസ്.എൽ ക്വിസ്, സ്കോളർഷിപ്പ് എന്നീ മത്സരങ്ങളാണ് നടന്നത്. യു.പി, എച്ച്. എസ്,എച്ച്.എസ്.എസ് വിഭാഗങ്ങളിൽനിന്നായി 1200 ൽപരം കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു.

**കൈയെഴുത്തുമാസിക മത്സരം**

സാഹിത്യോത്സവത്തോടനുബന്ധിച്ചു നടത്തുന്ന കൈയെഴുത്തു മാസികമത്സരം സെപ്റ്റംബർ 20 ശനിയാഴ്ച പാലാ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് രാവിലെ 9.30 മുതൽ 12. 30 വരെ നടത്തപ്പെട്ടു. 170 കുട്ടികൾ യു.പി,എച്ച്.എസ്,എച്ച്.എസ്.എസ് വിഭാഗങ്ങളിൽനിന്നായി പങ്കെടുത്തു.

**അൽഫോൻസാ കളറിങ് - രൂപതാതലമത്സരം**

ഈ വർഷത്തെ അൽഫോൻസാ കളറിങ് രൂപതാതലമത്സരം പാലാ സെന്റ് മേരീസ് ഹയർസെക്കൻഡറിസ്കൂളിൽവച്ച് ഉച്ചകഴിഞ്ഞ് 1.00 മണിമുതൽ 3.00 മണിവരെ നടത്തപ്പെട്ടു. സ്കൂൾതലത്തിൽ ഓരോ വിഭാഗത്തിൽനിന്നും ഫസ്റ്റ് കിട്ടിയ കുട്ടികളാണ് രൂപതാതലമത്സരത്തിൽ പങ്കെടുത്തത്.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**അഭിനന്ദനങ്ങൾ**

FIMCAP ലെ പുതിയ അംഗമായി സീറോ മലബാർ യുവജനപ്രസ്ഥാനം (SMYM Global) തിരഞ്ഞെടുക്കപ്പെട്ടു.

അഖിലലോകകത്തോലിക്കാമുന്നേറ്റമായ FIMCAP ലെ പുതിയ അംഗമായി സീറോ മലബാർ യുവജനപ്രസ്ഥാനം എസ്എംവൈഎം തിരഞ്ഞെടുക്കപ്പെടാൻ നേതൃത്വം നൽകിയ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കലിനെ എസ്എംവൈഎം പാലാ രൂപതയുടെ അനുമോദനസമ്മേളനത്തിൽ പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആദരിച്ചു.

**എസ്.എം.വൈ.എം. പാലാ രൂപത ക്രിക്കറ്റ് ടൂർണമെന്റ്**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം. - കെ.സി. വൈ.എം. പാലാ രൂപതയുടെയും, എസ്എംവൈഎം കുറവിലങ്ങാട് ഫൊറോനയുടെയും, കുറവിലങ്ങാട് യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ സെന്റ് ജോൺ പോൾ സെക്കൻഡ് മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെന്റ് നടത്തപ്പെട്ടു. കുറവിലങ്ങാട് ദേവമാതാ കോളജ് ഗ്രൗണ്ടിൽ നടന്ന ടൂർണമെന്റ് കുറവിലങ്ങാട് ഫൊറോനാപള്ളിവികാരി റവ. ഫാ. ഡോ. തോമസ് മേനാച്ചേരി ഉദ്ഘാടനം ചെയ്തു. പതിനഞ്ചോളം ടീമുകൾ മാറ്റുരച്ച ടൂർണമെന്റിൽ മൂലമറ്റം ഫൊറോനയിലെ വെള്ളിയാമറ്റം യൂണിറ്റ് ചാമ്പ്യന്മാരായി. തീക്കോയി ഫൊറോനയിലെ ശാന്തിഗിരി യൂണിറ്റ്, ഇലഞ്ഞി ഫൊറോന ടീം എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. കുറവിലങ്ങാട് ഫൊറോന പള്ളി അസി. വികാരി ഫാ. തോമസ് താന്നിമല ട്രോഫികൾ വിതരണം ചെയ്തു. എസ്എംവൈഎം രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ചൂരയ്ക്കൽ, രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ജോസഫ് വടക്കേൽ, ജോർജ് കുര്യൻ, സെബാസ്റ്റ്യൻ തോമസ് എന്നിവർ നേതൃത്വം നൽകി.

**എസ്എംവൈഎം പാലാ രൂപത ബാഡ്മിന്റൺ ടൂർണമെന്റ്**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപതയുടെയും, എസ്എംവൈഎം കടുത്തുരുത്തി ഫൊറോനയുടെയും, കടുത്തുരുത്തി യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ പാറേമ്മാക്കൽ മാർ തോമാ ഗോവർണ്ണദോർ മെമ്മോറിയൽ ബാഡ്മിന്റൺ ഡബിൾസ് ടൂർണമെന്റ് നടത്തപ്പെട്ടു. മുപ്പതോളം ടീമുകൾ

മാറ്റുരച്ച ടൂർണ്ണമെന്റ് പുരുഷവിഭാഗത്തിൽ, ഇലഞ്ഞി ഫൊറോനയിലെ മുളക്കുളം യൂണിറ്റ് ചാമ്പ്യന്മാരായി. മൂലമറ്റം ഫൊറോനയിലെ വെള്ളിയാമറ്റം യൂണിറ്റ്, കടപ്ലാമറ്റം ഫൊറോനയിലെ കൂടല്ലൂർ യൂണിറ്റ് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വനിതാവിഭാഗത്തിൽ കോതനല്ലൂർ ഫൊറോനയിലെ മണ്ണാറപ്പാറ യൂണിറ്റ് ചാമ്പ്യൻമ്മാരായി. പൂഞ്ഞാർ ഫൊറോനയിലെ പെരിങ്ങുളം യൂണിറ്റ്, കുറവിലങ്ങാട് ഫൊറോനയിലെ മണ്ണയ്ക്കനാട് യൂണിറ്റ് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കടുത്തുരുത്തി ഫൊറോന പള്ളി വികാരി ഫാ. മാത്യു ചന്ദ്രൻകുന്നേൽ ട്രോഫികൾ വിതരണം ചെയ്തു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഫൊറോന ഡയറക്ടർ ഫാ. അബ്രാഹം പെരിയപ്പുറത്ത്, ഫാ. ജോൺ നടുത്തടം, രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ഫാബിയോ ബി ഒഴാക്കൽ, ജോസഫ് വടക്കേൽ, എഡ്വിൻ ജെയ്സ് എന്നിവർ നേതൃത്വം നൽകി.

**ചരിത്രമായി പാലാ രൂപത എപ്പാർക്കിയൽ യൂത്ത് അസംബ്ലി**

എസ്എംവൈഎം പാലാ രൂപതയുടെ നേതൃത്വത്തിൽ പാലാ രൂപത എപ്പാർക്കിയൽ യൂത്ത് അസംബ്ലി ഓഗസ്റ്റ് 31, സെപ്റ്റംബർ 1, 2 തീയതികളിൽ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെട്ടു. രൂപതയുടെ ചരിത്രത്തിൽ ആദ്യമായി നടത്തപ്പെട്ട യുവജനങ്ങളുടെ ആത്മീയ - സാമൂഹിക - ബൗദ്ധിക സംഗമമായ എപ്പാർക്കിയൽ യൂത്ത് അസംബ്ലിയിൽ യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെടുകയും പരിഹാരമാർഗങ്ങൾ നിർദേശിക്കപ്പെടുകയും ചെയ്തു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, രൂപതയുടെ മുഖ്യവികാരി ജനറാൾ ഡോ. ജോസഫ് തടത്തിൽ, വികാരി ജനറാൾമാരായ റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, റവ. ഫാ. ജോസഫ് കണിയോടിക്കൽ എന്നിവർ വിവിധ ദിവസങ്ങളിൽ യുവജനങ്ങളുമായി സംവദിച്ചു. രാഷ്ട്രീയപ്രമുഖരായ ശ്രീ ജിന്റോ ജോൺ, അഡ്വ. റോണി മാത്യു, അഡ്വ. ഷോൺ ജോർജ് എന്നിവർ മാധ്യമപ്രവർത്തകൻ ശ്രീ ടോം കുര്യാക്കോസിനൊപ്പം പാനൽചർച്ചയിൽ പങ്കെടുത്തു. സഭ, സംഘടന, രാഷ്ട്രീയം, സംരംഭകത്വം, കുടുംബം, സാങ്കേതികവിദ്യ എന്നീ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെട്ട അസംബ്ലിയിൽ സഭാതലത്തിലുള്ള മറ്റ് യുവജനസംഘടനാപ്രതിനിധികൾ, രൂപതയിലെ വിവിധ ഡിപ്പാർട്ട്മെന്റ് ഡയറക്ടർമാർ, നീതൂസ് അക്കാദമി ഡയറക്ടർ നീതു ബോബൻ എന്നിവർ വിവിധ ദിവസങ്ങളിലായി പങ്കെടുക്കുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു. അസംബ്ലിയിൽ നൂറ്റിയമ്പതിലേറെ യുവജനങ്ങൾ പങ്കെടുത്തു.

അസംബ്ലിക്ക് എസ്എംവൈഎം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, വൈസ് പ്രസിഡന്റ് ജോസഫ് വടക്കേൽ, ബിൽനാ സിബി, ബെനിസൺ സണ്ണി, എഡ്വിൻ ജെയ്സ് തുടങ്ങിയവർ നേതൃത്വം നൽകി.

**മെഡിസിറ്റിയുടെ ജൂബിലി സമ്മാനം : യുവജനങ്ങൾക്കായി പ്രിവിലേജ് കാർഡ്**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപത, പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ, പാലാ രൂപത യുവജനപ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിക്കുന്ന യുവജനങ്ങൾക്കായി യൂത്ത് പ്രിവിലേജ് കാർഡ് പുറത്തിറക്കി. പ്രിവിലേജ് കാർഡ് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എസ്എംവൈഎം പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിലിനു നൽകി പ്രകാശനം ചെയ്തു. രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു തുടക്കമിടുന്ന പ്രിവിലേജ് കാർഡ് വഴി മെഡിസിറ്റിയിലെ സേവനങ്ങൾക്ക് നിശ്ചിതശതമാനം ഇളവുകൾ രൂപതയിലെ എണ്ണൂറോളം യുവജനങ്ങൾക്കു ലഭിക്കും.

മാർ സ്ലീവാ മെഡിസിറ്റി ഡയറക്ടർ ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, എസ്എംവൈഎം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ഓഫീസ് സെക്രട്ടറി ഡോൺ ജോസഫ് സോണി എന്നിവർ പ്രസംഗിച്ചു.

**കെസിവൈഎം കേരള നവീകരണയാത്രയ്ക്ക് പാലായിൽ സ്വീകരണം**

കെസിവൈഎം സംസ്ഥാനസമിതിയുടെ കേരള നവീകരണ യാത്രയ്ക്ക് പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപത പാലായിൽ സ്വീകരണം നൽകി. 'യുവത്വത്തിന്റെ കണ്ണിലൂടെ, കേരളസമൂഹത്തിന്റെ വികസനം' എന്ന ആപ്തവാക്യവുമായി കെസിവൈഎം സംസ്ഥാനപ്രസിഡന്റ് എബിൻ കണിവയലിന്റെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തുന്ന യാത്രയുടെ ഭാഗമായി പാലാ കുരിശുപള്ളി ജങ്ഷനിലാണ് സ്വീകരണം നൽകിയത്. ലഹരിക്കെതിരേ പോരാട്ടം, യുവജനമുന്നേറ്റം, ക്രൈസ്തവ പീഡനങ്ങൾക്കെതിരേ, മലയോരതീരദേശ ദളിത് അവകാശസംരക്ഷണം, വർഗീയതയ്ക്കെതിരേ വികസനരേഖ തയ്യാറാക്കൽ, ഭരണഘടന അവകാശ സംരക്ഷണം തുടങ്ങിയ ലക്ഷ്യങ്ങൾ ഉയർത്തിപ്പിടിച്ചാണ് കേരള നവീകരണയാത്ര നടത്തുന്നത്.

എസ്എംവൈഎം പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗം കെസിവൈഎം മുൻ സംസ്ഥാന പ്രസിഡന്റ് സാജു അലക്സ് ഉദ്ഘാടനം ചെയ്തു. എസ്എംവൈഎം ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, കെസിവൈഎം സംസ്ഥാന ഡയറക്ടർ ഫാ. ഡിറ്റോ കൂള, എസ്എംവൈഎം രൂപത ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, കെസിവൈഎം സംസ്ഥാന ജനറൽ സെക്രട്ടറി ജോബിൻ ജോസ്, സെക്രട്ടറിമാരായ വിപിൻ ജോസഫ്, ജോസ്മി മരിയ ജോസ്, സനു സാജൻ, എബിൻ കല്ലറയ്ക്കൽ, ഡോൺ ജോസഫ് സോണി എന്നിവർ പ്രസംഗിച്ചു.

**മുത്തിയമ്മയുടെ സന്നിധിയിലേക്ക് പദയാത്രയുമായി എസ്എംവൈഎം**

എസ്എംവൈഎം പാലാ രൂപതയുടെയും കുറവിലങ്ങാട് ഫൊറോനയുടെയും കുറവിലങ്ങാട് യൂണിറ്റിന്റെയും നേതൃത്വത്തിൽ, മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് മരിയൻപദയാത്ര നടത്തി. പകലോമറ്റം തറവാട് പള്ളിയിൽനിന്നു കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം അർക്കദിയാക്കോൻ തീർത്ഥാടനപ്പള്ളി വരെ നടത്തപ്പെട്ട പദയാത്രയ്ക്ക് കുറവിലങ്ങാട് ഫൊറോന പള്ളി ആർച്ചു പ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. തുടർന്ന് വിശുദ്ധ കുർബാനയും നേർച്ചവിതരണവും നടത്തപ്പെട്ടു.

എസ്എംവൈഎം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ചൂരയ്ക്കൽ, രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ജോർജ് കുര്യൻ, സെബാസ്റ്റ്യൻ പൊയ്യാനി, എബിൻ കല്ലറയ്ക്കൽ, ബിയോ ബെന്നി, മിജോ ജോയി എന്നിവർ പദയാത്രയ്ക്കു നേതൃത്വം നൽകി.

**എസ്എംവൈഎം പാലാ രൂപതയുടെ കരുതൽപദ്ധതിക്കു തുടക്കം**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം, പാലാ മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ച് നടത്തുന്ന ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപദ്ധതി 'കരുതൽ' നു തുടക്കം. ആദ്യപരിശീലനം എസ്എംവൈഎം രാമപുരം ഫൊറോനയുടെയും, ചക്കാമ്പുഴ യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ ചക്കാമ്പുഴ ലൊരേത്തു മാതാ പള്ളിഹാളിൽ വച്ചു നടത്തപ്പെട്ടു. എസ്എംവൈഎം രാമപുരം ഫൊറോന പ്രസിഡൻറ് ജെഫിൻ റോയി അധ്യക്ഷത വഹിച്ച യോഗം, എസ്എംവൈഎം പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ ഉദ്ഘാടനം ചെയ്തു. രൂപത ട്രഷറർ എഡ്വിൻ ജെയ്സ്, സെക്രട്ടറി ബെനിസൺ സണ്ണി, ചക്കാമ്പുഴ യൂണിറ്റ് പ്രസിഡന്റ് ജിബിൻ തോമസ്, നീതു ജോർജ്, ക്രിസ്റ്റി എന്നിവർ പ്രസംഗിച്ചു.

**നിഖ്യാ സൂനഹദോസ് വാർഷികാചരണം : പഠനശിബിരം നടത്തി**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസി വൈഎം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ, നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികാചാരണവും, പഠനശിബിരവും നടത്തി. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. വിശ്വാസം ജീവിതബന്ധിയാകണമെന്നും, കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ യുവജനങ്ങൾ പ്രാപ്തരാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന പഠന ശിബിരം പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി അധ്യാപകനും പണ്ഡിതനുമായ റവ. ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ നയിച്ചു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ജോയിന്റ് ഡയറക്ടർ സി. നവീന സിഎംസി, ജോസഫ് വടക്കേൽ, എഡ്വിൻ ജെയ്സ്, മിജോ ജോയി, എബിൻ കല്ലറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. രൂപതയിലെ വിവിധ യൂണിറ്റുകളിൽനിന്നു നൂറോളം യുവജനങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

**പ്രാർത്ഥനാശംസകൾ**

കല്യാൺ രൂപതയുടെ നിയുക്തമെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിന് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ!

മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിൽനിന്നും ഹെവ്പദ്യാക്കനൂസാപട്ടം സ്വീകരിച്ച ബ്രദർ ജെയിംസ് ആലിൻചുവട്ടിലിന് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ നേർന്നു.

**ആദരാഞ്ജലികൾ**

മാനന്തവാടി, താമരശ്ശേരി രൂപതകളുടെ മുൻ ഇടയനും, തൃശ്ശൂർ അതിരൂപത മുൻ മെത്രാപ്പോലീത്തയുമായിരുന്ന മാർ ജേക്കബ് തൂങ്കുഴിപ്പിതാവിന് ആദരാഞ്ജലികൾ നേർന്നു.

**അഭിനന്ദനങ്ങൾ**

ഭാരതത്തിന്റെ വലിയ മല്പാൻ പദവി ലഭിച്ച കൂനമ്മാക്കൽ തോമാ കത്തനാർക്ക് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ!

**എസ്എംവൈഎം പാലാ രൂപതയുടെ 'വർത്തമാനം' പ്രോജക്ട് സമാപിച്ചു**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ഫൊറോനാഘടകങ്ങളെ ശക്തിപ്പെടുത്തുക എന്ന ആശയത്തെ ലക്ഷ്യമാക്കി പാലാ രൂപത യുവജനപ്രസ്ഥാനം മുന്നോട്ടുവച്ച 'വർത്തമാനം' പ്രോജക്ട് സമാപിച്ചു. രൂപ

താസമിതിയും ഫൊറോനകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക, യൂണിറ്റ് തലത്തിൽ സംഘടനയുടെ അടിത്തറ ബലപ്പെടുത്തുക തുടങ്ങി മുന്നോട്ടുവച്ച ലക്ഷ്യങ്ങളെ പൂർത്തീകരിക്കുവാൻ ഫൊറോന സന്ദർശന പ്രോജക്ടിലൂടെ സാധിച്ചു. അരുവിത്തുറ, ഭരണങ്ങാനം, ചേർപ്പുങ്കൽ, ഇലഞ്ഞി, കടനാട്, കടപ്ലാമറ്റം, കടുത്തുരുത്തി, കൂത്താട്ടുകുളം, കോതനല്ലൂർ, കൂട്ടിക്കൽ, കൊഴുവനാൽ, കുറവിലങ്ങാട്, മൂലമറ്റം, മുട്ടുചിറ, പാലാ, പൂഞ്ഞാർ, പ്രവിത്താനം, രാമപുരം, തീക്കോയി, തുടങ്ങനാട് ഫൊറോന കേന്ദ്രങ്ങളിൽ നടത്തപ്പെട്ട സന്ദർശനങ്ങൾ ആറുമാസമെടുത്താണു പൂർത്തീകരിച്ചത്. കൂത്താട്ടുകുളം തിരുക്കുടുംബ ഫൊറോന പള്ളിയിൽ നടന്ന സമാപനത്തിന് രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഫാ. ജോസഫ് മരോട്ടിക്കൽ, രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ഫൊറോന പ്രസിഡന്റ് ഷിൽന ഷൈജു, റോബിൻ റ്റി. ജോസ് താന്നിമല, എബിൻ കല്ലറയ്ക്കൽ, അഡോൺ സണ്ണി തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1)** 02/9/2025 ചൊവ്വ വൈകുന്നേരം 3.30 നു കുന്നോന്നി സെന്റ് ജോസഫ് ഇടവകയിലെ കുടുംബക്കൂട്ടായ്മാഭാരവാഹികൾക്ക് ജീവമന്നയെക്കുറിച്ചു ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് ക്ലാസുകൾ നയിച്ചു. വികാരി റവ. ഫാ. മാത്യു പീടികയിൽ അധ്യക്ഷത വഹിച്ചു.

**2)** 06/09/2025 കൂത്താട്ടുകുളം ഹോളി ഫാമിലി ഇടവകയിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്ക് ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് ക്ലാസ് നയിച്ചു. വികാരി വെരി. റവ. ഫാ. ജെയിംസ് കുടിലിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അസിസ്റ്റന്റ് വികാരി റവ. ഫാ. ജോസഫ് മരോട്ടിക്കൽ സ്വാഗതം ആശംസിച്ചു.

**3)** 07/09/2025 ഞായർ സിബിഗിരി മുട്ടം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ കുടുംബക്കൂട്ടായ്മകളുടെ നേതൃത്വത്തിലുള്ള സമുദായസമ്മേളനത്തിൽ ഫാ. ജോസഫ് അരിമറ്റത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

**4)** 12/09/2025 വെള്ളി 6.30 pm ന് കുറവിലങ്ങാട് ജയ്ഗിരി ഇടവകയിലെ കുടുംബക്കൂട്ടായ്മ വാർഡ്തല ക്ലാസുകൾ വികാരി റവ.ഫാ. തോമസ് മലയിൽപുത്തൻപുരയുടെ പ്രാർത്ഥനാശീർവാദത്തോടെ ആരംഭിച്ചു.

**5)** 13/09/2025 ശനിയാഴ്ച 6.30pm ന് കുറവിലങ്ങാട് ജയ്ഗിരി ഇടവകയിലെ എല്ലാവാർഡുകളിലും കുടുംബക്കൂട്ടായ്മ രൂപതാറിസോഴ്സ്ടീമംഗങ്ങൾ ക്ലാസെടുത്തു.

**6)** 14/09/2025 ഞായർ 5.15 ന് കടപ്ലാമറ്റം ഇടവകയിലെ കുടുംബക്കൂട്ടായ്മ വാർഡുതലക്ലാസുകൾക്ക് വികാരി വെരി. റവ.ഫാ. ജോസഫ് മുളഞ്ഞനാലിന്റെ പ്രാർത്ഥനയോടെ തുടക്കംകുറിച്ചു.

**7)** 21/09/2025 ഞായർ 5 pm ന് തീക്കോയി ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്ക് രൂപത ഡയറക്ടർ റവ.ഫാ.ജോസഫ് ക്ലാസുകൾനയിച്ചു. വികാരി വെരി. റവ.ഫാ. ജോർജ് വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ചു. അസി.വികാരി ഫാ. തോമസ് വാഴയിൽ സ്വാഗതം ആശംസിച്ചു.

**8)** 21/09/2025 5.15 pm ന് കടപ്ലാമറ്റം ഇടവകയിലെ രൂപത റിസോഴ്സ് ടീം നേതൃത്വം കൊടുക്കുന്ന കുടുബക്കൂട്ടായ്മയുടെ വാർഡുതലക്ലാസുകൾ എല്ലാ വാർഡുകളിലും നടന്നു. വികാരി വെരി. റവ. ജോസഫ് മുളഞ്ഞനാലിന്റെ പ്രാർത്ഥനയോടെ ക്ലാസുകൾ സമാപിച്ചു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ.ആൽവിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

സെപ്റ്റംബർ 09-11, 30-2 തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 205 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

ഒക്ടോബർ 13-15, 30-നവംബർ 2, നവംബർ 07-09, 21-23 എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

സെപ്റ്റംബർമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഫാ. തോമസ് വടക്കേൽ ക്ലാസ്സെടുത്തു. 402 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

### 4. ഓണാഘോഷം

സെപ്റ്റംബർ 4-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ ഓണാഘോഷപരിപാടികൾ നടത്തി. ഫാമിലി അപ്പോസ്തലേറ്റിന്റെ സ്റ്റാഫ് അംഗങ്ങൾ എല്ലാ പരിപാടിയിലും സജീവമായി പങ്കെടുത്തു.

## B. പിതൃവേദി

### 1. ഓണാഘോഷം

സെപ്റ്റംബർ 6-ാം തീയതി കോതനല്ലൂർ ഫെറോന പള്ളിയിൽവച്ച് പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട എൽഡേഴ്സ് ഓണാഘോ

ഷമീറ്റിങ്ങിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്ത് സന്ദേശം നൽകി. 75 വയസ്സിനു മുകളിൽ പ്രായമായ186 പേർ പങ്കെടുത്ത പരിപാടി ഫൊറോനവികാരി റവ. ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**2. എട്ടുനോമ്പാചാരണം**

സെപ്റ്റംബർ 7-ാം തീയതി എട്ടുനോമ്പു തിരുനാളിനോടനുബന്ധിച്ച് കുറവിലങ്ങാട് ഇടവകയിലേക്ക് പിതൃവേദി പാലാ രൂപതയുടെയും കുറവിലങ്ങാട് മേഖലയുടെയും നേതൃത്വത്തിൽ നടത്തിയ തീർത്ഥാടനത്തിൽ 350 പേർ പങ്കെടുത്തു. തുടർന്ന് 3.30 ന് നടന്ന പരിശുദ്ധ കുർബാനയ്ക്ക് ഫാമിലി അപ്പോസ്തലേറ്റ് അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മാത്യു മുതുപ്ലാക്കൽ കാർമികത്വം വഹിച്ചു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദേശം നൽകി. കുറവിലങ്ങാട് പള്ളി ആർച്ചുപ്രീസ്റ്റ് റവ.ഡോ. തോമസ് മേനാച്ചേരി ഏവർക്കും സ്വാഗതം ആശംസിച്ചു.

**3. രൂപതാസമിതി**

ഓഗസ്റ്റ് 24-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ടിന്റെ അധ്യക്ഷതയിൽ കൂടി പരിപാടികളെക്കുറിച്ചു ചർച്ച ചെയ്തു. മുഖ്യപ്രഭാഷണം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നടത്തി.

## C. മാതൃവേദി

**1. വനിതാഫോറം**

സെപ്റ്റംബർ ഒന്നാംതീയതി താമരശ്ശേരിയിൽ നടന്ന വനിതാഫോറം പരിപാടിയിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ 4 അംഗങ്ങൾ പങ്കെടുത്തു.

**2. വനിതാസംഗമം**

സെപ്റ്റംബർ 2-ാം തീയതി മാതൃവേദി പൂഞ്ഞാർ മേഖലയുടെ നേതൃത്വത്തിൽ നടന്ന വനിതാസംഗമം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തദവസരത്തിൽ മേഖലാപ്രസിഡന്റായി പുതുതായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ലിജിക്ക് ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**3. വിധവാസംഗമം**

സെപ്റ്റംബർ 3-ാം എട്ടുനോമ്പിന്റെ ഭാഗമായി മുട്ടുചിറ ഇടവകയിൽവച്ചു നടത്തപ്പെട്ട വിധവാസംഗമം ഡയറക്ടർ റവ. ഫാ. ജോസഫ്

നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വടവാതൂർ സെമിനാരി ബൈബിൾ പ്രൊഫസർ റവ.ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ ക്ലാസ്സിനു നേതൃത്വം നൽകി. മുട്ടുചിറ ഫൊറോനയിലെ എല്ലാ പള്ളികളിൽ നിന്നുമായി 140 പേർ സമ്മേളനത്തിൽ പങ്കെടുത്തു.

**4. എട്ടുനോമ്പാചരണം**

സെപ്റ്റംബർ 8-ാം തീയതി എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് വിവിധ യൂണിറ്റുകളിൽ മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ കൊന്തനമസ്കാരം നടന്നു.

**5. രൂപതാസമിതി**

സെപ്റ്റംബർ 15 ന് രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി നടത്തപ്പെട്ടു. സമിതിയംഗങ്ങളെല്ലാവരും പങ്കെടുക്കുകയും കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തു.

**6. ക്ലാസ്സ്**

സെപ്റ്റംബർ 18-ാം തീയതി മാർസ്ലീവാ ക്യാൻസർ സെന്ററിന്റെ പ്രവർത്തനകാര്യങ്ങൾ വിശദീകരിക്കുന്ന ക്ലാസ്സിൽ മാതൃവേദിയുടെ നേതൃത്വത്തിൽ 65 പേർ പങ്കെടുത്തു.

**7. അവലോകനയോഗം**

സെപ്റ്റംബർ 30-ാം തീയതി രാമപുരത്തു വച്ചു നടക്കുന്ന കുഞ്ഞച്ചൻ തീർത്ഥാടനത്തിന്റെ ക്രമീകരണത്തെ സംബന്ധിച്ച ഒരു അവലോകനയോഗം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കലിന്റെ നേതൃത്വത്തിൽ രാമപുരത്തുവച്ചു നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

## D. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റാ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ ‘സീറോ മലബാർ മാട്രിമണി’ സീറോ മലബാർസഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

സെപ്റ്റംബർ 13-ാം തീയതി സീറോ മലബാർ മാട്രിമണിയുടെ എക്സിക്യൂട്ടീവ് മീറ്റിങ് കൊരട്ടി ഇൻഫോപാർക്കിൽ വച്ചു നടന്നു. പുതിയ

പാക്കേജുകളെക്കുറിച്ചുള്ള ചർച്ചയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സജീവമായി പങ്കെടുത്തു.

**3. സ്റ്റാഫ് മീറ്റിങ്**

സെപ്റ്റംബർ 22-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസുകൾ നടത്തപ്പെടുന്നു. സെപ്റ്റംബർ 16-ാം തീയതി മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന കേക്കുനിർമ്മാണ ക്ലാസ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു. ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക.
വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ - 7306293048.

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായ പദ്ധതിയായ മംഗല്യനിധി വഴി മാൻവെട്ടം ഇടവകയിലെ പെൺകുട്ടിക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)**

## കത്തോലിക്കാ കോൺഗ്രസ്

**നേതൃത്വപരിശീലനശില്പശാല**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതിയുടെ നേതൃത്വത്തിൽ പാലാ രൂപതയിലെ യൂണിറ്റ്, ഫൊറോന, രൂപത ഭാരവാഹികൾക്കുവേണ്ടി 'സമുദായശക്തീകരണം രാഷ്ട്രപുരോഗതിക്ക്' എന്ന തീം ആസ്പദമാക്കി നേതൃത്വപരിശീലനശില്പശാല നടത്തി. ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തിയ ശില്പശാല ഗ്ലോബൽപ്രസിഡന്റ് ശ്രീ രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവൽ

നിധീരി അധ്യക്ഷതവഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രഭാഷണം നടത്തി. ഗ്ലോബൽ ജനറൽ സെക്രട്ടറി പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ, ട്രെയിനർ ഡോ. പീറ്റർ എം. എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജോസ് വട്ടുകുളം, ആൻസമ്മ സാബു. അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജോയി കണിപറമ്പിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**അനുസ്മരണങ്ങൾ**

കരിയാറ്റി ഔസേപ്പ് മെത്രാപ്പോലീത്തയുടെ 239-ാം ചരമദിനവും പാറേമ്മാക്കൽ ഗോവർണദോറിന്റെ 290-ാം ജന്മദിനവും പ്രമാണിച്ച് അവരുടെ അനുസ്മരണങ്ങൾ നടത്തി. പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തിയ അനുസ്മരണസമ്മേളനം പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് പയസ് കവളമ്മാക്കൽ അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, അനിൽ മാനുവൽ, ജോസ് വട്ടുകുളം, ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**കുറവിലങ്ങാട് മുത്തിയമ്മ തീർത്ഥാടനം**

എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം തീർത്ഥാടനദേവാലയത്തിലേക്കു തീർത്ഥാടനം നടത്തി. രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തിയ തീർത്ഥാടനം രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി നയിച്ചു. തുടർന്ന് ജപമാലയും റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ വിശുദ്ധ കുർബാനയും അർപ്പിച്ചു. രൂപതാ, ഫൊറോനാ, യൂണിറ്റ് ഭാരവാഹികൾ നേതൃത്വ നല്കി. കുറവിലങ്ങാട് യൂണിറ്റിന്റെ നേർച്ചക്കഞ്ഞിയും ഉണ്ടായിരുന്നു.

**അവകാശസംരക്ഷണയാത്ര**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതിയുടെ നേതൃത്വത്തിൽ 'നീതി ഔദാര്യമല്ല, അവകാശമാണ്' എന്ന മുദ്രാവാക്യവുമായി ഒക്ടോബർ 13 മുതൽ 24 വരെ കാസർഗോഡ് നിന്നു തിരുവനന്തപുരത്തേക്ക് അവകാശസംരക്ഷണയാത്ര നടത്തുന്നു. മതേതരത്വം - ഭരണഘടനാസംരക്ഷണം, ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്, വന്യമൃഗആക്രമണം, ഭൂനിയമങ്ങൾ, കാർഷികോൽപന്ന വിലത്തകർച്ച, വിദ്യാഭ്യാസം, ന്യൂനപക്ഷ അവഗണന-തുടങ്ങിയ കാര്യങ്ങളിൽ സർക്കാരുകളുടെ അടിയന്തര ശ്രദ്ധയും പരിഹാരങ്ങളും ആവശ്യപ്പെട്ടുകൊണ്ടുള്ള യാത്ര കേരളത്തിലെ എല്ലാ രൂപതകളിലും എത്തിച്ചേരുന്നതാണ്.

പാല രൂപതയിൽ ഒക്ടോബർ 21 ന് എത്തിച്ചേരും. 24 ന് തിരുവനന്തപുരം സെക്രട്ടേറിയേറ്റിന്റെ പടിക്കൽ സമാപനവും നടത്തും. ശ്രീ രാജീവ് കൊച്ചുപറമ്പിൽ ജാഥാ ക്യാപ്റ്റനും ഗ്ലോബൽ രൂപത ഭാരവാഹികളും നേതൃത്വം നല്കും.

**യൂത്ത് കൗൺസിൽ - മെഗാ രക്തദാനക്ലാസ്സ്**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ പൂഞ്ഞാർ ഫൊറോനയുടെയും പൂഞ്ഞാർ യൂത്തിന്റെയും പാലാ ബ്ലഡ് ഫോറത്തിന്റെയും ഫെഡറൽ ബാങ്കിന്റെയും സഹകരണത്തോടെ മെഗാ രക്തദാനക്യാമ്പ് നടത്തി. പൂഞ്ഞാർ സെന്റ് മേരീസ് പാരീഷ്ഹാളിൽ നടത്തിയ ക്യാമ്പ് ശ്രീ ഷിബു തെക്കേമറ്റം ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ജോർജ് തൊടുവനാൽ അധ്യക്ഷത വഹിച്ചു. റവ.ഫാ. തോമസ് പനയ്ക്കക്കുഴിയിൽ, ഫാ. ജോസഫ് വിളക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ക്ലിന്റ് അരീപ്ലാക്കൽ, അരുൺ പോൾ തുടങ്ങിയവർ സംസാരിച്ചു. ചേർപ്പുങ്കൽ മാർസ്ലീവാ ഹോസ്പിറ്റൽ ടീം നേതൃത്വം നല്കി.

**ഫൊറോനാ വാർത്തകൾ**

**അരുവിത്തുറ**

പാല രൂപത പ്ലാറ്റിനം ജൂബിലിസ്മാരകമായി കത്തോലിക്കാ കോൺഗ്രസ് നിർമ്മിച്ചു നല്കുന്ന ഭവനങ്ങളിൽ രണ്ടാമത്തെ ഭവനത്തിന്റെ വെഞ്ചരിപ്പ് നടത്തി. അരുവിത്തുറ ഫൊറോനായിൽ ചെമ്മലമറ്റം ഇടവകയിൽ ശ്രീ ബെന്നി കിണറ്റുകരയുടെ നേതൃത്വത്തിൽ നിർമ്മിച്ചുനല്കിയ വീടിന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് നിർവഹിച്ചു. ചെമ്മലമറ്റം ഇടവകവികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ, റവ, ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ എന്നിവർ സഹകാർമികരായിരുന്നു. എമ്മാനുവർ നിധീരി, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, ബെന്നി കിണറ്റുകര തുടങ്ങിയവർ ആശംസകൾ നേർന്നു.

**കോതനല്ലൂർ**

പാലാ രൂപത പ്ലാറ്റിനം ജൂബിലിസ്മാരക കത്തോലിക്കാ കോൺഗ്രസ് ഭവനങ്ങളിൽ മൂന്നാമത്തെ ഭവനത്തിന്റെ വെഞ്ചരിപ്പ് നടത്തി. കോതനല്ലൂർ ഫൊറോനാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കോതനല്ലൂർ ഇടവകയിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർമ്മിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴിപ്പിൽ, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ടോം മാമലശ്ശേരിൽ എന്നിവർ സഹകാർമികരായിരുന്നു. എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം,

സി.എം. ജോർജ്, റ്റോമി കണ്ണീറ്റുമ്യാലിൽ, ജോസഫ് ചീനോത്തുപറമ്പിൽ എന്നിവർ ആശംസകൾ നേർന്നു.

**ചേർപ്പുങ്കൽ**

പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരക കത്തോലിക്കാ കോൺഗ്രസ് ഭവനങ്ങളിൽ ആറാമത്തെ ഭവനത്തിന്റെ കല്ലിടീൽ നടത്തി. ചേർപ്പുങ്കൽ ഫൊറോനാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മൂഴൂർ ഇടവകയിൽ നിർമ്മിക്കുന്ന ഭവനത്തിന്റെ കല്ലിടീൽ രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലും മൂഴൂർ ഇടവകവികാരി ഫാ. സെബാസ്റ്റ്യൻ കണിയാംപടിയും ചേർന്നു നടത്തി. ജോയി കണിപറമ്പിൽ, ജോർജ് മണിയങ്ങാട്ട്, ബേബിച്ചൻ അഴിയാത്ത്, ജോയി മൂങ്ങാമാക്കൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

**യൂണിറ്റ് വാർത്തകൾ**

**മലയിഞ്ചിപ്പാറ**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന 11-ാമത് അടുക്കളത്തോട്ടമത്സരത്തിന്റെയും മലയിഞ്ചിപ്പാറ യൂണിറ്റിന്റെ സൗജന്യപച്ചക്കറി വിത്തുവിതരണത്തിന്റെയും ഉദ്ഘാടനം അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് കുഞ്ഞുമോൻ കാഞ്ഞിരത്തുങ്കലിനു നല്കി ഉദ്ഘാടനം ചെയ്തു. വികാരി ഫാ. തോമസ് ഓലിക്കൽപുത്തൻപുര, ശ്രീ സാബു പൂണ്ടിക്കുളം എന്നിവർ ആശംസകൾ നേർന്നു.

**മഞ്ഞാമറ്റം**

മഞ്ഞാമറ്റം യൂണിറ്റിന്റെ പച്ചക്കറിവിത്തുവിതരണോദ്ഘാടനം വികാരി ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽകളപ്പുര തോമസ് ഞൊണ്ടിമാക്കലിനു നല്കിക്കൊണ്ട് നിർവഹിച്ചു. ജയിംസ് വട്ടംതൊട്ടിയിൽ, ജോയി കണിപറമ്പിൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

**കാഞ്ഞിരമറ്റം**

കാഞ്ഞിരമറ്റം യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയുടെ ശതോത്തരജൂബിലിയോടനുബന്ധിച്ച് കർഷകസംഗമം നടത്തി. വികാരി ഫാ. ജോസഫ് മണ്ണനാൽ അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന കർഷകരെയും ഉദ്യോഗസ്ഥരെയും ആദരിച്ചു. ശ്രീ മാത്തുക്കുട്ടി ഞായറുകുളം, റോബേഴ്സ് തോമസ് ഉറവിൽ, ഫാ. ജോസഫ് മഠത്തിപ്പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**പെരിങ്ങുളം**

കത്തോലിക്കാ കോൺഗ്രസ് പെരിങ്ങളം യൂണിറ്റിന്റെ വിശേഷാൽ യോഗം രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ബെന്നി തോമസ് പറത്താനത്ത് അധ്യക്ഷത വഹിച്ച്, ഫാ. ജോർജ് മടുതാവിൽ സന്ദേശം നല്കി. ജോഷി പള്ളിക്കാപറമ്പിൽ, ജോയി പിണക്കാട്ട് തുടങ്ങിയവർ സംസാരിച്ചു.

**പുതിയ യൂണിറ്റ്**

**വടകര**

കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് വടകര ഇടവകയിൽ തുടക്കം കുറിച്ചു. വികാരി ഫാ. ജോൺ പുതിയാമറ്റത്തിന്റെ അധ്യക്ഷത യിൽ കൂടിയ യോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.ഫാ. മാത്യു പനങ്കാട്ട്, ജോസ് വട്ടുകുളം, ബേബി ആലുങ്കൽ, റോയി ചുമ്മാർ തുടങ്ങിയവർ സംസാരിച്ചു.

*ഭാരവാഹികൾ*

പ്രസിഡന്റ് ശ്രീ ബേബി വെട്ടുപാറപ്പുറത്ത്
സെക്രട്ടറി - ശ്രീ സനു ജോസഫ് കണിപറമ്പിൽ
ട്രഷറർ - ശ്രീ ജോണി അഗസ്റ്റിൻ കണ്ണിത്ത്

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതിപ്രകാരം ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ എന്നിവയുടെ വിതരണം വിവിധ സോണൽ തലത്തിൽ നടത്തി. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ പദ്ധതി വലിയ സഹായകമായി.

**വിദഗ്ധസന്ദർശനങ്ങൾ**

അഗ്രിക്കൾച്ചറൽ  ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA) പ്രൊജക്റ്റ് ഡയറക്ടർ ശ്രീമതി മിനി ജോർജും സംഘവും കേരള കേര ളഗ്രോ, അഗ്രിമ സെൻട്രൽ നഴ്സറി. പാലാ സാൻതോം ഫുഡ് ഫാക്ടറി എന്നിവ സന്ദർശിച്ചു വിലയിരുത്തലുകൾ നടത്തി.

**വാർഷികാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായസംഘങ്ങളുടെ ഇടവക, ഫൊറോനതലത്തിലുള്ള വാർ

ഷികാഘോഷങ്ങൾ നടത്തപ്പെട്ടു. വാർഷികാഘോഷങ്ങളോടനുബന്ധിച്ചു വിവിധ ഫൊറോന, ഇടവകതലങ്ങളിൽ ഓണാഘോഷങ്ങളും വിവിധ മത്സരങ്ങളും നടത്തപ്പെട്ടു.

**കാന്തല്ലൂർ, വട്ടവട, പച്ചക്കറി പഴവർഗ അഗ്രിമ ഓണവിപണി**

ഗുണമേന്മയുള്ളതും വിഷരഹിതവുമായ കാന്തല്ലൂർ, വട്ടവട, പച്ചക്കറികളും പഴവർഗങ്ങളും ഭക്ഷ്യോൽപന്നങ്ങളും വിപണിയിലെത്തിക്കുന്നതിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ അഗ്രിമ ഓണവിപണി നടത്തപ്പെട്ടു. രൂപതാതല ഉദ്ഘാടനം പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ മുനിസിപ്പൽ ചെയർമാൻ തോമസ് പീറ്റർ നിർവഹിച്ചു. പി.എസ്.ഡബ്ലിയു.എസ് അസി. ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, മുനിസിപ്പൽ കൗൺസിലർ വി.സി. പ്രിൻസ്, എഫ്.പി.ഒ ഡിവിഷൻ മാനേജർ ഡാന്റീസ് കൂനാനിക്കൽ, അഗ്രിമ ചെയർമാൻ സിബി കണിയാംപടി തുടങ്ങിയവർ പ്രസംഗിച്ചു. പ്രാദേശിക അഗ്രിമ ഓണവിപണികളിലേക്കുള്ള വിതരണോദ്ഘാടനം വെള്ളികുളം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ചെയർമാൻ ജിജിമോൻ വി.റ്റി.ക്കു നൽകി മുനിസിപ്പൽ ചെയർമാൻ തോമസ് പീറ്റർ നിർവ്വഹിച്ചു. പ്രോജക്ട് ഓഫീസർമാരായ പി.വി. ജോർജ് പുരയിടം, ടോണി സണ്ണി, മാർക്കറ്റിങ് മാനേജർ ടോണി ജോസഫ്, ജോസ് നെല്ലിയാനി, ജോബി ജോസ്, ജോയി വട്ടക്കുന്നേൽ, റോണിമോൻ റോയി, ഷിൽജോ ഈറ്റയ്ക്കക്കുന്നേൽ, ജസ്റ്റിൻ ജോസഫ്, ടോണി കാനാട്ട്, അനസ് ആന്റോ, സൗമ്യാ ജയിംസ്, ആലീസ് ജോർജ്, ജയ്സി മാത്യു തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**ജൽ ജീവൻ മിഷൻ**

ജൽ ജീവൻ മിഷന്റെ മികവുറ്റ നിർവഹണ സഹായപ്രവർത്തനങ്ങൾക്ക് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിക്ക് അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ആദരസൂചകമായ മെമന്റോ ജലവിഭവവകുപ്പുമന്ത്രി ശ്രീ റോഷി അഗസ്റ്റിനിൽനിന്ന് പി.എസ്.ഡബ്ല്യു.എസ്. അസി.ഡയറക്ടർ ഫാ. ഫ്രാൻസീസ് ഇടത്തിനാലും ജൽ ജീവൻ മിഷൻ പ്രോജക്ട് മാനേജർ ഡാന്റീസ് കൂനാനിക്കലും ചേർന്ന് ഏറ്റുവാങ്ങി.

**മീൻകുഞ്ഞുങ്ങളുടെ വിതരണം**

മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും കുടുംബങ്ങളുടെ സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിന്റെയും ഭാഗമായി പാലാ അഗ്രിമയുടെ നേതൃതത്തിൽ രൂപതയുടെ വിവിധ സംഘങ്ങളിലൂടെ ഗുണമേന്മയുള്ള നല്ലയിനം മീൻകുഞ്ഞുങ്ങൾ വിതരണം ചെയ്തു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക സഹായം വിതരണം ചെയ്തു.

**അവലോകനയോഗങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയംസഹായസംഘങ്ങളുടെ അവലോകനമീറ്റിങ്ങുകൾ വിവിധ ഇടവകകളിൽ നടത്തപ്പെട്ടു. അവലോകമീറ്റിങ്ങിൽ പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം, കൃഷിസംബന്ധമായ ക്ലാസുകൾ എന്നിവ നടന്നു.

**ഹരിതം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി തേൻ സംസ്കരണകേന്ദ്രത്തിന്റെ നിർമ്മാണോദ്ഘാടനം**

നബാർഡിന്റെ അംഗീകാരത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രൂപീകൃതമായ പാലാ ഹരിതം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി അന്തീനാട് ഹണി ലാന്റിൽ ആരംഭിക്കുന്ന തേൻ സംസ്കരണകേന്ദ്രത്തിന്റെ നിർമ്മാണോദ്ഘാടനം നബാർഡ് ചീഫ് ജനറൽ മാനേജർ നാഗേഷ്കുമാർ അനുമാല നിർവഹിച്ചു. പ്രാദേശികമായി കർഷകരുടെ കൂട്ടായ്മയിൽ രൂപീകൃതമാകുന്ന കർഷക ഉൽപാദകകമ്പനികളുടെ കാർഷികസംരംഭങ്ങൾക്ക് സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുമെന്നും, കാർഷികരംഗത്തെ മൂല്യവർദ്ധിതസംരംഭങ്ങൾ കർഷകർക്കു കൂടുതൽ തൊഴിലവസരങ്ങളും അധിക വരുമാനവും ഉറപ്പുവരുത്തുന്നതായും നബാർഡ് ചീഫ് ജനറൽ മാനേജർ നാഗേഷ്കുമാർ അനുമാല അഭിപ്രായപ്പെട്ടു. കെട്ടിടത്തിന്റെ ശിലാസ്ഥാപനം വികാരി ജനറാൾ മോൺ.സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു. നബാർഡ് ജില്ലാ മാനേജർ റെജി വർഗീസ് ഓഹരി ഉടമകൾക്കുള്ള ഷെയർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ജില്ലാ പഞ്ചായത്തംഗം രാജേഷ് വാളിപ്ലാക്കൽ, ഗ്രാമപഞ്ചായത്തംഗങ്ങളായ സ്മിതാ ഗോപാലകൃഷ്ണൻ, ലിസമ്മ തോമസ്, പി.എസ്.ഡബ്ല്യു.എസ്. അസിസ്റ്റൻറ് ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഫ്രാൻസീസ് ഇടത്തിനാൽ, എഫ്.പി.ഒ ഡിവിഷൻ മാനേജർ ഡാന്റീസ് കൂനാനിക്കൽ, പാലാ ഹരിതം കർഷക കമ്പനി ചെയർമാൻ തോമസ് മാത്യു, വൈസ് ചെയർമാൻ ജിമ്മി ജോസഫ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മനു മാനുവൽ, പി.എസ്.ഡബ്ല്യു.എസ് പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടം, ഡയറക്ടർ ബോർഡംഗങ്ങളായ അനീഷ് തോമസ്, റോയി സെബാസ്റ്റ്യൻ, സോണി തോമസ്, ജോസ് ജോർജ്, സെലിൻ ജോഷി, സിൽവിയാ തങ്കച്ചൻ, എൽസി ജോൺ, പാലാ സാൻതോം എഫ്.പി.സി ചെയർമാൻ സിബി മാത്യു, പി.എസ്.ഡബ്ല്യു.എസ് പ്രോജക്ട് ഓഫീസർ ടോണി സണ്ണി, കോർഡിനേ

റ്റർമാരായ സൗമ്യ ജയിംസ്, ജിജി സിന്റോ, ശാന്തമ്മ ജോസഫ് തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം കൊടുത്തു. തേൻ സംസ്കരണകേന്ദ്ര നിർമ്മാണത്തിന് സ്ഥലം അനുവദിച്ചുതന്ന ലില്ലിക്കുട്ടി ജോൺ കാഞ്ഞിരത്തുങ്കലിനെ ചടങ്ങിൽ ആദരിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

ജപമാല തീർത്ഥാടന പദയാത്ര

പാലാ രൂപതയിലെ പ്രശസ്ത മരിയൻ തീർത്ഥാടനകേന്ദ്രമായ, കുറവിലങ്ങാട് മർത്ത്മറിയം ഫൊറോനാപള്ളിയിലെ, എട്ടുനോമ്പു തിരുനാളിനോടനുബന്ധിച്ചു 2025 സെപ്റ്റംബർ 5 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ഡി.സി.എം.എസ്. കുറവിലങ്ങാട് മേഖലാസമിതിയുടെയും, ഡി.സി.എം.എസ്. പാലാരൂപതാസമിതിയുടെയും നേതൃത്വത്തിൽ ജപമാല തീർത്ഥാടനപദയാത്ര നടത്തി. കുറവിലങ്ങാട് ദേവമാതാകോളജിന്റെ മുമ്പിൽനിന്നാരംഭിച്ച ജപമാലപ്രദക്ഷിണത്തിനു കുറവിലങ്ങാട് മേഖല ഡയറക്ടർ ഫാ. തോമസ്താന്നിമല, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, കുറവിലങ്ങാട് യൂണിറ്റ് പ്രസിഡന്റ് ശ്രീ സി. ഓ. വർക്കി, സെക്രട്ടറി ശ്രീമതി പെണ്ണമ്മ ജേക്കബ് രൂപതാകമ്മിറ്റിയംഗം ശ്രീ സണ്ണി പി.എം. എന്നിവർ നേതൃത്വം നൽകി. ജമപാലപ്രദക്ഷിണത്തിൽ 100 ഓളം ഡി.സി.എം.എസ്. പ്രവർത്തകൻ പങ്കെടുത്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി. ഡയറക്ടർ)

## കെയർ ഹോംസ്

10–9–2025 ൽ കെയർ ഹോംസ് എക്സിക്യൂട്ടീവ് മീറ്റിങ് ഷലോം പാസ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## കെ.എൽ.എം.

എം പവർ പ്രോജക്ടിന്റെ ഭാഗമായി കെ.എൽ.എം അംഗത്വമുള്ളവർക്കു നൽകുന്നതിന് 5 തയ്യൽമെഷീനുകളും 15 ആടുകളും ലഭിക്കുകയും അത് അർഹതപ്പെട്ടവർക്ക് നൽകുകയും ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**വാട്ടർ ട്രീറ്റ്മെൻറ് സിസ്റ്റം ഉദ്ഘാടനം**

സി.എസ്.ആർ പിന്തുണയിലൂടെ ഫെഡറൽ ബാങ്ക് ഹോർമിസ് ഫൗണ്ടേഷൻ ധനസഹായം നൽകുന്ന മിനിവാട്ടർ ട്രീറ്റ്മെൻറ് സിസ്റ്റം അഡാർട്ടിൽ ഇൻസ്റ്റാൾ ചെയ്തു.സെപ്റ്റംബർ 1-ാം തീയതി ഉദ്ഘാടനം നടത്തി. അഡാർട്ട് ഡയറക്ടർ ഫാദർ ജെയിംസ് പൊരുന്നോലിൽ, സീനിയർ കൗൺസിലർ ജോയി കെ മാത്യു, ഫെഡറൽ ബാങ്ക് പാലാ ബ്രാഞ്ച് ജീവനക്കാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)**

സെപ്റ്റംബർ 7,14,21,28 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം സെപ്തംബർ 13-ാം തീയതി ശനിയാഴ്ച രാവിലെ 11.30 ന് നടന്നു.

**അഡാർട്ട് സന്ദർശനം**

1. പാലാ സെന്റ് മേരിസ് സ്കൂളിലെ ഗൈഡിങ് കുട്ടികൾ അഡാർട്ട് സന്ദർശിക്കുകയും തുടർന്ന് അവർക്കുവേണ്ടി സീനിയർ കൗൺസിലർ ജോയി കെ മാത്യു ലഹരിവിരുദ്ധ ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

2. കാഞ്ഞിരത്താനം എസ്.എം.വൈ.എം. ഡയറക്ടറുടെ നേതൃത്വത്തിൽ യുവജനങ്ങൾ അഡാർട്ട് സന്ദർശിക്കുകയും. അഡാർട്ട് ഡയറക്ടർ ഫാദർ ജെയിംസ് പൊരുന്നോലിൽ അഡാർട്ടിന്റെ ചരിത്രത്തെയും, ചികിത്സാരീതികളെയും കുറിച്ചു ക്ലാസ് നയിക്കുകയും ചെയ്തു.

3. കോട്ടയം ഗവൺമെൻറ് മെഡിക്കൽ കോളജ് ബി.എസ്സി നേഴ്സിങ് ആറാം സെമസ്റ്റർ കുട്ടികളും അധ്യാപകരും അഡാർട്ട് സന്ദർശിക്കുകയും. തുടർന്ന് അഡാർട്ട് ഡയറക്ടർ ഫാ ജെയിംസ് പൊരുന്നോലിൽ, സീനിയർ കൗൺസിലർ ജോയി കെ മാത്യു എന്നിവർ ക്ലാസ് നയിക്കുകയും ചെയ്തു.

**ലോക ആത്മഹത്യാപ്രതിരോധദിനം**

ലോക ആത്മഹത്യാപ്രതിരോധദിനത്തോടനുബന്ധിച്ച് ബി.വി.എം കോളജ് മാനസികാരോഗ്യക്ലബ്ബും അഡാർട്ടുംചേർന്ന് ആത്മഹത്യാപ്രതിരോധബോധവൽക്കരണപരിപാടി സംഘടിപ്പിച്ചു രാവിലെ 11.30 മുതൽ

ബി.വി.എം വിദ്യാർത്ഥികൾക്കും അധ്യാപകർക്കുംവേണ്ടി അഡാർട്ട് സീനിയർ കൗൺസിലർ ജോയി കെ മാത്യു ആത്മഹത്യ തടയുന്ന അവബോധം, നേരത്തേയുള്ള ഇടപെടൽ, കൂട്ടായ ഉത്തരവാദിത്വം എന്നിവയിൽ ക്ലാസ് നടത്തി.

**ബോധവൽക്കരണക്ലാസ്**

പ്രവിത്താനം സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ് സ്കൂൾ പി.ടി.എ അംഗങ്ങൾക്കുവേണ്ടി അഡാർട്ട് ഡയറക്ടർ ഫാ.ജെയിംസ് പൊരുന്നോലിൽ ലഹരിവിരുദ്ധബോധവൽക്കരണക്ലാസ് നടത്തി സ്കൂൾ പി.ടി.എ അംഗങ്ങളും അധ്യാപകരും കുട്ടികളും പങ്കെടുത്തു.

**പ്രൊജക്റ്റ് കോർഡിനേറ്റർ മീറ്റിങ്**

2025 സെപ്റ്റംബർ 19 ന് ചങ്ങനാശ്ശേരി എസ്.എൽ.സി.എയിൽ നടന്ന പ്രൊജക്റ്റ് കോർഡിനേറ്റർ മീറ്റിങ്ങിൽ അഡാർട്ട് പ്രൊജക്റ്റ് കോർഡിനേറ്റർ എൻ എം സെബാസ്റ്റ്യൻ പങ്കെടുത്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2025 ഭംഗിയായി നടത്തുവാൻ സഹായിച്ച എല്ലാവർക്കും ഒത്തിരി നന്ദി. ഒക്ടോബർ 16 ന് ഫലപ്രഖ്യാപനം നടത്തുന്നതാണ്.

**ലോഗോസ് ഫാമിലി ക്വിസ്**

ലോഗോസ് ഫാമിലി രൂപതാതലമത്സരം 2025 നവംബർ 2-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെടുന്നതാണ്.

ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ

| | 1 | 2 | 3 |
|---|---|---|---|
| A | കുറവിലങ്ങാട് | അരുവിത്തുറ | രാമപുരം |
| B | സിബിഗിരി | കളത്തൂർ | കടനാട് |
| C | മുത്തോലി | ഇളന്തോട്ടം | മൂന്നിലവ് |
| D | വാരിയാനിക്കാട് | പയ്യാനിത്തോട്ടം | കയ്യൂർ |

ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച സെന്ററുകൾ

1st MSCON ചേർപ്പുങ്കൽ

2nd MMC അരുണാപുരം

3rd ഹോസ്റ്റൽ അരുണാപുരം

**ബൈബിൾ ക്ലാസ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ ക്ലാസിന്റെ സെപ്റ്റംബർ മാസത്തിലെ ക്ലാസ് 13-ാം തീയതി നടന്നു. അടുത്ത ക്ലാസ് ഒക്ടോബർ 11-ാം തീയതി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും. ഫാ. ജോർജ് പള്ളിക്കാമ്യാലിൽ നേതൃത്വം നല്കും.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

## കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സഥശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണി മുതൽ 2മണി വരെയും കരുണകൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചന പ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നി ശുശ്രുഷകൾ നടത്തപ്പെട്ടു. 2025 സെപ്റ്റംബർ മാസത്തിൽ ബ്രദർ ലിബിൻ പൊൻകുന്നം, ഫാ. ജോർജ് കാരാംവേലിൽ, സിസ്റ്റർ ലിനറ്റ് പുത്തേട്ട് SH, ഫാ. ജെയിംസ് മടിക്കാങ്കൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണംനടത്തി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവികരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥനദിനമായി പാലാ സോണിന് നല്കപ്പെട്ടിരിക്കുന്ന സെപ്റ്റംബർ 7 ന് കോതനല്ലൂർ സബ്സോണിൽ മാൻവെട്ടം സെന്റ് ജോർജ് ദൈവലയത്തിൽ വച്ച് ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥനനടത്തി. റവ. ഫാ. തോമസ് കക്കാട്ടുതടത്തിൽ (മാൻവെട്ടം സെന്റ് ജോർജ് ചർച്ച് വികാരി) തിരിതെളിച്ച് ശുശ്രുഷകൾ ഉത്ഘാടനം ചെയ്തു. ബ്രദർ ബിനു ജേക്കബ് വാഴപ്പറമ്പിൽ (സോണൽ സെക്രട്ടറി) വചനപ്രഘോഷണം നടത്തി. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോൺ, കോതനല്ലൂർ സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രുഷകൾക്ക് നേതൃത്വം നൽകി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളി വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെട്ടു.

**4.** സെപ്റ്റംബർ മാസത്തിലെ എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30ന് ഓൺ ലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5.** സെപ്റ്റംബർ19 ശനി പാലാ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് കുടുംബസംഗമം നടത്തപ്പെട്ടു. ഫാ. ജോസഫ് അരിമറ്റത്ത് വചന സന്ദേശം നൽകി. സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങളും രൂപതയിലെ മറ്റ് കരിസ്മാറ്റിക് നവീകരണശുശ്രുഷകളിലായിരിന്നവരും ഒന്നുച്ചുകൂടി വിശേഷങ്ങൾ പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അതോടൊപ്പം എല്ലാം മിനിസ്റ്ററികളും കൗൺസിലുകളും മീറ്റിങ്ങുകൾനടത്തി.

**6. ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരിക്കൽ മൂന്ന് മണിക്കൂർ സമയംവീതം 7 ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന എൽ.എസ്.എസ് സെമിനാർ പാലാ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് എല്ലാ ഞായറാഴ്ചകളിലും രണ്ടു മണിമുതൽ 5 മണി വരെയും നടന്നുകൊണ്ടിരിക്കുന്നു.

**7. രാത്രി ആരാധന**

സെപ്റ്റംബർ 27 ശനി ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മ തീർത്ഥാടന ദേവാലയത്തിൽ വച്ച് രാത്രി ആരാധന നടത്തപ്പെട്ടു.ഫാ. ജോസ് വേലശ്ശേരി ഛഎങ രമു (അസ്സിസി ധ്യാനകേന്ദ്രം ഭരണങ്ങാനം) വചന ശുശ്രൂഷയും ആരാധനയും നയിച്ചു. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നീവർ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**8. ദിവ്യകാരുണ്യ ആരാധന**

സെപ്റ്റംബർ 23 ന് തീക്കോയി സെന്റ് മേരീസ് ദൈവാലയത്തിൽ 12 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. ഈ ശുശ്രൂഷകൾക്ക് സോൺ, സബ്സോൺ സർവീസ് ടീം അംഗങ്ങൾ നേതൃത്വം നൽകി.

**9.** പാലസോൺ കെറിഗമ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 20 പാല ളാലം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് വിശ്വാസപരിശീലനകുട്ടികൾക്കായി കെറിഗ്മമിനിസ്ട്രി അംഗങ്ങളും YU4C (യൂത്ത് യുണൈറ്റഡ് ഫോർ ക്രൈസ്റ്റ്) അംഗങ്ങളും ഒന്നുചേർന്ന് ദൈവാലയത്തിലും

ക്ലാസ് റൂമിലുമായി സ്തുതി ആരാധനയും പ്രാരംഭസുവിശേഷപ്രഘോഷണവും (കെറിഗ്മ) നടത്തി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ.ആൽവിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

## ജീസസ് ഫ്രട്ടേണിറ്റി

**ഓണാഘോഷം**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളും കാഞ്ഞിരത്താനം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ച് എസ് എം വൈ എം അംഗങ്ങളും ചേർന്ന് സെപ്റ്റംബർ 1-ാം തീയതി പാലാ മീനച്ചിൽ സബ് ജയിലിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വിവിധതരം കളികളും കലാപരിപാടികളും പായസവിതരണവും നടത്തി.

**യൂണിറ്റ് സമ്മേളനം**

സെപ്റ്റംബർ 3 ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും, പ്രാർത്ഥനായോഗങ്ങളും നടത്തി.

**കൗൺസലിങ്**

സെപ്റ്റംബർ 3, 17 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിലിൽ തടവറയിലെ അന്തേവാസികൾക്കായി കൗൺസലിങ് നടത്തി.

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ബോധവൽക്കരണക്ലാസ്**

സെപ്റ്റംബർ 10, 24 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ,

അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം – സെപ്റ്റംബർ 13 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

**2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 6 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിനദൈവരാജ്യാനുഭവധ്യാനം നടത്തി.

**3.** നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്നുള്ള നിഷ്കർഷയോടെ നമ്മുടെ കർത്താവ് പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയെപ്പറ്റി, കത്തോലിക്കാത്തിരുസഭയുടെ മതബോധന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി, പ്രായോഗിക ആത്മീയപ്രസക്തിയോടെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന തിരുവചനവിചിന്തനപരമ്പര, ആഴ്ചയിൽ 3 ദിവസം വീതം, ജൂലൈ 21 ന് ആരംഭിച്ചത്, മൗണ്ട് നെബോയുടെ യൂട്യൂബ് ചാനലിൽ തുടരുന്നു.

**4.** ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 4 വരെ ജഗദൽപ്പൂർ DBS സമർപ്പിതസമൂഹത്തിലെ സിസ്റ്റേഴ്സിനായി ധ്യാനം കൊടുക്കുന്നു.

**5.** അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ & നെബോ ടീം സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 3 വരെ നെയ്യാറ്റിൻകര രൂപതയിലെ നെല്ലിമൂട് കാഞ്ഞിരംകുളം ദിവ്യകാരുണ്യ ഇടവകയിൽ ഇടവകജനത്തിനായി സായാഹ്നധ്യാനം കൊടുക്കുന്നു.

**6.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm:

ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2025 ഒക്ടോബർ 12 ഞായർ 5 pm - 18 ശനി, 9 am:

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 നവംബർ 9 ഞായർ 5 pm - 15 ശനി, 9 am:

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 ഡിസംബർ 26 വെള്ളി 5 pm 2026 ജനുവരി 1 വ്യാഴം 9 am:

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebo.online

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

15-9-2025 ൽ ഡി.എഫ് സി എക്സിക്യൂട്ടീവ് മീറ്റിങ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

**ഭാഷാപദ്ധതി**

2-9-2025ൽ എസ്.എച്ച്.യു.പി.എസ്., ഉള്ളനാട്, സെന്റ് മാത്യൂസ് എൽ.പി.സ്കൂൾ, കടനാട്, 9-9-2025 ൽ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ പെരിങ്ങുളം, സെന്റ് പോൾസ് ഹയർ സെക്കൻഡറി സ്കൂൾ വലിയകുമാരമംഗലം, 20-9-2025 ൽ സെന്റ് തോമസ് എൽ.പി.എസ്. പുള്ളിക്കാനം, ഹോളിക്രോസ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ ഭാഷാപദ്ധതി നടത്തപ്പെട്ടു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## SEPTEMBER 2025

| | | |
|---|---|---|
| 1 | 6. 00 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന യൂത്ത് എപ്പാർക്കിയൽ അസംബ്ലിയിൽ സംബന്ധിച്ചു. |
| 2 | 4.00 pm | രാമപുരത്ത് നടന്ന ബഹു. ഡോ. ജോർജ് ഞാറക്കുന്നേലച്ചനെക്കുറിച്ചുള്ള പുസ്തകപ്രകാശനത്തിൽ പങ്കെടുത്തു. |
| 3 | 3.30 pm | ചേർപ്പുങ്കൽ CML ശാഖയുടെ നേതൃത്വത്തിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 4.45 pm | ചെമ്മലമറ്റം ഇടവകയിൽ AKCC യുടെ നേതൃത്വത്തിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 4 | 2.00 pm | അരുണാപുരം ഇടവകയിൽ മനസ്സമ്മതം നടത്തി. |
| 6 | 11.00 am | ചെമ്മലമറ്റം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 2.30 pm | ബിഷപ്സ് ഹൗസിൽ നടന്ന അൽഫോൻസാ കോളജ് ഗവേണിങ്ബോഡി മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 4.30 pm | നെല്ലിയാനി ഇടവകയിൽ പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിപ്പുകർമ്മം നടത്തി. |

| | | |
|---|---|---|
| 7 | 2.00 pm | പൂവത്തോട് ഇടവകയിൽ പുതുതായി നിർമ്മിച്ച ഇടവകദൈവാലയത്തിന്റെ കൂദാശകർമ്മം നടത്തി. |
| | 4.30 pm | ബഹു. ജോർജ് ഇടയോടിയിലച്ചന്റെ മൃതസം സ്കാരശുശ്രൂഷയുടെ ദൈവാലയകർമ്മങ്ങൾ നടത്തി. |
| 08 | 10.00 am | കുറവിലങ്ങാട് പള്ളിയിൽ പരിശുദ്ധ കന്യകാമ റിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധകുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 9 | 9.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| | 3.30 pm | പാലാ സെന്റ് തോമസ് കോളജിൽ നവീകരിച്ച കമ്പ്യൂട്ടർലാബുകളുടെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| | 4.45 pm | പറത്താനം സീവ്യൂ എസ്റ്റേറ്റിൽ പുതുതായി നിർ മ്മിച്ച ഫാമുകളുടെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 10 | 8.00 am | അരമനദൈവാലയത്തിൽ ബ്ര. ആദിൽ ആലിൻ ചുവട്ടിലിന് കാറോയ, ഹെവ്പ്പദ്യാക്ക്നാപ്പട്ടം നൽകി. |
| | 5.30 pm | കടനാട് ഇടവകയിൽ പാറേമ്മാക്കൽ മാർ തോ മാകത്തനാരുടെ 290-ാമത് ജന്മദിനാഘോഷ ത്തിൽ പങ്കെടുത്തു. |
| 11 | 4.15 pm | കോതനല്ലൂർഇടവകയിൽ AKCC യുടെ നേതൃ ത്വത്തിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമാ യി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 5. 00 pm | മുട്ടുച്ചിറ ഹോളി ഗോസ്റ്റ് ഹോസ്പിറ്റലിലെ നവീ കരിച്ച ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 12 | 9.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 14 | 3.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയുടെ ആറാം വാർഷികദിനത്തിൽ കൃതജ്ഞതാബലി അർ പ്പിച്ച് വചനസന്ദേശം നൽകി. |

| | | |
|---|---|---|
| | 4.30 pm | പുതുതായി നിർമ്മിച്ച ബിഷപ് പള്ളിക്കാപ്പറമ്പിൽ എപ്പിസ്കോപ്പൽ ഗോൾഡൻ ജൂബിലി മെമ്മോറിയൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസേർച്ച് സെന്ററിന്റെ ആശീർവാദ - ഉദ്ഘാടനകർമ്മങ്ങൾ നിർവഹിച്ചു. |
| 15-19 | | വൈദികരുടെ വാർഷികധ്യാനം ആദ്യബാച്ചിൽ പങ്കെടുത്തു. |
| 16 | 7.00 pm | കുറവിലങ്ങാട് പള്ളിയിൽ സായാഹ്നപ്രാർത്ഥനയിൽ സംബന്ധിച്ചു. |
| 18 | 3.00 pm | കരൂർ ഇടവകയിൽ ഞാവള്ളിൽ ആണ്ടുക്കുന്നേൽ മെമ്മോറിയൽ ട്രസ്റ്റ് പുതുതായി നിർമ്മിച്ച 11 വീടുകളുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 4.30 pm | കോട്ടയം സീരിയിൽ റൂബി ജുബിലിസമാപനത്തിൽ പങ്കെടുത്തു. |
| 20 | 9.30 am | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന SMRC വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 21 | 4.00 pm | അന്ത്യാളം ഇടവകയിൽ വി. മത്തായിശ്ലീഹായുടെ തിരുനാൾദിനത്തിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 22- 26 | | വൈദികരുടെ വാർഷികധ്യാനം രണ്ടാം ബാച്ചിൽ പങ്കെടുത്തു. |
| 27 | 4.30 pm | കിഴതടിയൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 29 | 3.00 pm | സെന്റ് തോമസ് കോളജ് ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു. |

15-19.09.2025



22-26.09.2025



ബഹു. വൈദികരുടെ
വാർഷികധ്യാനം





18.09.2025



ഭാരതത്തിന്റെ വലിയ മല്പാൻപദവി

[illegible]

ലഭിച്ച കൂനമ്മാക്കൽ
തോമാ കത്തനാർക്ക് പാലാ
രൂപതയുടെ **അഭിനന്ദനങ്ങൾ**

ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ
നിന്നും മാനേജ്മെന്റിൽ PhD നേടിയ
ബഹു. ജേക്കബ് പേഴത്തുങ്കൽ അച്ചന്
രൂപത കുടുംബത്തിന്റെ
അഭിനന്ദനങ്ങൾ.



20.09.2025

ഹെവ്പദിയാക്നാപട്ടം
സ്വീകരിച്ച
ബ്ര. ആദിൽ
ആലിൻഞ്ചുവട്ടിലിന്
**അഭിനന്ദനങ്ങൾ**



ഹോം പാലാ

സി. എം. എൽ. ചേർപ്പുങ്കൽ

03.09.2025



03.09.2025

എ. കെ. സി. സി. അരുവിത്തുറ മേഖല



എ. കെ. സി. സി. കോതനല്ലൂർ മേഖല

11.09.2025



18.09.2025

ഞാവള്ളിൽ ആണ്ടൂക്കുന്നേൽ കരൂർ



## സ്നേഹസ്മരണയ്ക്ക്

# ഫാ. ജോർജ്
## ഇടയോടിയിൽ



നമ്മുടെ പ്രിയപ്പെട്ട ഫാ. ജോർജ് ഇടയോടിയിൽ (75) അച്ചൻ 2025 സെപ്റ്റംബർ 06 ശനിയാഴ്ച നിര്യാതനായി. ജോസഫ് - മറിയം ദമ്പതികളുടെ മകനായി 1949 ഡിസംബർ 19 ന് ജനിച്ച ബഹുമാനപ്പെട്ട അച്ചൻ പ്രാഥമികവിദ്യാഭ്യാസം ഇടമറ്റം ഗവ.സ്കൂളിലും ഹൈസ്കൂൾവിദ്യാഭ്യാസം ഭരണങ്ങാനം സെന്റ് മേരീസ് സ്കൂളിലും പൂർത്തിയാക്കി. തുടർന്ന് പാലാ രൂപതയുടെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. തത്ത്വശാസ്ത്ര - ദൈവശാസ്ത്രപഠനങ്ങൾ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ പൂർത്തിയാക്കി. 1974 ഡിസംബർ 19 ന് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ കൈവയ്പിലൂടെ പാലാ രൂപതയുടെ വൈദികനായി ഉയർത്തപ്പെട്ടു. തുടർന്ന് അറക്കുളം (1975 - 1976), രാമപുരം (1976 - 1978), ഭരണങ്ങാനം (1978 - 1980) എന്നീ ഇടവകകളിൽ സഹവികാരിയായി സേവനം ചെയ്തു. കൈപ്പള്ളി (1980 - 1983), അമ്പാറനിരപ്പേൽ (1983 - 1985), പറത്താനം (1986 - 1989), മേരിലാൻഡ് (1989 - 1995), ശാന്തിപുരം (1995 - 2000), അറക്കുളം മാർട്ടിൻ (2000 - 2005), വലവൂർ (2005 - 2010), കുറുമണ്ണ് (2010 - 2015), ചെമ്പിളാവ് (2015 - 2016) എന്നീ ഇടവകകളിൽ വികാരിയായും അച്ചൻ സേവനം ചെയ്തു. രോഗബാധിതനായ അച്ചൻ 2016 - 2017 വർഷങ്ങളിൽ ഇടമറ്റത്തും
പ്രീസ്റ്റ് ഹോമിലുമായി വിശ്രമിച്ചു. 2017 ൽ ഭരണങ്ങാനം അൽഫോൻസാ ഷ്രൈനിൽ ആധ്യാത്മികപിതാവായി നിയമിതനായ അച്ചൻ അനാരോഗ്യം നിമിത്തം ഡിസംബർ മാസത്തിൽ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ചു. 2017 മുതൽ പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വിശ്രമത്തിലായിരുന്ന അച്ചൻ 2025 സെപ്റ്റംബർ 6 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2025 സെപ്റ്റംബർ 7 ഞായറാഴ്ച വൈകുന്നേരം 4 ന് വി. കുർബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ കാർമികത്വത്തിൽ ഇടമറ്റം സെന്റ് മൈക്കിൾസ് ദൈവാലയസെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

## സ്നേഹസ്മരണയ്ക്ക്



### സി. മേരി പൊന്നാരമറ്റം SABS
**പൊന്നാരമറ്റം (85)**

| | | |
|---|---|---|
| ഇടവക | : | മരങ്ങാട്ടുപിള്ളി |
| ജനനം | : | 18.04.1945 |
| നിത്യവ്രതം | : | 23.04.1974 |
| മരണം | : | 03.09.2025 |
| മൃതസംസ്കാരം | : | പൂവക്കുളം |

സേവനമേഖലകൾ

[illegible]

## സ്നേഹസ്മരണയ്ക്ക്



### സി. റെജീന മേരി മണ്ണൂർ SH
**മണ്ണൂർ (86)**

| | | |
|---|---|---|
| ഇടവക | : | മുത്തോലി |
| ജനനം | : | 26.05.1944 |
| നിത്യവ്രതം | : | 22.05.1967 |
| മരണം | : | 15.09.2025 |
| മൃതസംസ്കാരം | : | പാലാ കത്തീഡ്രൽ |

സേവനമേഖലകൾ


[illegible]

31.08.2025

## ഇടയനടുത്ത സന്ദർശനം - കാവാലി ഇടവക















**14.09.2025**











ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയുടെ ആറാം വാർഷികത്തിൽ
ബിഷപ് പള്ളിക്കാപറമ്പിൽ എപ്പിസ്കോപ്പൽ ഗോൾഡൻ ജൂബിലി മെമ്മോറിയൽ
ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസേർച്ച് സെന്ററിന്റെ
ആശീർവാദ-ഉദ്ഘാടനകർമ്മങ്ങൾ




BISHOP PALLIKAPARAMBIL EPISCOPAL GOLDEN JUBILEE MEMORIAL

# MAR SLEEVA CANCER AND RESEARCH CENTRE